UNIVERSITY LIBRARY 20 DEC 1928 MADRAS

ഓം

# അരുണോദയം

പുസ്തകം 2. } 1104 വൃശ്ചികം. { ലക്കം 7.

## ശ്രീ
## രാമകൃഷ്ണശക്തിഷോഡശീ

അപരാ.

1. മൂകംചവാചാലയതിക്ഷണേന
ജഡംചചൈതന്യമയംതനോതി
യാ ശക്തിരാദ്യാ, ജനനീമുപാസേ
ശ്രീരാമകൃഷ്ണാകൃതിധാരിണീം താം.

2. അവ്യക്തകല്പാം പുനരേകബിന്ദു
മുച്ഛൂനതാമേത്യവിഭിന്നരൂപാം
ബിന്ദുത്രികോണാം ജനനീമുപാസേ
ശ്രീരാമകൃഷ്ണാകൃതിധാരിണീം താം.

3. ഐന്ദ്രംപദം പൂൎണ്ണശശാങ്കശൌക്ലീം
കീൎത്തിംചസൌഭാഗ്യമഹോലഭന്തേ
യൽപാദഭക്താ ജനനീമുപാസേ
ശ്രീരാമകൃഷ്ണാകൃതിധാരിണീം താം.

4. പ്രഭാതജാതാരുണരശ്മിപൂൎണ്ണാം
പ്രതപ്തചാമീകര ചാരുവൎണ്ണാം
സുധാംശുശുഭ്രാം ജനനീമുപാസേ
ശ്രീരാമകൃഷ്ണാകൃതിധാരിണീം താം.

5. യദംഘ്രിചൂൎണ്ണേഷ്വവഗാഹമാനോ
ജഗജ്ജയീരാജതി പുഷ്പബാണഃ
കാമേശ്വരീം ശ്രീജനനീമുപാസേ
ശ്രീരാമകൃഷ്ണാകൃതിധാരിണീം താം.

6. ദ്രാക്ഷാരസസ്യന്ദമരന്ദധാരാ
ഭക്തസ്യയസ്യാഃ കവിതാഃ കിരന്തി
വാഗീശ്വരീം ശ്രീജനനീമുപാസേ
ശ്രീരാമകൃഷ്ണാകൃതിധാരിണീം താം.

7. സൃഷ്ടിസ്ഥിതിപ്രക്ഷയശക്തിമന്ത-
സ്ത്രിമൂർത്തയോ യൽപ്രണതിപ്രവീണാഃ
സർവ്വേശ്വരീം താം ജനനീമുപാസേ
ശ്രീരാമകൃഷ്ണാകൃതിധാരിണീം താം.

8. ത്രിബീജമന്ത്രാം ത്രിഗുണാത്മതന്ത്രാം
ത്രിവർണ്ണദീപാം ത്രിജഗത്സ്വരൂപാം
ത്രയീമയീം ശ്രീജനനീമുപാസേ
ശ്രീരാമകൃഷ്ണാകൃതിധാരിണീം താം.

9. അഖണ്ഡമദ്വൈതമനന്തമാദ്യം
സുഖംനിരീഹം ച തദസ്മിസോഹം
യാജ്ഞപ്തിരേവം ജനനീമുപാസേ
ശ്രീരാമകൃഷ്ണാകൃതിധാരിണീം താം.

10. യൽപാദപത്മശ്രിതഹംസകോട്യൽ-
പ്രണാദഭേദാഃ ശ്രുതയസ്സമസ്താഃ
നാദാദ്യതീതാം ജനനീമുപാസേ
ശ്രീരാമകൃഷ്ണാകൃതിധാരിണീം താം.

11. കാലാതിരിക്താമപികാലരൂപാം
ലീലാർജ്ജിതാനേകശുഭാപദാനാം
സ്മേരാനനാം ശ്രീജനനീമുപാസേ
ശ്രീരാമകൃഷ്ണാകൃതിധാരിണീം താം.

12. രാമാഭിരാമാകൃതിമാശരാളീ-
സംഹാരസിംഹാരവചാപനാദാം
ത്രേതാവതീർണ്ണാം ജനനീമുപാസേ
ശ്രീരാമകൃഷ്ണാകൃതിധാരിണീം താം.

13. ശ്രീകൃഷ്ണലീലാകൃതിമേവപശ്ചാ-
ദാനന്ദിതാനമ്രജനാംമനോജ്ഞാം
ആനന്ദസാന്ദ്രാം ജനനീമുപാസേ
ശ്രീരാമകൃഷ്ണാകൃതിധാരിണീം താം.

14. കലേരധർമ്മസ്യഗളപ്രണാളീ-
സമ്മർദ്ദിയസ്യാസ്തു“ഗദാധര”ത്വം

അമോഘവീര്യാം ജനനീമുപാസേ
ശ്രീരാമകൃഷ്ണാകൃതിധാരിണീം താം.

15. ധർമ്മാഃ സമസ്താ യദനുഗ്രഹേണ
ഭുവിപ്രരോഹന്ത്യധുനാക്രമേണ
ധർമ്മസ്വരൂപാം ജനനീമുപാസേ
ശ്രീരാമകൃഷ്ണാകൃതിധാരിണീം താം,

16. ശ്രീശാരദാശക്തിമതീ വിവേകാ-
നന്ദാദിസൂനൂൻ സുഷുവേവിശിഷ്ടാൻ
യാ സർവ്വമാതാ, ജനനീമുപാസേ
ശ്രീരാമകൃഷ്ണാകൃതിധാരിണീം താം.

നിർമ്മലാനന്ദപാദാബ്ജേ
ഷോഡശീയം സമർപ്പിതാ
ഭഗവന്മഹിമാഖ്യാന
പ്രാവീണ്യായാസ്തുമേ സദാ.

കൂട്ടമത്ത് കുന്നിയൂര് കുഞ്ഞികൃഷ്ണക്കുറുപ്പ.

---

* കായിലാണ്ടി ശ്രീരാമകൃഷ്ണാശ്രമം ശിലാസ്ഥാപനദിവസം ശ്രീനിർമ്മലാനന്ദസ്വാമികളുടെ പാദാരവിന്ദത്തിൽ സമർപ്പിക്കപ്പെട്ടത്. 23—11—'28.

# മലയാളഭാഷയിലെ ലിപിപരിഷ്കാരം.

ഇന്ത്യയിൽ പല ഭാഷകളുണ്ടല്ലൊ. അവയുടെ അക്ഷരമാലകളെ ഏകീകരിയ്ക്കുന്നതു് അത്യാവശ്യമാണെന്നു് ഒരഭിപ്രായക്കാരുണ്ടു്. ഇതു് വളരെക്കാലത്തേയ്ക്കു് വിദ്വാന്മാരുടെ ചിന്താപഥത്തൂടെ സഞ്ചരിയ്ക്കുവാൻ മാത്രം പററിയ ഒരു വിഷയമാണു്. നമുക്കു തൽക്കാലം അത്രത്തോളം അഗാധമായ ആലോചനയിൽ ഏർപ്പെടേണ്ട, എന്നാൽ നമ്മുടെ മാതൃഭാഷയായ മലയാളത്തിൽ ഉപയോഗിച്ചുവരുന്ന ലിപികളെ ഒന്നു പരിഷ്കരിയ്ക്കുവാൻ കഴിയുമോ എന്നു പരീക്ഷിയ്ക്കേണ്ടതു് അത്യാവശ്യമാകുന്നു. ഈ വിഷയത്തിൽ എനിക്കു തോന്നുന്ന ചില സംഗതികൾ ഇവിടെ പ്രസ്താവിയ്ക്കാമെന്നു് വിചാരിയ്ക്കുന്നു.

മലയാളത്തിൽ ഇപ്പോൾ ഉപയോഗിച്ചുവരുന്ന വർണ്ണമാല മലയാളികളുടെ പുരാതനസ്വത്താണെന്നു് ആരും അഭിപ്രായപ്പെട്ടുമെന്നു് തോന്നുന്നില്ല. മലയാളഭാഷയ്ക്കു് ആദികാലത്തുണ്ടായിരുന്ന വർണ്ണമാലയിൽ പല കാലങ്ങളിലായി പുതിയ വർണ്ണങ്ങളും ലിപികളും ഒട്ടേറെ

കൂടിചേൎന്നിട്ടുണ്ടു്. സംസ്കൃതഭാഷയുടെ ആക്രമണമുണ്ടായ കാലത്തു് സംസ്കൃതത്തിലെ അക്ഷരമാലയെ മലയാളം സ്വീകരിച്ചു. അതുനിമിത്തം മലയാളത്തിൽ പണ്ടുണ്ടായിരുന്നതിനെക്കാൾ വളരെയധികം അക്ഷരങ്ങളുണ്ടായിത്തീൎന്നു. ഇപ്പോൾ, സംസ്കൃതത്തിൽനിന്നു വന്നവയും ദ്രാവിഡത്തിൽനിന്നു കിട്ടിയവയും എല്ലാംകൂടി മലയാളത്തിൽ ഉപയോഗിച്ചുവരുന്ന അക്ഷരങ്ങൾ അതിൻെറ സഹജീവിഭാഷകൾക്കുള്ളതിനെക്കാൾ വളരെയധികമാണെന്നു് പറയാതെ കഴികയില്ല. ഇതുകൊണ്ടു് കുറെയൊക്കെ ബുദ്ധിമുട്ടുകളും വൈഷമ്യങ്ങളും അനുഭവിയ്ക്കേണ്ടിവരുന്നുമുണ്ടു്. മലയാളഭാഷ എഴുതുന്നതിനും അച്ചടിയ്ക്കുന്നതിനും ഐകരൂപ്യംകാണുക എന്നതു് വളരെ അപൂൎവമാണല്ലോ. അതിനു കാരണം അക്ഷരങ്ങളുടെ ബാഹുല്യവും വിഷമതയുമല്ലാതെ മറെറാന്നുമല്ല. ഈ വൈഷമ്യം തീൎക്കുകയാണു് ഇന്നു് മലയാളത്തിൽ അത്യാവശ്യമായിട്ടുള്ള ലിപിപരിഷ്കാരം. ഇയ്യിടയിലായി ചില പണ്ഡിതന്മാർ മലയാളത്തിലെ അക്ഷരങ്ങളുടെ എണ്ണം ചുരുക്കുവാനുള്ള പല മാൎഗ്ഗങ്ങളും നിൎദ്ദേശിച്ചു കാണുന്നുണ്ടു്. എന്നാൽ അതിലും മുമ്പായി ചെയ്യേണ്ടതു് ഇന്നുപയോഗിച്ചുവരുന്ന അക്ഷരങ്ങൾക്കു് ഐകരൂപ്യം വരുത്തുകയാണെന്നാണു് എനിക്കു തോന്നുന്നതു്.

എഴുത്തിലും അച്ചടിയിലും ഐകരൂപ്യമില്ലാത്തതുകൊണ്ടുള്ള ബുദ്ധിമുട്ടു ചില്ലറയൊന്നുമല്ല. 'എ', 'ഒ' ഇവയുടെ ഹ്രസ്വദീൎഘങ്ങൾ ശരിയായിട്ടെഴുതുന്നവർ വളരെ അപൂൎവ്വമാണു്. ഒരാൾ "എനിക്കു ശരീരസുഖമില്ല. രാത്രി കുളിക്കുവാൻ ഒരു ചെമ്പ് വെള്ളം തിളപ്പിച്ചുവെക്കണം" എന്നു വീട്ടിലേക്കെഴുതി അയച്ചു. അദ്ദേഹംവന്നു കുളിക്കുവാൻ നോക്കിയപ്പോൾ ചേമ്പുവെള്ളമാണു് തിളപ്പിച്ചുവെച്ചിരുന്നതു്. ചേമ്പുവെള്ളംകൊണ്ടു് കുളിച്ചാൽ ഫലമെന്തായിരിക്കുമെന്നു് പറയേണ്ടതില്ലല്ലോ. ഒരു പാഠശാലയുടെ ഉമ്മറത്തു് "കൊട്ടിടാത്തവർ അകത്തു കടക്കരുതു" എന്നെഴുതിപ്പതിച്ചിരുന്നു. അതുകണ്ടു് ഒരു വിദ്വാൻ ഒരു ചെണ്ട സമ്പാദിച്ചു് കൊട്ടിയുംകൊണ്ടു് സ്കൂളിൻെറ ഉള്ളിലേക്കു കടന്നുചെന്നു. പിന്നെ പറഞ്ഞുവന്നപ്പോഴാണു് ആ പരസ്യം "കോട്ടിടാത്തവർ"എന്നു വായിക്കേണമെന്നു് മനസ്സിലായതു്. പോരേ നേരമ്പോക്കു്!

'റ' എന്നതിനെ ജിഹ്വാഗ്രം പൊക്കി രേഫംപോലെ ഉച്ചരിയ്ക്കണം; എന്നാൽ ഇതേ ലിപി ഒന്നുകൂടിച്ചേൎന്നാൽ ജിഹ്വാഗ്രം താഴ്ത്തി 'ട'കാരംപോലെ വേണം പറയുവാൻ. എന്നാൽ ഇവ രണ്ടും കൂടിച്ചേരുന്ന ചില ഘട്ടങ്ങൾ വരുമ്പോൾ ഉച്ചാരണത്തിനു് ഉലോം വൈഷമ്യം വരുന്നു. "കൊ ഓപ്പററീവ്"സംഘത്തെ എന്തെന്നാണു് പറയേണ്ടതെന്നു് വിവരമില്ല, 'ഓപ്പററ്-റീവ്' എന്നോ, അതോ"ഓപ്പറ-ററീവ്" എന്നോ? ഇതെഴുതിയതു കണ്ടാൽ ഈ വാക്കുകൊണ്ടു് പറയപ്പെടുന്ന

സംഘത്തിൻെറ പരസ്പരസഹായസ്വഭാവം ഈ വാക്കിനുമുള്ളതായിട്ടാണ് തോന്നുക.

കൂട്ടക്ഷരങ്ങളുടെ കാര്യം ഇതിലുമധികം കുഴപ്പത്തിലാണ് കിടക്കുന്നത്. മലയാളത്തിൽ സംസ്കൃതത്തിലെന്നപോലെ മൂന്നും നാലും വ്യഞ്ജനങ്ങൾചേർന്നിട്ടുള്ള കൂട്ടക്ഷരങ്ങൾ ഉണ്ടല്ലോ. ഇവയെല്ലാം തെറവുകൂടാതെ എഴുതുന്നവർ തുലോം ദുർല്ലഭമാകുന്നു. കൂട്ടക്ഷരങ്ങളിൽ കൂടുന്ന കൂട്ടുകളെല്ലാം കൂട്ടിച്ചേർത്ത് വിളക്കിയാൽ വലിയ തരക്കേടില്ല. എന്നാൽ കൂട്ടുകളെല്ലാം കൂട്ടിച്ചേർക്കുവാനുള്ള കരുക്കൾക്ക് ഒരുമ്പാടു പോരായ്കയാൽ വരുന്ന വൈഷമ്യം ചെറുതല്ല. കുറച്ചുകാലംമുമ്പ് മിക്ക കൂട്ടക്ഷരങ്ങളും, ഇടയിൽ അർദ്ധചന്ദ്രചിഹ്നമിട്ട് കൂട്ടിച്ചേർത്താണ് അച്ചടിച്ചിരുന്നത്. "കൊട്‌ടാരത്‌തിൽ ശങ്‌കുണ്‌ണി" എന്നു പഴയ മലയാളമനോരമയിൽ ധാരാളം അടിച്ചുകണ്ടിട്ടുണ്ട്. ഇങ്ങനെ അച്ചടിച്ചാൽ വായിപ്പാൻ വലിയ ക്ലേശമുണ്ടെന്നു പറയേണ്ടതില്ലല്ലോ. എന്നാൽ ഇത്തരത്തിലുള്ള അക്ഷരങ്ങളൊക്കയും ഇപ്പോൾ ഒരുവിധം ഓരായംചേർന്ന് തെളിഞ്ഞിട്ടുണ്ട്.

രേഫം ചേർന്നിട്ടുള്ള കൂട്ടക്ഷരങ്ങൾക്കാണ് ഇപ്പോൾ വലിയ അപകടം കാണുന്നത്. അവയിലെ രേഫചിഹ്നം വ്യഞ്ജനത്തിൻെറ തലയിൽ കിരീടംപോലെയാണ് നില്ക്കുന്നത്. അച്ചുകൂടക്കാരുടെ നാലടി കൊള്ളുമ്പോഴേയ്ക്കു് ഈ കിരീടം തകന്നുപോകും. അപ്പോൾ 'ഈ വർണ്ണം' പോയി 'ഈവണ്ണ'മായിച്ചമയും. പിന്നെയാണ് വലിയ പരിമാണം വരുന്നത്. മുമ്പ് കിരീടമായി തലയിലിരുന്നിരുന്ന രേഫചിഹ്നം ആകൃതി മാറി ചീറമാടി കീഴ്പോട്ടിറങ്ങുന്നു. അപ്പോൾ 'ഈ വർണ്ണം' 'ഈവണ്ണ'മായി മാറുന്നു. 'ചിലർക്കു', 'ചവർപ്പു', 'അർശസ്സ്' 'കർണ്ണം' ഇത്യാദികൾ ഉദാഹരണങ്ങൾ 'ക്ക' വർഗ്ഗത്തിൽച്ചേർന്ന അക്ഷരങ്ങളുടെ സമ്പ്രദായം ഒന്ന് ഭേദപ്പെട്ടുത്താത്തപക്ഷം അവയ്ക്കു് ഐകരൂപ്യംവരുത്തുന്ന കാര്യം പ്രയാസസാദ്ധ്യമാണ്.

രേഫം ചേർന്നിട്ടുള്ള കൂട്ടക്ഷരങ്ങൾ ഇരുവകയായിട്ടുണ്ട്. 'വർണ്ണം', 'സർഗ്ഗം', 'സമ്പർക്കം' ഇത്യാദിയായിട്ടുള്ള സംസ്കൃതസംയുക്തങ്ങൾ ഒരുവക; 'ചവർക്കൽ', 'തകർക്കൽ', 'ചിലർക്കു', 'പലർക്കു' ഇത്യാദിയായിട്ടുള്ള ഭാഷാസംയുക്തങ്ങൾ മറെറാരുവക. ഈരണ്ടു വകയിലും, വാസ്തവത്തിൽ, സംയുക്തങ്ങളായ വ്യഞ്ജനങ്ങളുടെ മുകളിലല്ല രേഫത്തിൻെറ സ്ഥാനം. 'വർണ്ണ' പദത്തെ അക്ഷരക്രമത്തിൽ തിരിച്ചാൽ "വ് + അ + ർ + ണ് + അം" എന്നാണല്ലോ വരുന്നത്. ഇതിൽ 'ണ' കാരത്തിൻെറ മുമ്പാണ് പിമ്പല്ല രേഫസ്ഥാനം. രേഫത്തിൻെറ ശ്രവണവും മുമ്പുതന്നെയാണ്. ഇതുപോലെ സർഗ്ഗസമ്പർക്കാദികളിലും ഊഹ്യമാകുന്നു. ആകയാൽ അവയെ വർണ്ണം, സർഗ്ഗം, സമ്പർക്കം ഇത്യാദിയായി എഴുതുന്നതിന്ന് വിരോധമുണ്ടോ? ഇങ്ങിനെ ചെയ്താൽ അച്ചടിയിൽ ഐക

രൂപ്യംവരുവാൻ വഴിയാകും. ഇതുപോലെ 'ചവൎക്കൽ', 'തകൎക്കൽ' മുതലായവ രേഫാന്തങ്ങളായ ധാതുക്കളിൽനിന്നു നിഷ്പന്നങ്ങളായ രൂപങ്ങളാണ്. 'ചിലൎക്ക്' 'പലൎക്ക്' എന്നിവ 'ചിലർ', 'പലർ' എന്നിവയിൽനിന്ന് വിഭക്തിപ്രത്യയംവന്ന രൂപങ്ങളുമാണ്. ആകയാൽ അവയിലും രേഫത്തിന്റെ സ്ഥാനവും ശ്രവണവും ഇരട്ടിച്ച 'ക' കാരത്തിന്റെ മുമ്പിൽതന്നെയാണ്. അതുകൊണ്ട് ഇവയേയും 'ചവർക്കൽ', 'തകർക്കൽ', 'ചിലർക്ക്', 'പലർക്ക്' ഇത്യാദിയായി എഴുതിക്കൂടയോ? എന്നാൽ രേഫചിഹ്നംമുറിഞ്ഞുപോയിട്ടുള്ള ഐകരൂപ്യമില്ലായ്മ വരികയില്ലല്ലോ.

മേൽക്കാണിച്ചപ്രകാരം തന്നെ മറ്റുചില കൂട്ടക്ഷരങ്ങളും കുറച്ചു കുഴപ്പത്തിനിടവരുത്തീട്ടുണ്ട്. 'ആബ്ഭരണം', 'ഇബ്ഭപതി' എന്നമട്ടിൽ ഒരുതരംകൂട്ടക്ഷരം ഇയ്യിടയിൽ സുലഭമായിത്തീർന്നതിന് കാരണമെന്തെന്നറിയുന്നില്ല. ഇവിടെ ഭകാരം ഇരട്ടിക്കുകയേ വാസ്തവത്തിൽ ആവശ്യമുള്ളു! ഭകാരം ഇരട്ടിച്ചാൽ 'ആഭ്ഭരണം', 'ഇഭ്ഭപതി' എന്നമട്ടിലല്ലേ രൂപംവരിക? ഇരട്ടിച്ച 'ഭ' കാരത്തിൽ ആദ്യത്തേതു് 'ബ'കാരമാകും എന്ന് പലരും ധരിച്ചുവശായിട്ടുണ്ട്. അതു ശരിയാണെന്ന് തോന്നുന്നില്ല. വൎഗ്ഗങ്ങളിലെ മൂന്നാമക്ഷരവും നാലാമക്ഷരവും കൂടിച്ചേരുന്നതായ സംയോഗം സംസ്കൃതത്തിലുള്ളതാണ്. 'ഗ്ഘ', 'ജ്ഝ'. 'ഡ്ഢ', 'ദ്ധ', 'ബ്ഭ' എന്നിവയൊക്കെയും അത്തരത്തിലുള്ള സംസ്കൃതപദങ്ങൾ എഴുതുമ്പോൾ ഉപയോഗിച്ചാലേ ശരിയാകയുള്ളു. അങ്ങനെയുള്ള സ്ഥലങ്ങളിൽ അവയും, കേവലബിംബങ്ങളിൽ ഒരേ അക്ഷരംതന്നെ ഇരട്ടിച്ചതും ഉപയോഗിക്കേണ്ടതാണെന്നുതോന്നുന്നു. അതല്ലാതെ 'വിഡ്ഢി'യെ 'വിഡ്‌ഢി' എന്നും, മററും എഴുതിയാൽ നല്ലപന്തിയാകുമോ എന്നുസംശയമാണ്.

ക്ലിഷ്ടം, ക്ലിന്നം ഇത്യാദികളെപ്പോലെ ചിലർ 'ക്ലിപ്തം' എന്നും എഴുതിവിടുന്നുണ്ട്. ഇതു് 'ക്ലൃപ്തം' എന്നാകേണ്ടതാണ്. കമ്പനികൾ സുലഭമായിട്ടുള്ള ഇക്കാലത്തു് 'ക്ലൃപ്തം' എന്ന പദം ധാരാളം ഉപയോഗിക്കേണ്ടിവരുന്നതുകൊണ്ടും ഈ ലിപിക്ക് ഐകരൂപ്യംവരുത്തേണ്ടതു അത്യാവശ്യമാകുന്നു.

സംവൃതോകാരം അല്ലെങ്കിൽ അരയുകാരം വാദവിഷയമായിട്ട് വളരെക്കാലമായി. ഇനിയും അതിന് ഒരൈകരൂപ്യം വന്നുകഴിഞ്ഞിട്ടില്ല. "ദുഷ്യന്തൻ ശകുന്തളയെക്കണ്ടു് മോഹിച്ചു" എന്നതിലെ കണ്ടു എന്നതു് സംവൃതോകാരാന്തമായിട്ടെഴുതണമല്ലോ. ഇതു് 'കണ്ടു' എന്നു പൂൎണ്ണോകാരമായും, 'കണ്ടു്' എന്നിങ്ങിനെ ഉകാരവും സംവൃതചിഹ്നവും ചേൎന്നനിലയിലായും, 'കണ്ട്' എന്ന് ഉകാരംകൂടാതെ സംവൃതചിഹ്നം മാത്രമായും, 'കണ്ട' എന്നിങ്ങനെ ഉകാരമോ സംവൃതചിഹ്നമോ ചേൎക്കാതെയും എഴുതിവരുന്നുണ്ട്. ചുരുങ്ങിയ സമയംകൊണ്ട് അധികം ലേഖനങ്ങൾ എഴുതി അച്ചടിപ്പിക്കുവാൻ നിർബദ്ധരായ വൃത്താന്തപത്രപ്രവർത്തകന്മാർ

പ്രായേണ 'കണ്ടു്' എന്നു് പൂൎണ്ണോകാരാന്തമായിട്ടാണെഴുതാറുള്ളതു്. വടക്കരിൽ പലരും 'കണ്ട' എന്നിങ്ങിനെ ഒരു ചിഹ്നവുംകൂടാതേയും എഴുതാറുണ്ടു്. ഈ രണ്ടുവകക്കാരും തല്ക്കാലത്തെ സൌകൎയ്യം മാത്രം നോക്കുന്നവരാണു്. എന്നാൽ, പൂൎണ്ണമായ ഉകാരം ഉപയോഗിച്ചാൽ പൂൎണ്ണക്രിയയാണെന്ന ഭ്രമം ജനിക്കുന്നതുകൊണ്ടും, ഉകാരചിഹ്നംതന്നെ ഇല്ലാത്തപക്ഷം ഒരുവിധവും ശരിയായിരിക്കാത്തതുകൊണ്ടും ഈ രണ്ടുവിധത്തിലെഴുതുന്നതും സാധുവാണെന്നു് തോന്നുന്നില്ല. പിന്നെയുള്ള രണ്ടുതരങ്ങളിൽ സംവൃതചിഹ്നം മാത്രമായുള്ളതു് പ്രസിദ്ധന്മാരായ പലരും ഉപയോഗിച്ചുവരുന്നുണ്ടു്. അപ്പൻതമ്പുരാൻ തിരുമനസ്സുകൊണ്ടും മററും ഇങ്ങിനെയാണെഴുതാറുള്ളതു്. കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻതമ്പുരാൻ ഈ പക്ഷക്കാരനായിരുന്നു. 'മീത്തൽ' എന്നു പറയപ്പെടുന്ന അൎദ്ധചന്ദ്രാകാരമായ ചിഹ്നം സംവൃതോകാരത്തെ, അല്ലെങ്കിൽ അരയുകാരത്തെ കാണിക്കുന്നതാണെന്നും അതു ഉണ്ടായാൽപിന്നെ ഉകാരം വേറെ എഴുതേണ്ടതില്ലെന്നുമാണു് അവരുടെ പക്ഷം. എന്നാൽ, പ്രൊഫസ്സർ എ. ആർ. രാജരാജവൎമ്മതമ്പുരാൻ ഉകാരവും സംവൃതചിഹ്നവും ചേൎത്തെഴുതേണ്ടതാണെന്നു് പറഞ്ഞിരിക്കുന്നു. അവിടത്തെ പക്ഷം 'മീത്തൽ' എന്നതു് വാസ്തവത്തിൽ, സംവൃതചിഹ്നംമാത്രമാണെന്നാണു്. ഈപ്പക്ഷം ഇന്നു് സാൎവ്വത്രികമായിപണ്ഡിതന്മാർ അംഗീകരിച്ചിട്ടുള്ളതാകയാൽ ഇതാണു് സ്വീകാൎയ്യമെന്നു് എനിയ്ക്കു് തോന്നുന്നു.

"അടിക്കുക" "പിടിക്കുക" എന്നുതുടങ്ങി താലവ്യമായ ഇകാരത്തിൽനിന്നു പരമായും" അരയ്ക്കുക, "കുഴയ്ക്കുക" എന്നുതുടങ്ങി താലവ്യമായ അകാരത്തിൽനിന്നു് പരമായും വരുന്ന 'ക്ക'യ്ക്കു യകാരംചേൎത്തെഴുതേണ്ടതില്ലെന്നു് ഒരു പക്ഷമുണ്ടു്. എന്നാൽ മഹാകവി വള്ളത്തോളും മററും ആ വകയിൽ യകാരം വേണമെന്നുള്ള പക്ഷക്കാരനാണു്. ഇതിൽ ഒരു നിയമം ചെയ്തില്ലെങ്കിൽ കുറെ കുഴപ്പത്തിന്നിടവരുന്നതാണു്. 'മറക്കുക, മറയ്ക്കുക' ഇവ അൎത്ഥംകൊണ്ടു് തുലോം വ്യത്യാസമുള്ള പദങ്ങളാണല്ലോ. യകാരമെഴുതിയില്ലെങ്കിൽ അൎത്ഥം മാറിദ്ധരിക്കാവുന്ന പലഘട്ടങ്ങളിലും ഇത്തരം പദങ്ങൾ പ്രയോഗിക്കേണ്ടിവരും. വടക്കരിൽ പലരും ഇപ്പോഴും ഈമാതിരി പദങ്ങളിൽ യകാരം ശ്രവിക്കേണ്ടിടത്തു് 'ക്ക'യുടെ മുമ്പിൽ 'എ' എന്നു ചേൎത്തു 'മറെക്കുക' എന്നാദിയായി എഴുതാറുണ്ടു്. ഇങ്ങനെ പുള്ളിയിട്ടുംകൊണ്ടു് ചിലരും, യകാരം ചേൎത്തുംകൊണ്ടു് മററുചിലരും, യകാരം തനിയേ ശ്രവിക്കപ്പെടുമെന്നുവെച്ചു് വേറേചിലരും എഴുതിത്തുടങ്ങിയാൽ കാൎയ്യം ആകപ്പാടെ കുഴപ്പത്തിലാകുമല്ലോ. ഇതിൽ ഐകരൂപ്യം വരുത്തേണ്ടതിന്നു് എല്ലാ ഘട്ടങ്ങളിലും യകാരം ചേൎക്കുകയാണു് നല്ലതെന്നുതോന്നുന്നു.

മലയാളത്തിൽ ഇന്നുപയോഗിച്ചുവരുന്ന, 'ങ്ക'യുടെ കാൎയ്യത്തിലും കുറച്ചു ശങ്കയുണ്ട്. 'പങ്കം, കുങ്കുമം' മുതലായ പദങ്ങളിൽ എഴുതപ്പെടുന്ന 'ങ്ക'യും, 'അവങ്കൽ' എങ്കൽ' ഇത്യാദി പദങ്ങളിൽ ഉപയോഗിയ്ക്കപ്പെട്ടുന്ന'ങ്ക'യും ഒരുപോലെയാണല്ലോ ഇരിയ്ക്കുന്നതു്. എന്നാൽ 'പങ്കം' 'കുങ്കുമം' ഇത്യാദിപദങ്ങളിൽ ങകാരവും കകാരവും ചേൎന്നാണ് സംസ്കൃതത്തിൽ കാണുന്നതു്. 'പംകം' 'കുംകുമം' എന്നുതുടങ്ങി അനുസ്വാരവും കകാരവും ചേൎത്തും എഴുതാറുണ്ട്. ഇത്തരം പദങ്ങൾ സംസ്കൃതമയങ്ങളാകയാൽ സംസ്കൃതത്തിലെ സംയോഗക്രമംതന്നെ ഇവയിൽ സ്വീകരിയ്ക്കേണ്ടതാണെന്ന് പറയേണ്ടതുമില്ല. 'അവങ്കൽ' 'എങ്കൽ' ഇത്യാദികളിലാകട്ടേ അവൻ + കൽ, എൻ + കൽ എന്നുതുടങ്ങി നകാരകകാരങ്ങളുടെ സംയോഗമാണുള്ളതു്. ആകയാൽ അവയിൽ നകാരകകാരാത്മകമായ 'ങ്ക' യോജിയ്ക്കുകയും ചെയ്യും. ഈ വ്യത്യാസം ധരിയ്ക്കാതെ എല്ലാ സ്ഥലങ്ങളിലും ഒരേവിധത്തിലുള്ള 'ങ്ക'യെ സ്വീകരിയ്ക്കുന്നതു് ശരിയല്ല. ഈ കൂട്ടക്ഷരം 'ങ്ക' എന്നും 'ന്ക' എന്നും രണ്ടായി തിരിയ്ക്കേണ്ടതു് അത്യാവശ്യമായിരിയ്ക്കുന്നു.

ഇതുപോലെതന്നെ 'ൽ' എന്ന ലിപിയും കുറച്ചൊന്ന് പരിഷ്കരിയ്ക്കേണ്ടതായിട്ടുണ്ട്. ഇതു് അൎദ്ധതകാരാത്മകമാണെന്നു് പ്രത്യേകം പറയേണ്ടതില്ലല്ലോ. 'രാമാത്' 'പ്രചോദയാത്' ഇത്യാദി സംസ്കൃതരൂപങ്ങളിൽ ഇതുപയോഗിയ്ക്കുന്നതു് യുക്തംതന്നെ. എന്നാൽ 'ഓമൽ' 'അവങ്കൽ' എന്നിങ്ങനെ അൎദ്ധലകാരം വേണ്ട സ്ഥലങ്ങളിലും ഇവതന്നെയാണ് മലയാളി ഉപയോഗിച്ചുവരുന്നതു്. എന്നുതന്നെയല്ല, അൎദ്ധതകാരത്തിന്നും അൎദ്ധലകാരത്തിന്നും വേറെ വേറെ ലിപികളില്ലായ്കകാരണം മേല്പറഞ്ഞ സംസ്കൃതപദങ്ങളെക്കൂടിയും മലയാളി അൎദ്ധലകാരാന്തമായി ഉച്ചരിച്ചുവരുന്നു. ഇതുനിമിത്തം മലയാളികളല്ലാത്ത സംസ്കൃതപണ്ഡിതന്മാൎക്ക് നമ്മെപ്പററി വലിയ പുച്ഛവും തോന്നുന്നുണ്ട്. ഈ വൈഷമ്യം തീരണമെങ്കിൽ ഈ ലിപിയെ 'ൽ'എന്നും 'ല്'എന്നും വേറെ എഴുതുകതന്നെ വേണം.

ഇതുപോലെ ഇനിയും പല ലിപികളുടെ കാൎയ്യത്തിൽ പരിഷ്കാരം വരുത്തേണ്ടതുണ്ട്. എന്നാൽ ഏതുവിധമാണ് പരിഷ്കാരങ്ങൾ വരുത്തേണ്ടതെന്നുള്ള കാൎയ്യത്തിൽ ഒരു മാൎഗ്ഗപ്രദൎശനംചെയ്യുന്നതിന്നു് ഇത്രയും പറഞ്ഞ സംഗതികൾ മതിയായിരിക്കുമെന്ന് വിശ്വസിച്ചു് ഈ ലേഖനം ഉപസംഹരിക്കുന്നു.

കെ. വി. യം.

# കൃഷ്ണവിലാസകഥാസാരം.

(പാന)

[ഒരു പഴയകൃതി പകൎപ്പപ്രകാരം]

വൃത്തം മാറി.

ഇങ്ങിനെ തരുണികൾ പലപല വാക്കുക-
ളുങ്ങു നിറഞ്ഞു പറഞ്ഞ ദശായാം
മംഗളഗുണഗണവിശദ യശോദാ
ഭംഗിയോടുരുതരഗിരമുരചെയ്തു.

"ഗോപനിതംബിനിമാരെ! വരുവിൻ;
കോപരസങ്ങളശേഷം കളവിൻ;
നമ്മുടെമകനുടെ നാടകമീവക
സമ്മതമല്ല നമുക്കെന്നാലും
ഉണ്ണിയോടപ്രിയമുരചെയ്യാൻ മമ
ഒണ്ടമിതെന്നേ പറവാനുള്ളു.
പീലിക്കാർമുടി കെട്ടിയതിൽ ചില
മാലകൾ ചാൎത്തി നടക്കുംപോഴും,
പഞ്ചമമതികലയഞ്ചീടുന്നോ-
രഞ്ചിതനെററിത്തടവും വടിവും
മന്മഥവില്ലിൻ ഭംഗി കെടുന്നൊരു
നിൎമ്മലചില്ലികൾ കാണുംപോഴും,
ജലജദലത്തിന്നുള്ള കമിടിയും
ബാലകണ്ണിണകാണുംപോഴും,
അവനൊടു കോപിച്ചൊന്നുരചെയ്യാൻ
അരുതരുതേതും മതിമുഖിമാരെ!

അരിശമിയന്നൊരുനേരത്തെന്മക-
നരികെവരുമ്പോളെല്ലാം നീങ്ങും.
എൾപ്പൂവൊത്തൊരു നാസികകണ്ടാൽ
എപ്പൊഴുമില്ലവനോടൊരു വൈരം.
തൊണ്ടിക്കൊത്തോരധരം കണ്ടാൽ
ഉണ്ടാം മോദമനേകമനേകം.
പുഞ്ചിരിപുതുമകൾ കാണുംനേരം
കൊഞ്ചിക്കാറംവാനെന്നേ തോന്നും.
മിന്നീടുന്നൊരു ഗണ്ഡസ്ഥലവും
ഉന്നീടുപോൾ കാണ്മാൻ തോന്നും
എന്മകനായിട്ടിവൻടെയോരോ-
ന്നന്മകൾ ചൊല്ലുകയല്ല ധരിപ്പിൻ.

ശംഖിനൊടൊത്തൊരു ഗളവുംകണ്ടാൽ
സംകടമത്രേയവനൊടു ചൊൽവാൻ;
വക്ഷോഭാഗം കണ്ടാലതിനുടെ
ശിക്ഷകളെങ്ങിനെ ചൊല്ലീടേണ്ടു;
ആലിലയൊത്തൊരണിവയർ കണ്ടാൽ
ബാലനെയെങ്ങിനെ ശാസിക്കേണ്ടു,
അരമണി കിങ്ങിണി കെട്ടീട്ടെന്നുടെ-
യരികെവരുംപോളുണ്ടൊരു കൗതുകം;
ചിററാടയുമപ്പീതാംബരവും
ചുററിക്കണ്ടാലെത്ര വിചിത്രം;
ഊരുയുഗളം ചേരും വടിവും
പാരമെനിക്കുണ്ടതിലാനന്ദം;
ഉണ്ണിക്കാലടി രണ്ടുംകണ്ടാൽ
കണ്ണനോടൊന്നും പറവാനരുതേ;
കണ്ടേ മോതിരമമ്പോടുകെട്ടി-
ക്കണ്ടാവൂ ഞാനെന്നു കൊതിച്ചു;
കരമതിൽ വളയും കടകം കാണ്മാൻ
പരിചോടാഗ്രഹമുണ്ടായേററം;
പാദസരോജേ ചേർത്ത ചിലമ്പിൻ
നാദംകേൾപ്പാനെത്ര കൊതിച്ചു;
അവനൊടുകോപിച്ചൊന്നുരചെയ്യാൻ
അരുതരുതേതും മതിമുഖിമാരെ!;
കോപം മനസിയിലവനോടരുതിനി
ഗോപനിതംബിനിമാരെ! കേൾപ്പിൻ;
:—പാൽകിഴ പോയതിന്നെന്നുടെ വെള്ളി-
പ്പാൽകിഴ താരാം മടിക്രൂടാതെ;
മണ്ണുകുടങ്ങളുടഞ്ഞതിനൊക്കെ
സ്വർണ്ണകുടങ്ങൾ തരുന്നുണ്ടല്ലൊ;
മൺകിണ്ണങ്ങളുടച്ചതിനിപ്പോൾ
പൊൻകിണ്ണങ്ങൾ തരുവൻ വിരവിൽ;
തച്ചുതകർത്തൊരു മൺകിണ്ടിക്കിത
വെച്ചതെടുപ്പിൻ പൊൻകിണ്ടികളും;
ഉരുളീതളികാപോയതിനൊക്കെ-
പ്പുറവിൻ വിരവിനൊടഖിലം നൽകാം;
കലവും കുടവും പോയതിനൊക്കെ
വിലയും കേട്ടാലഖിലം നൽകാം;

കൊണ്ടുവരുന്ന കുടങ്ങൾ നിറച്ചിഹ
കനകപ്പൊടി ഞാൻ തന്നുപുലർത്താം;
മിണ്ടരുതിവനുടെ കുററമൊരുത്തരു-
മതിനിത തൊഴുതേൻ ഗോപികമാരെ!;
ആറേഴെട്ടു വയസ്സാവുംപോൾ
മാറിക്കൊള്ളും കാട്ടുകളെല്ലാം;
എത്രകൊതിച്ചു ജനിച്ചൊരു പുത്രൻ
എത്ര മനോഹരനായ ശരീരൻ
അവനോടപ്രിയമുരചെയ്യാൻ മമ
ശിവശിവ! ശങ്കര! സംകടമല്ലോ.
ഗോപിനിമാരെ! മത്തമതംഗജ-
ഗാമിനിമാരെ! ഭാമിനിമാരെ!
നാമിനിമോദാൽ മേളിച്ചഖിലം
താമസരഹിതം തരുവൻ വിരവിൽ."

എന്നുപറഞ്ഞു യശോദതദാനീം
വന്നുനിറഞ്ഞനിതംബിനിമാക്ക്
വന്നീതനവധി മോദത്തോടേ
ചെനാവരവരവർനിലയം പുക്കാർ.

സമാപ്തം.

# ഹിന്ദുക്കളുടെ ഉപാസനാരഹസ്യം.

## ഈശ്വരസ്വരൂപം.

### 1. നിർഗ്ഗുണഭാവം.

ഈ കാലത്തുള്ള പരിഷ്കാരികളിൽ പലരും ഈശ്വരഭജനം ആവശ്യമാണെന്നു് വിചാരിക്കുന്നില്ല. അവക്ക് ഈശ്വരനെസംബന്ധിച്ചു് സുസ്പഷ്ടമായ ധാരണയുണ്ടെന്നുതന്നെ തോന്നുന്നില്ല. ഈശ്വരൻ എന്ന ഏതോ ഒന്നുണ്ടെങ്കിലും, അദ്ദേഹം പൂജാസ്തുതികളിൽ പ്രിയനല്ലായ്കയാൽ അദ്ദേഹത്തെ ഉപാസന ചെയ്യുന്നതു് അനാവശ്യമെന്നു് അവർ പറയുന്നു. ഈ ലോകത്തിൽ നീതിനിഷ്ഠമായ ജീവിതയാത്രയേ നിർവ്വഹിക്കുന്നതായാൽ, മതത്തേയോ ഈശ്വരനേയോ ഉപാസിക്കുന്നതിനായി സമയം വ്യയംചെയ്യുന്നതുകൊണ്ടു് യാതൊരു പ്രയോജനവുമില്ല. ഇംഗ്ലീഷുവിദ്യാഭ്യാസം സിദ്ധിച്ചിട്ടില്ലാത്തവരുടെകൂട്ടത്തിൽ യുഗധർമ്മബലം

നിമിത്തം പലരും ഈവിധമായ ഉപാസനയാൽ ഉദാസീനരായിട്ടുണ്ട്. ആര്യമതം ഇപ്രകാരം സിദ്ധാന്തിക്കുന്നു:—മനുഷ്യരുടെ അവശ്യകർത്തവ്യങ്ങളിൽ ഒന്നാണ് ഈശ്വരോപാസനം. അതു് അനുഷ്ഠിക്കാതെയിരുന്നാൽ അനർത്ഥമാണ് ഫലം. ഇനിയും ഉപാസനാസംബന്ധമായ ആലോചനയ്ക്കുമുൻപായി നാം ആരെയാണ് ഉപാസിക്കേണ്ടതു് എന്നും ആ ദേവന്റെ സ്വരൂപം എങ്ങനെ, എന്നുള്ളതു് നിർണ്ണയിക്കേണ്ടതത്യാവശ്യമാണ്. കാരണം ഉപാസ്യവസ്തുവിന്റെ സ്വരൂപസ്ഥിതി ഏതുപ്രകാരമെന്നറിയാതെ അതിന്റെ ധ്യാനധാരണാദികൾക്ക് സൌകര്യമില്ല. അതുകൊണ്ട് ഈശ്വരന്റെ സ്വരൂപമെന്തെന്നുള്ളതാണ് സർവ്വപ്രധാനമായി ഇവിടെ ആലോചിക്കുവാനുള്ളതു്. ഈശ്വരൻ, സാകാരനും സഗുണനുമാണെന്ന് ആര്യശാസ്ത്രം സിദ്ധാന്തിക്കുന്നു. ഈശ്വരന്റെ മറ്റൊരു ഭാവത്തെ ശാസ്ത്രത്തിൽ നിർഗ്ഗുണം, നിരാലംബം, നിരുപാധികം എന്നിങ്ങനെ പറയുന്നു. ഈശ്വരൻ ഈ അവസ്ഥയിൽ സ്ഥിതിചെയ്യുമ്പോൾ അദ്ദേഹത്തിൽ യാതൊരുവിധമായ ധർമ്മത്തിനോ ക്രിയയ്ക്കോ സ്ഥാനമില്ല. ഈ സ്ഥിതി മനുഷ്യരുടെ മനോബുദ്ധികൾക്ക് അഗോചരമാകയാൽ അതു് ഉപാസനയ്ക്കു യോഗ്യമാകുന്നില്ല. ഇപ്രകാരമുള്ള നിർഗ്ഗുണാവസ്ഥയെ ലക്ഷ്യമാക്കിയിട്ട് ശാസ്ത്രനിർദ്ദേശം ഇങ്ങിനെയാണ്. "യതോവാചോനിവർത്തന്തേ അപ്രാപ്യമനസാസഹ" (തൈത്തിരീയോപനിഷത്) അതു് മനോവാക്കുകളാൽ പ്രകാശിപ്പിക്കുന്നതിനോ ധരിക്കുന്നതിനോ ശക്യമല്ല. മനോബുദ്ധികൾക്ക് ഗോചരവുമല്ല. ഈ സ്ഥിതിയിലുള്ള അതിന്റെ യഥാർത്ഥസ്വരൂപം കേവലം വാക്കുകൊണ്ട് നിർദ്ദേശിക്കത്തക്കതല്ല. ശാസ്ത്രം പറയുന്നതു്. യാവ ചിലർ നിർഗ്ഗുണമായ ഭാവത്തെ അനുഭവിക്കുന്നുവോ അവർ അനന്തവും അഖണ്ഡവുമായ സുഖത്തെ പ്രാപിക്കുന്നു. അവർക്ക് ദ്വൈതഭാവം ഉണ്ടായിരിക്കയില്ല. സാധകനെന്നും സാദ്ധ്യമെന്നുമുള്ള ഭാവം ലോപിച്ചുപോകും. ദ്രഷ്ടാവും, ദൃശ്യവും, ജ്ഞാതാവും, ജ്ഞേയവും, എല്ലാം ഏകമാകും. ആ അവസ്ഥയിൽ ആര് ആരെ ഉപാസിക്കും? സാധകൻ പരമാനന്ദസാഗരത്തിൽ നിമഗ്നനാകും.

"തദാകേനകം പശ്യേത്-കേനകം വിജാനീയാത്" (ബൃഹദാരണ്യകം)

അപ്പോൾ സാധകനും സാദ്ധ്യവും ഏകമായിത്തീരും. ആര് ആരെ ദർശിക്കും? ആര് ആരെ അറിയും? രാമകൃഷ്ണപരമഹംസൻ ഒരുദിവസം ഇപ്രകാരം അരുളിച്ചെയ്തു;

ബ്രഹ്മമെന്നതു്, വാക്കുകൊണ്ടു് പറയത്തക്കതല്ല. അത് അതിന്റെ അനുഭവസ്ഥനുമാത്രമേ അറിവാൻ കഴികയുള്ളൂ. "ബ്രഹ്മജ്ഞാനംവന്നാശേഷം സമാധിലഭിച്ചാൽ പിന്നീട്ട് അഹന്ത സ്ഥിതിചെയ്കയില്ല. അപ്പോൾ എന്തൊരു സ്ഥിതിയെന്നുള്ളത് വാക്കുകൊണ്ടു വർണ്ണിക്കുക സാദ്ധ്യമല്ല. ഏതുപ്രകാരമെന്നാൽ ഒരു ഉപ്പുപാവ സമുദ്രം അളക്കു

വാൻ പോയി, അല്പം ഇറങ്ങിയപ്പോൾ അത് ലയിച്ച് സമുദ്രത്തോട്ടു ചേന്നു, തദാ കാരകാരിത, അപ്പോൾ ആരു് മൂകളിൽ വന്നു് സമുദ്രം എത്ര ഗംഭീരമെന്നുപറയും? ഇതുകൊണ്ടു് ശാസ്ത്രംപറയുന്നു, "മൂകാസ്വാദ്നവത്" മൂകന്മാർ രസമനുഭവിക്കുന്നതുപോലെ അന്ധൻ എപ്രകാരം രസത്തെ ആസ്വാദിച്ച് തൃപ്തനാകുന്നു. എന്നാൽ വാക്കുകൊണ്ടു് സ്വന്തം അനുഭവത്തെ പ്രകാശിപ്പിക്കുന്നതിനു് ശക്തനാകുന്നുമില്ല. അതുപൊലെ ഈശ്വരൻെറ നിർഗ്ഗുണാവസ്ഥയെ അനുഭവിച്ചിട്ടുള്ള ജീവന്മുക്ത പുരുഷന്മാർ അവരുടെ ആനന്ദാനുഭവത്തെ വാക്കുകൊണ്ടു പറയാൻ ഒരിക്കലും ശക്തരാകുന്നില്ല.

ശ്രുതിയിൽ ഇപ്രകാരം കാണുന്നു.

"നതത്ര ചക്ഷുർഗ്ഗച്ഛതി,നവാക്ഗച്ഛതി,നമനോ
നവിദ്മോ നവിജാനീമോ യഥൈതദനുശിഷ്യാ
ദന്യദേവതദ്വിദിതാ ദഥോ അവിദിതാദധി" (കേനോപനിഷത്

എവിടെ ചക്ഷുസ്സ് സഞ്ചരിക്കുന്നില്ല. വാക് പ്രവേശിക്കുന്നില്ല, മനസ്സ് പ്രയാണം ചെയ്യുന്നില്ല, ബുദ്ധി അനുഗമിക്കാൻ ശക്തമാകുന്നില്ല. നാം അതിനെ അറിയുന്നില്ല. എപ്രകാരം അതിനെക്കുറിച്ച് ഉപദേശദാനം ചെയ്യാൻ കഴിയും? എന്നാൽ ഇത്രമാത്രം പറയാം, അദ്ദേഹം ഈ ജഗത്തിൽ അറിയപ്പെടുന്നതും അറിയപ്പെട്ടിട്ടില്ലാത്തതുമായ സകല വസ്തുക്കളിൽനിന്നും ഭിന്നനാകുന്നു.

അദ്ദേഹം തേജോ മയനാണെന്നു നിങ്ങൾ പറയുകയാണെങ്കിൽ അതു ശരിയല്ല. കാരണം അദ്ദേഹത്തിനു് ഒരു രൂപവുമില്ല. അദ്ദേഹം നേത്രങ്ങൾക്കു ഗോചരനമല്ല. എന്നാൽ, ദയാമയനെന്നോ പ്രേമമയനെന്നോ പറയുകയാണെങ്കിൽ അപ്രകാരവുമല്ല. എന്തെന്നാൽ അദ്ദേഹം സർവ്വവിധഗുണധർമ്മങ്ങൾക്കും അതീതൻ, അദ്ദേഹത്തിനു ഗുണമോ ധർമ്മമോ ഒന്നുംതന്നെ ഇല്ല. ജഗദംബയുടെ ഈ അവസ്ഥയെ ലക്ഷ്യമാക്കിയിട്ടു് ശാസ്ത്രം ഇപ്രകാരം പറയുന്നു.

യന്മനസാനമനുതേ—യേനാഹുർമ്മനോമതം.
തദേവബ്രഹ്മത്വംവിദ്ധിനേദംയദിദമുപാസതേ (കേനോപ)

യാതൊന്നു് മനസ്സിൻെറ ധാരണയ്ക്കു് വിഷയമാകുന്നില്ല, എന്നാൽ, യാതൊന്നിൻെറ സംബന്ധംകൊണ്ടു് മനസ്സ് അന്യവിഷയങ്ങളെ അറിവാൻ ശക്തമാകുന്നു, ആ വസ്തുവിനെ നീ ബ്രഹ്മമെന്നു് അറിഞ്ഞാലും; യാതൊന്നു് ഉപാസനയ്ക്കു് വിഷയമാകുന്നുവോ അതു വിശുദ്ധമായ നിർഗ്ഗുണബ്രഹ്മമല്ല.

സ്ഥാനാന്തരങ്ങളിലും, ഈ നിർഗ്ഗുണാവസ്ഥ പ്രകാശിപ്പിക്കുക സുകരമല്ലെന്നുതന്നെ പറഞ്ഞിരിക്കുന്നു. "സ ഏഷനേതിനേതിആത്മാ"

(ബൃഹദാരണ്യകം 4-4-22) ഇപ്രകാരം നേതിനേതിയെന്നുള്ള നിഷേധാ ശബ്ദത്താൽ ശാസ്ത്രം അല്പംസൂചിപ്പിച്ചു എന്നുമാത്രം. നീ മനോവാക്കുകളാൽ അല്പമാത്രം യാതൊന്ന് ധരിക്കയും പറകയും ചെയ്യുന്നു, അതു് ബ്രഹ്മമല്ല. അതിനേ സംബന്ധിച്ച് എന്തെങ്കിലും അല്പമൊന്നു നിർദ്ദേശിക്കുക ശക്യമല്ല. അദ്ദേഹം നിർവിശേഷനും നിർവ്വികല്പനും നിരുപാധികനും നിരഞ്ജനനു മാകുന്നു.

മഹിമ്നസ്തോത്രം രണ്ടാംശ്ലോകത്തിൽ കാണുന്നു.

"അതീതഃപന്ഥാനം തവമമഹിമാവാങ്മനസയോ
രതദ്വ്യാവൃത്ത്യായംചകിതമഭിധത്തേശ്രുതിരപി"

"ഹേ ദേവ! അങ്ങയുടെ മഹിമാവ് വാങ്മനസ്സുകൾക്കു വിഷയമല്ല; വേദം ഇതല്ല, ഇതല്ല, (നേതിനേതി) എന്നിങ്ങനെ നിഷേധവാചകമായശബ്ദത്താൽ കീർത്തനംചെയ്യുന്നു"

അദ്ദേഹത്തിൻെറ നിർഗ്ഗുണാവസ്ഥയേ ലക്ഷ്യമാക്കി ശാസ്ത്രം ഇപ്രകാരംപറയുന്നു. അത്, എന്തെന്നറിയുന്നതിനോ ധരിക്കുന്നതിനോ മനുഷ്യർക്കു മാർഗ്ഗമില്ല. അദ്ദേഹത്തേ ഏതൊരാൾ അറിഞ്ഞു എന്നുപറയുന്നുവോ അവൻ അദ്ദേഹത്തിൻെറ ഈ അവസ്ഥയേ അറിഞ്ഞതായോ ഗ്രഹിച്ചതായോ വരികയില്ല, എന്തെന്നാൽ എപ്പോൾവരെ "ഞാൻ" എന്നുള്ള അഹംബുദ്ധിയുണ്ടായിരിക്കുന്നുവോ അതുവരെ അവനു് ബ്രഹ്മത്തേ അറിവാൻ കഴികയില്ല. ഞാൻ ഒരു സ്വതന്ത്രവസ്തുവെന്നജ്ഞാനം തിരോഹിതമായിട്ട്, ഞാനും ബ്രഹ്മവും ഒരേവസ്തുവെന്നുള്ള നിശ്ചയബുദ്ധി എപ്പോൾ ഉണ്ടാകുന്നു. അപ്പോൾ അദ്ദേഹത്തേ അറിവാൻ കഴിയും. അഹന്തപോയില്ലെങ്കിൽ അദ്ദേഹത്തെ അറിവാൻ കഴികയില്ല. നമുക്കു അതിനെ അറിവാൻ ശക്തിയുണ്ടായാൽ പിന്നീട് അഹംബുദ്ധി സ്ഥിതിചെയ്കയില്ല. അപ്പോൾ അഹവും ബ്രഹ്മവും ഏകമായിത്തീരും.

യസ്യാമതംതസ്യമതം മതംയസ്യനവേദസഃ
അവിജ്ഞാതംവിജാനതാം വിജ്ഞാതമവിജാനതാം.

കേനോപനിഷദ്. 2. 3.

"യാതൊരുവൻ ബ്രഹ്മത്തേ അറിയുന്നില്ല, അവൻ തന്നെ അറിയുന്നു; യാതൊരുവൻ അറിയുന്നു, അവൻ അറിയുന്നില്ല, ബ്രഹ്മത്തേ യാതൊരുവൻ അറിയുന്നു, അവൻ അറിയാത്തവൻതന്നെ. എന്നാൽ യാതൊരുവൻ അറിയുന്നില്ല, അവനത്രേ അറിഞ്ഞവൻ. ഈ വാക്കുകൾ പരസ്പരവിരുദ്ധങ്ങളെന്നു തോന്നുമെങ്കിലും യാഥാർത്ഥ്യം അപ്രകാരമല്ല. എപ്പോൾവരെ ജ്ഞാതാവും ജ്ഞേയവും ജ്ഞാനവും വേറെയിരിക്കുമോ അതുവരെ ബ്രഹ്മം അജ്ഞാതമായിരിക്കും. എന്നാൽ, എപ്പോൾ ആ ഭേദബുദ്ധി നശിച്ച് ജ്ഞാതാവും ജ്ഞാനവും ജ്ഞേയവും ഏകമായിത്തീരുന്നു, അപ്പോൾ ബ്രഹ്മം ജ്ഞാതമാകും. യാതൊരുവൻ ബ്രഹ്മജ്ഞാന

ത്തിനു ശക്തനാകുന്നു, അവൻ ബ്രഹ്മമായിത്തന്നെ പരിണമിക്കുന്നു. "ബ്രഹ്മവിദ് ബ്രഹ്മൈവഭവതി" (തൈത്തിരീയം) അപ്പോൾ "ഞാൻഅറിയുന്നു" എന്നുള്ള ജ്ഞാനം സ്ഥിതിചെയ്കയില്ല. ഉപ്പുപാവപോലെ അഹംബുദ്ധി ബ്രഹ്മസമുദ്രത്തിൽ ലയിക്കുന്നു.

ഏതുപ്രകാരം നദികൾ ഒഴുകി സമുദ്രത്തിൽ വീണശേഷം അവയുടെ നാമം നശിച്ച് സമുദ്രമായിത്തീരുന്നുവോ അതേപ്രകാരം യാതൊരുവൻ അദ്ദേഹത്തെ അറിവാൻ ശക്തനാകുന്നു. അവൻ വ്യക്തിഭാവമില്ലാത്തവനായിട്ട് ആ പരാൽപരമായ പരമപുരുഷസ്വരൂപത്തിൽ ലയം പ്രാപിക്കുന്നു. അപ്പോൾ ഞാൻ അറിയുന്നു എന്ന് ആരുപറയും;

"യഥാനദ്യഃസ്യന്ദമാനാഃസമുദ്രേരസ്തംഗച്ഛന്തി
നാമരൂപേവിഹായ—തഥാവിദ്വാൻ നാമരൂപാദ്വിമുക്തഃ
പരാൽപരം പുരുഷമുപൈതിദിവ്യം" (മുണ്ഡകോ)

ഗംഗ മുതലായനദികൾ ഒഴുകി നാനാപ്രകാരത്തിലുള്ള നാമങ്ങളേയും ആകൃതികളേയും ധരിക്കുന്നു. എന്നാൽ, സമുദ്രത്തോട് എപ്പോൾ ചേരുന്നു, പിന്നെ അവയ്ക്ക് പ്രത്യേകമായ നാമമോ രൂപമോ ഉണ്ടായിരിക്കയില്ല. അതേപ്രകാരം വിദ്വാൻ (ആത്മദർശി) അവിദ്യാകൃതമായ നാമരൂപങ്ങളിൽനിന്നു വിമുക്തനായിട്ട് മുൻപറഞ്ഞ അക്ഷരാതീതനായ ദിവ്യപുരുഷനേ—പരമാത്മാവിനേ പ്രാപിക്കുന്നു.

ജഗദംബ എപ്പോൾ കേവലം ശുദ്ധമായ ഈ ബ്രഹ്മത്തിൻെറ അഥവാ പരമാത്മാവിൻെറ ഭാവത്തിൽ സ്ഥിതിചെയ്യുന്നു, അപ്പോൾ സൃഷ്ടിസ്ഥിതികളല്പംപോലും ചെയ്യുന്നില്ല. അവിടുത്തെ ഈ ഭാവം ത്രിലോകദുർജ്ഞേയമാകകൊണ്ട് അതിനേ അറിയുന്നതിനുള്ള ശക്തിയോ പടുത്വമോ നമുക്കില്ല. അവിടുത്തെ ഈ അവസ്ഥയെ പ്രകാശിപ്പിക്കുന്ന വിഷയത്തിൽ ശ്രുതികൾപോലും അസമർത്ഥങ്ങളായിരിക്കുമ്പോൾ നിർഗ്ഗുണാവസ്ഥയെ അറിയാനുള്ള പ്രയത്നം നമ്മേ സംബന്ധിച്ചിടത്തോളം വ്യഥാശ്രമംതന്നെ.

അദ്ദേഹം എത്രസമയം ഈ ശുദ്ധ നിർഗ്ഗുണഭാവത്തിൽ സ്ഥിതിചെയ്യുന്നു, അത്രയും സമയം അദ്ദേഹത്തിന് ഏതെങ്കിലും ഭാവമോ ആകാരമോ ഉണ്ടായിരിക്കയില്ല. അദ്ദേഹം അപ്പോൾ സമ്പൂർണ്ണം അനിർദ്ദേശ്യനായിരിക്കും. അദ്ദേഹം സ്ഥൂലമോ സൂക്ഷ്മമോ അല്ല. അദ്ദേഹത്തിന് ശബ്ദസ്പർശരൂപരസങ്ങളുണ്ടായിരിക്കയില്ല. ക്ഷയവുമില്ല. അപ്പോൾ അദ്ദേഹം "അശബ്ദമസ്പർശമരൂപമവ്യയം" (കേനോപനിഷത്) അദ്ദേഹം അപ്പോൾ അദൃശ്യനും, അഗ്രാഹ്യനും അഗോത്രനും അവർണ്ണനും ആകുന്നു. അദ്ദേഹത്തിന്ന് ചക്ഷുസ്സില്ല, കണ്ണുമില്ല, ഹസ്തപാദങ്ങളില്ല. ഗാർഗ്ഗി ബ്രാഹ്മണാ അഭിവദന്തി, അസ്ഥൂലം അനണു അഹ്രസ്വം അദീർഘം അലോഹിതം അസ്നേഹം അച്ഛായം അതമഃ അവായുഃ അ

നാകാശം അസങ്ഗം അരസം അഗന്ധം അചക്ഷുഷ്കം അശ്രോത്രം അവാക് അമനോ അതേജസ്കം അപ്രാണം അമുഖം അമാത്രം അനന്തരം അബാഹ്യം (ബൃഹദാരണ്യം)

ഹേ ഗാർഗ്ഗി! ആ അക്ഷര(ബ്രഹ്മ)ത്തെ ബ്രഹ്മജ്ഞാനികൾ ഇപ്രകാരം വർണ്ണിക്കുന്നു. അത് സ്ഥൂലമല്ല, അണുവല്ല, ഹ്രസ്വവും ദീർഘവുമല്ല, അത് ലോഹിതമല്ല, സ്നേഹമോ ഛായയോ അല്ല, തമസ്സല്ല, വായുവും ആകാശവുമല്ല, അത് സംഗരഹിതവും രസഗന്ധങ്ങളില്ലാത്തതുമാകുന്നു. അത് ചക്ഷുസ്സല്ല, ശ്രോത്രമല്ല, വാക്കല്ല, മനസ്സല്ല, തേജസ്സല്ല, പ്രാണനല്ല, മുഖമല്ല, മാത്രയല്ല, ആന്തരവും ബാഹ്യവുമല്ല.

ശങ്കരാചാര്യർ തൈത്തരീയഭാഷ്യത്തിൽ ബ്രഹ്മത്തിന്റെ ലക്ഷണത്തെ നിർദ്ദേശിച്ച് ഇപ്രകാരം ഗാനംചെയ്തിരിക്കുന്നു. "സർവ്വകാര്യധർമ്മവിലക്ഷണേബ്രഹ്മണി" സകല കാര്യങ്ങളിൽനിന്നും ധർമ്മങ്ങളിൽനിന്നും വിപരീതമായ ബ്രഹ്മത്തിൽ—അതായതു അതുസംബന്ധമായി ഇത്രമാത്രം പറയാൻ കഴിയും. എന്തെന്നാൽ. "അസ്തി" ഉണ്ട് അതിൽപരമായി ഒന്നുംതന്നെ പറയാൻ കഴിയുന്നില്ല. അറിയുന്നുമില്ല.

"അസ്തീതിബ്രുവതോഽന്യത്രകഥംതദുപലഭ്യതേ (കഠോപനിഷത്)

അസ്തി ഇത്രമാത്രം പറയാൻ കഴിയും. അതിലധികമായിട്ടു അറിയുന്നില്ല. മഹാനിർവ്വാണതന്ത്രത്തിൽ ബ്രഹ്മസ്വരൂപത്തെ ഇപ്രകാരം നിർദ്ദേശിച്ചിരിക്കുന്നു. എങ്ങിനെയെന്നാൽ.

സത്താമാത്രം നിർവ്വിശേഷമവാങ്മനസഗോചരം
അസത്രിലോകീസസദ്ഭാണം സ്വരൂപംബ്രഹ്മണസ്മൃതം
സമാധിയോഗൈസ്തദ്വേദ്യംസർവ്വത്രസമദൃഷ്ടിഭിഃ
ദ്വന്ദ്വാതീതൈർന്നിർവ്വികല്പൈർദ്ദേഹാത്മാദ്ധ്യാസവർജ്ജിതൈഃ

യാതൊന്നിന്റെ സത്തമാത്രം അറിയപ്പെടുന്നു. യാതൊന്ന് നിർവ്വിശേഷമായും മനോവാക്കുകൾക്കെത്താത്തതായും സ്ഥിതിചെയ്യുന്നു. മിത്ഥ്യാഭൂതമായ ത്രൈലോക്യത്തിൽ യാതൊന്ന് സത്സ്വരൂപമായി തോന്നുന്നു, അതുതന്നെ പരബ്രഹ്മം ഇതത്രേ പരബ്രഹ്മത്തിന്റെ സ്വരൂപലക്ഷണം. ഏതൊരാൾ ശത്രുമിത്രാദിസകലത്തിലും സമദർശിയായിരിക്കുന്നു. ഏതൊരാൾ സുഖദുഃഖരൂപമായ രണ്ടിനും മീതെ നിൽക്കുന്നു, ഏതൊരാൾ സങ്കല്പവികല്പങ്ങളില്ലാതെ സ്ഥിതിചെയ്യുന്നു, യാതൊരുവന് ദേഹത്തിൽ ആത്മാവെന്നുള്ള അഭിമാനമില്ല, അവൻ സമാധിയോഗത്താൽ ഈ ബ്രഹ്മസ്വരൂപത്തെ പ്രത്യക്ഷമാക്കുന്നു. ശാസ്ത്രങ്ങളുടെ അഭിപ്രായം എങ്ങിനെയെന്നാൽ, ശാസ്ത്രവർണ്ണിതമായ—ധർമ്മരഹിതവും ഗുണരഹിതവുമായ ബ്രഹ്മം ഉപാസിക്കത്തക്കതല്ല. എന്നാൽ, ശാസ്ത്രം "അദ്ധ്യാത്മയോഗാഭിഗമ്യ"മെന്ന് ജഗദംബയുടെ രൂപത്തെ നിർദ്ദേശിച്ചിരിക്കുന്നു. ആ അദ്ധ്യാത്മയോഗം—അഥവാ—സമാധിയോ

ഗം എന്തെന്നറിവാൻ കഴിഞ്ഞാൽ നമ്മെപ്പോലെ വിഷയാസക്തരും ദേഹാത്മാഭിമാനികളുമായവരുടെ കാൎയ്യത്തിൽ അദ്ധ്യാത്മയോഗമെന്ന കേവലം ഭ്രാന്തപ്രലാപംതന്നെ പ്രാചീനകാലത്തെ ഋഷികളിലുംമാത്രമാണെന്നു സ്പഷ്ടമായി ഗ്രഹിക്കാൻ കഴിയും. അദ്ധ്യാത്മയോഗാവലംബികളായ യോഗികളുടെ സംഖ്യ വളരെയായിരുന്നു എന്നു തോന്നുന്നില്ല. ശ്രുതി ഈ അദ്ധ്യാത്മയോഗത്തെക്കുറിച്ച് ഇപ്രകാരം പറയുന്നു.

ക്ഷുരസ്യധാരാ നിശിതാദുരത്യയാ
ദുൎഗ്ഗംപഥംതൽ കവയോവദന്തി. (കഠോപ—3/18)

നിശിതമായ ക്ഷുരധാരയിൽകൂടി ഗമിക്കുക എത്ര ദുസ്സാധമോ അതേ വിധം ഈ അദ്ധ്യാത്മയോഗമാൎഗ്ഗവും അത്യന്തദുൎഗ്ഗമമെന്നു പണ്ഡിതന്മാർ പറയുന്നു.

ശങ്കരാചാൎയ്യർ അദ്ദേഹത്തിൻെറ ഭാഷ്യത്തിൽ അദ്ധ്യാത്മയോഗത്തിന് ഇപ്രകാരം വ്യാഖ്യാനം ചെയ്തിരിക്കുന്നു. "വിഷയേഭ്യഃ പ്രതിസംഹൃത്യചേതസഃ ആത്മനി സമാധാനം" അതായതു്. ഇന്ദ്രിയങ്ങൾ, മനസ്സ്, ബുദ്ധി ഇവയെ ബാഹ്യജഗത്തിൽനിന്നും പിൻതിരിച്ച് ആത്മസ്വരൂപത്തിൽ ലയിപ്പിക്കുന്നതിന് പേർ സമാധിയോഗം. ആ പരമാത്മാവിനെ പ്രാപിയ്ക്കണമെങ്കിൽ ഇന്ദ്രിയശക്തിയെ വിഷയങ്ങളിൽനിന്നു സംഹരിച്ചിട്ട് മനസ്സിലും മനസ്സിനെ വിഷയങ്ങളിൽനിന്ന് സംഹരിച്ച് ബുദ്ധിയിലും, ബുദ്ധിയെ പ്രകൃതിയിലും, അപ്രകാരം പ്രകൃതിയെ ആത്മാവിലും ലയിപ്പിക്കണം. ഇപ്രകാരമുള്ള യോഗം, നമ്മെപ്പോലെ കാമിനികാഞ്ചനങ്ങളിൽ ആസക്തരായവൎക്ക് അവലംബിക്കാൻ പാടില്ല. രാപ്പകൽ വിഷയലോലുപന്മാരായി കേവലം ശിശ്നോദരപരായണരായ ജനങ്ങളുടെ നാവിൽനിന്ന് ശാസ്ത്രീയമായ നിരാകാരനിൎഗ്ഗുണോപാസനയുടെ അദ്ധ്യാത്മയോഗത്തിൻെറ കഥാകഥനംപോലും വെറും പ്രലാപം മാത്രമായിരിക്കും. ശ്രീരാമകൃഷ്ണപരമഹംസദേവൻ പറയുന്നു:—"അതിനെ ഇന്ദ്രിയങ്ങൾ മാൎഗ്ഗമായോ ഈ മനസ്സുകൊണ്ടോ അറിയാൻ കഴികയില്ല. ഏതൊരു മനസ്സിൽ വിഷയാഭിലാഷമില്ലയോ അപ്രകാരം ശുദ്ധമായ മനസ്സുമാൎഗ്ഗമായി അതിനെ അറിയാൻ കഴിയും. കാമിനീകാഞ്ചനത്യാഗികളായ മഹാപുരുഷന്മാരെ സംബന്ധിച്ചിടത്തോളമേ ഇപ്രകാരമുള്ള അദ്ധ്യാത്മയോഗത്തിന് സാംഗത്യമുള്ളു. ശാസ്ത്രം എപ്പോൾ നിൎഗ്ഗുണോപാസനയെ വൎണ്ണിച്ചുവോ അപ്പോൾതന്നെ ശാസ്ത്രീയമായ ഈ അദ്ധ്യാത്മയോഗത്തെക്കുറിച്ചും പ്രതിപാദിച്ചിട്ടുണ്ടു്. സഗുണോപാസനം അദ്ധ്യാത്മയോഗം ഇവ ആകാശപാതാളങ്ങൾപോലെ അന്തരമുള്ളവയാണ്. അദ്ധ്യാത്മയോഗലഭ്യമായ ബ്രഹ്മജ്ഞാനത്തെക്കുറിച്ച് ശാസ്ത്രം ഇപ്രകാരം പറയുന്നു.

"അയം തു പരമോധമ്മോ യദ്യോഗേനാത്മദശ്നം" (യാജ്ഞവൽക്യ)
"നഹിജ്ഞാനേനസദൃശംപവിത്രമിഹവിദ്യതേ" (ഗീതാ)
"ജ്ഞാതേദ്വൈതം ന വിദ്യതേ" (ഗൌരപാദകാരികാ)

സമാധിയോഗത്താൽ ജീവൻ എപ്പോഠം ബാഹ്യലോകത്തേ സമ്പൂണ്ണം പരിത്യജിച്ചു് എല്ലാ ഹൃദയവാസനകളേയും ലയിപ്പിച്ചു് പ്രകൃതിയുടെ ഉച്ചശ്രേണിയിൽ ആരോഹിക്കുന്നതിന് ശക്തനാകുന്നു, അപ്പോഠം അവന് ആത്മദശ്നനം ലഭിക്കുന്നു. ഈ ആത്മദശ്നത്തേ ശാസ്ത്രങ്ങളിൽ ബ്രഹ്മജ്ഞാനമെന്നു വണ്ണിച്ചിരിക്കുന്നു. നമ്മുടെ ആത്മാവു് എപ്പോഠം ഉപാധിശൂന്യ—വാസനാദി ഉപാധിശൂന്യമാകുന്നു, അപ്പോഠം അതു് ബ്രഹ്മമാകുന്നു. മനുഷ്യരുടെ ആത്മാവും പരമാത്മാവും ഒരേ വസ്തുതന്നെ. "അയമാത്മാബ്രഹ്മ" ഈ ജീവാത്മാവുതന്നെ ബ്രഹ്മം. "നഹി ജ്ഞാനേനസദൃശം" എന്ന പദത്തിൽ പ്രതിപാദിക്കപ്പെട്ട ജ്ഞാനം ഈ ആത്മദശ്നം—ബ്രഹ്മജ്ഞാനമാകുന്നു. ഈ ജ്ഞാനം എപ്പോഠം ഉപസ്ഥിതമാകുന്നുവോ അപ്പോഠം ഞാനും ബ്രഹ്മവും വേറെന്നുള്ള ദ്വൈതബുദ്ധിയ്ക്കു് സംഗതിയില്ല. ജീവൻ ശിവനായിട്ടു് ജന്മമൃത്യുക്കളുടെ പിടിയിൽനിന്നു നിമ്മുക്തനായി ജീവന്മുക്തനാകുന്നു. ശാസ്ത്രീയമായ നിഗ്ഗുണോപാസനം—അദ്ധ്യാത്മയോഗം നമ്മേപ്പോലെ വിഷയാസക്തരായി ബാഹ്യലോകത്തിൽ വിചരിക്കുന്ന മനുഷ്യക്കു് അവലംബിക്കത്തക്കതല്ല. ഈ മാഗ്ഗത്തിന് അധികാരികഠ ഇക്കാലത്ത് ആരെങ്കിലും ഉണ്ടോ എന്നു് സംശയമാണ്. ഉണ്ടായിരുന്നാൽതന്നെ അവരുടെ സംഖ്യ വളരെ തുച്ഛമായേ ഇരിക്കു. ഈ അദ്ധ്യാത്മയോഗത്തിന് അധികാരി നിദ്ദേശംചെയ്തു് വേദാന്തസാരം ഇപ്രകാരം പറഞ്ഞിരിക്കുന്നു.

"അധികാരീതുവിധിവദധീതവേദവേദാങ്ഗത്വേനാ പാതതോഽധിഗതാഖിലവേദാത്ഥോഽസ്മിൻ ജന്മനിജന്മാന്തരേ വാ കാമ്യനിഷിദ്ധവജ്ജനപുരസ്സരം നിത്യനൈമിത്തികപ്രായശ്ചിത്തോപാസനാനുഷ്ഠാനേനനിഗ്ഗതനിഖിലകന്മഷതയാ നിതാന്തനിമ്മലസ്വാന്തഃ സാധനചതുഷ്ടയസമ്പന്നഃപ്രമാണാ" യാതൊരുവൻ വേദവേദാങ്ഗാദികളേ വിധിപോലെ അദ്ധ്യയനംചെയ്തു് (അഖിലവേദാത്ഥങ്ങളേയും മനസ്സിലാക്കി) ഈ ജന്മത്തിലോ അഥവാ പൂവ്വജന്മങ്ങളിലോ കാമ്യങ്ങളും നിഷിദ്ധങ്ങളുമായ കമ്മങ്ങളേ വജ്ജിച്ചു് സന്ധ്യാവന്ദനം തുടങ്ങിയ നിത്യകമ്മങ്ങളേയും യാഗയജ്ഞാദികളായ നൈമിത്തികകമ്മങ്ങളേയും പാപശമനത്തിനായിട്ടു് പ്രായശ്ചിത്തകമ്മങ്ങളേയുംചെയ്തു് ഉപാസനാദി അനുഷ്ഠാനദ്വാരാ സകല പാപങ്ങളിൽനിന്നും വിമുക്തനും അത്യന്തം നിമ്മലചിത്തനും സാധനചതുഷ്ടയസമ്പന്നനുമായിരിക്കുന്നു, അവനത്രേ അദ്ധ്യാത്മയോഗത്തിന് അധികാരി. യാതൊരുവൻ ബ്രഹ്മംമാത്രം സത്യം മററുള്ള സവ്വവും അനിത്യം, എന്നു് സംശയലേശംകൂടാതെ ഇന്നും

എന്നും വിഷയഭോഗങ്ങളിൽ സമ്പൂർണ്ണനിസ്പൃഹനായിരിക്കുന്നു. അപ്രകാരം യാതൊരുവന്ന് വിഷയാഭിലാഷം നിശ്ശേഷം നിവൃത്തമായിട്ട് മോക്ഷലബ്ധിക്കുവേണ്ടി ഏകാന്തമായ ആഗ്രഹം ഉണ്ടായിരിക്കുന്നു, അവനത്രേ ശാസ്ത്രസമ്മതനായ സാധനചതുഷ്ടയസമ്പന്നൻ.

"നിത്യാനിത്യവസ്തുവിവേകേഹാമുത്രഫലഭോഗവിരാഗഃ ശമദമാദിസത്വമുമുക്ഷുത്വം" (വേദാന്തസാരം)

ഈ നിർഗ്ഗുണോപാസന അഥവാ അദ്ധ്യാത്മയോഗത്തിന്ന് അധികാരിയായ മർത്ത്യൻ എപ്രകാരം സ്ഥിതിപ്രജ്ഞനായിരിക്കുമെന്നതിന്റെ ലക്ഷണം ഭഗവാൻ കൃഷ്ണാവതാരത്തിൽ ഗീതയിൽ ഇപ്രകാരം അരുളിച്ചെയ്തിരിക്കുന്നു.

പ്രജഹാതിയദാകാമാൻ സർവ്വാൻപാർത്ഥമനോഗതാൻ
ആത്മന്യേവാത്മനാതുഷ്ടഃ സ്ഥിതപ്രജ്ഞസ്തദോച്യതേ.
ദുഃഖേഷ്വനുദ്വിഗ്നമനാഃ സുഖേഷുവിഗതസ്പൃഹഃ
വീതരാഗഭയക്രോധഃ സ്ഥിതധീർമ്മുനിരുച്യതേ–
യഃസർവ്വത്രാനഭിസ്നേഹ സ്തത്തൽപ്രാപ്യശുഭാശുഭം
നാഭിനന്ദതിനദ്വേഷ്ടി തസ്യപ്രജ്ഞാപ്രതിഷ്ഠിതാ
യദാസംഹരതേമായം കൂർമ്മോംഗാനീവസർവ്വശഃ
ഇന്ദ്രിയാണീന്ദ്രിയാർത്ഥേഭ്യ സ്തസ്യപ്രജ്ഞാപ്രതിഷ്ഠിതാ.
(ഗീതാ–അ.2–55–58)

ശ്രീഭഗവാൻ പറയുന്നു, ഹേ പാർത്ഥ! യോഗിയായ പുരുഷന്റെ അന്തഃകരണത്തിലുള്ള ആശ, തൃഷ്ണ, അഭിലാഷം ഇവയെല്ലാം ഏകകാലത്തിൽ എപ്പോൾ പരിത്യജിക്കുന്നു; ഒരു വിഷയത്തിലും യാതൊരുവിധത്തിലുള്ള തൃഷ്ണയോ കാമനയോ അല്പമാത്രംപോലും ഉണ്ടായിരിക്കയില്ല. കേവലം പരമാർത്ഥതത്വമായ ആത്മസ്വരൂപത്തിൽതന്നെ സന്തുഷ്ടനായിരിക്കും. ഈ അവസ്ഥയിൽ അവനേ സ്ഥിതപ്രജ്ഞനെന്നോ ബ്രഹ്മജ്ഞാനിയെന്നോ പറയും. എപ്പോൾ ദുഃഖങ്ങളിൽ യാതൊരുവിധമായ ഉദ്വേഗവും ഉണ്ടാകാതെ സുഖങ്ങളിലും യാതൊരു സ്പൃഹയും ജനിക്കാതെ, ആസക്തി, ഭയം, കോപം മുതലായവയെ സമൂലം പരിത്യജിച്ചിരിക്കുന്നു, അവനേ സ്ഥിതധീ അഥവാ ബ്രഹ്മജ്ഞാനിയായ മുനിയെന്നു പറയും. യാതൊരുവൻ പുത്രകളത്രാദികളിലും ദേഹാദികളിലും ഐശ്വര്യത്തിലും സ്നേഹരഹിനായിട്ടും ശുഭാശുഭങ്ങളാൽ ഒരുവിധത്തിലും സുഖിയോ ദുഃഖിയോ ആകാതെയിരിക്കുന്നു, അവന്ന് ബ്രഹ്മജ്ഞാനം ലഭിച്ചതായി പറയാം. കൂർമ്മം എപ്രകാരം കരചരണാദ്യവയവങ്ങളേ വെളിയിൽനിന്നും സങ്കോചിപ്പിച്ച് ദേഹമദ്ധ്യത്തിൽവയ്ക്കുന്നു, അപ്രകാരം സ്വന്തം ഇന്ദ്രിയഗണങ്ങളേ രൂപരസാദിവിഷയങ്ങളിൽനിന്നും പ്രത്യാഹരിച്ച് യാതൊരുവൻ സ്വാത്മവസ്തുവിൽ ലയിപ്പിക്കുന്നുവോ, അപ്പോൾ അവനേ ബ്രഹ്മജ്ഞാനം സിദ്ധിച്ചവനായിക്കരുതാം.

വിഹായകാമാൻ യസ്സർവ്വാൻ പുമാംശ്ചരതിനിസ്പൃഹഃ
നിർമ്മമോ നിരഹങ്കാരഃ സശാന്തിമധിഗച്ഛതി
ഏഷാബ്രാഹ്മീസ്ഥിതിഃ പാർത്ഥ! നൈനാംപ്രാപ്യവി
മുഹ്യതി- സ്ഥിത്വാ സ്യാമന്തകാലേപി ബ്രഹ്മനിർവ്വാണമൃച്ഛതി.

(ഗീതാ)

യാതൊരുവൻ സമസ്തവാസനകളേയുംപരിത്യജിച്ച് ജീവനിൽ പോലും നിസ്പൃഹനായി ഞാൻ എന്റേത് എന്നുള്ള ഭാവങ്ങളേയും ഉപേക്ഷിച്ചു സഞ്ചരിക്കുന്നു, അവൻ, നിർവ്വാണമെന്ന മുക്തിപ്രാപിക്കാൻ ശക്തനാണ്. ഹേ പാർത്ഥ! ഇതിനേ ബ്രഹ്മാകാരേണയുള്ള സ്ഥിതിയെന്നു വ്യവഹരിക്കുന്നു. പ്രസ്തുത ബ്രഹ്മസംസ്ഥാനത്തെ—ബ്രാഹ്മിയായ സ്ഥിതിയേ പ്രാപിച്ചാൽ ജീവൻ പിന്നീടു മോഹിക്കയില്ല. ജീവിതത്തിന്റെ അന്തിമദശയിലായാലും ഇപ്രകാരം ബ്രഹ്മനിഷ്ഠനായി സ്ഥിതിചെയ്യുന്നതായാൽ ജീവൻ ബ്രഹ്മത്തിൽതന്നെ വിലയം പ്രാപിക്കും

ഇപ്രകാരം സ്ഥിതപ്രജ്ഞനായ പുരുഷൻ അദ്ധ്യാത്മയോഗത്തിന് യോജിച്ചപാത്രംതന്നെ. ഈവിധമായ ജ്ഞാനത്തെ ശാസ്ത്രാന്തസാരമായ ബ്രഹ്മജ്ഞാനമെന്നും ബ്രഹ്മനിഷ്ഠയെന്നും, കൈവല്യമുക്തിയെന്നും പറയപ്പെടും.

പി. ശേഷാദ്രി അയ്യർ, ബി. ഏ, ബി. എൽ.

## മഞ്ജുള.

(ഒരു ചെറുകഥ)

മഞ്ജുള ഇരിക്കുന്നതു് മററു പെൺകുട്ടികൾ കളിക്കുന്ന ഇടത്തിൽനിന്നു ഒരു അമ്പതുവാര അകലത്താണ്. കലാശാലയിലെ ഉയർന്ന ക്ലാസ്സുകളിൽ പഠിക്കുന്ന ആ പെൺകുട്ടികൾ—യുവതികൾ—പഠിപ്പിന്നും പ്രായത്തിന്നും ഒത്ത പല നേരമ്പോക്കുകളിൽ ഏർപ്പെട്ടു സമയംകഴിക്കുമ്പോൾ മഞ്ജുളമാത്രം ചിന്താമഗ്നയായി ഇരിക്കുകയാണ്. സ്വർണ്ണനിറം, റോജാപ്പൂവിൻനിറം, മഞ്ഞനിറം മുതലായ അഴകേറിയ വിവിധവർണ്ണത്തിലുള്ള സാരികൾ ഉടുത്തു്, തലമുടി ചീകിമടഞ്ഞു് മല്ലികാമാല്യംചൂടി കൈകോർത്തും കെട്ടിപ്പിടിച്ചും കളിക്കുന്ന ആ യുവതികളിൽനിന്നു ബാഹ്യാഡംബരങ്ങൾകൊണ്ടും അംഗസൌകുമാര്യംകൊണ്ടും ഒട്ടും വ്യത്യാസപ്പെടാത്ത മഞ്ജുള അവരുടെ ലീലകളിൽ നിരുത്സുകയായിട്ടെന്നപോലെ അടങ്ങിയിരിക്കയാണ്. കടൽക്കരയിലെ തരിമണലിൽ കൈകൊട്ടിക്കളിക്കുന്ന ആ സുന്ദരികളുടെ സബ്രഹ്മചാരിണി, പാൽനുരകളാൽ തൂമന്ദഹാസംചെയ്തുകൊണ്ടു് തനിക്കു സ്വാഗതമരുളുന്ന തിരമാലകൾ വന്നു കാൽ തലോടുന്നതുമേററു പുഞ്ചിരിയിട്ടുകൊണ്ടു്

അവിടെയിരിക്കുകയായിരുന്നു. അസ്തമനസൂൎയ്യൻ തന്റെ കാഞ്ചനകിരണങ്ങൾ, ചാടിക്കളിക്കുന്ന ആ പേടമാൻതുല്യകൾക്കും, നിശ്ചേഷ്ടയായിരിക്കുന്ന ആ ധ്യാനതല്പരയ്ക്കും പക്ഷഭേദമെന്നിയെ സമ്മാനിച്ചു. മഞ്ജുളയുടെ ഈ ഭിന്നരുചി അവളുടെ സഹോദരികൾക്കു നല്ല അറിവുണ്ടായിരുന്നുവെന്നു തോന്നുന്നു. അവർ അവളുടെ ഈ ഏകാന്തവാസത്തെപ്പററി അല്പമെങ്കിലും ഗൌനിച്ചില്ല. "അവളുടെ കാമുകനെ കൊണ്ടുവരുന്ന ആ തിരയേയും കാത്തിരിക്കയാണ്" എന്നു് ഒരു യുവതി ഒരിക്കൽ പറഞ്ഞപ്പോൾ അവരെല്ലാം പൊട്ടിച്ചിരിച്ചു. പക്ഷെ യൌവനഗോപുരത്തിലേക്കു തിക്കിത്തിരക്കിക്കയറുന്ന ഈ സുകുമാരികൾക്കു അവരുടെ ഒരു സഹോദരിയുടെ കഥ വളരെ ആലോചിപ്പാനൊ അവളെത്തന്നെ എപ്പോഴും സ്മരിപ്പാനൊ നിൎവാഹമില്ലല്ലൊ. ഹൃദയാവൎജ്ജകമായ ഒരു മൃദുഗാനത്തോടുകൂടി ആ പെൺകുട്ടികൾ അവരുടെ വാസസ്ഥാനത്തേക്കു തിരിച്ചു.

മഞ്ജുള ഇടക്കിടക്കു അവരേ നോക്കാറുണ്ടായിരുന്നുവെങ്കിലും ഒരു നാഴികയോളം അവൾ ദൃഷ്ടികൾ ഭൂചക്രവാളത്തിൽ ഉറപ്പിച്ചിരുന്നതിനാൽ സഹോദരികൾ കടൽക്കരയിൽനിന്നു മടങ്ങിപ്പോയതു അവൾ അറിഞ്ഞിരുന്നില്ല. നേരം രാത്രിയായിട്ടുമില്ല. ദിനനാഥഭഗവാൻ അംബുധിയിൽ മുങ്ങിക്കഴിഞ്ഞിരുന്നുവെങ്കിലും അപ്പോൾ നാലുപാടും വ്യാപിച്ച കല്ലോലമാലകൾ അവയുടെ നൎത്തനം നിൎത്തിക്കഴിഞ്ഞിട്ടില്ല. പൊൻചമ്പകപ്പൂവും മല്ലപ്പൂവുംകൊണ്ടു് മൂടിയ ആ തിരകൾ നീരാട്ടത്തിൽ നേരെ മേല്പോട്ടു ചാടിക്കളിക്കുന്നസമയം, അനുരാഗതപ്തമായിത്തുടുത്ത മുഖങ്ങൾകൊണ്ടു് അംബുദങ്ങൾ അവയെ ചുംബിക്കുന്നതായിരിക്കാം മഞ്ജുളയുടെ ദൃഷ്ടികളെ ആകൎഷിച്ചതു്. അവൾ "എന്റെ സുകുമാരാ!" എന്നു മാത്രം മന്ദമായി ഉച്ചരിച്ചു ഒന്നു ദീൎഘമായി നിശ്വസിച്ചു. മഞ്ജുളയുടെ മനസ്സിൽ എന്തു വിചാരമാണ് ഉണ്ടായിരുന്നതെന്നു നിൎണ്ണയിപ്പാൻ നിൎവ്വാഹമില്ല. മേഘകാമുകന്മാർ കല്ലോലകാമിനികളെ ചുംബിക്കുന്നതാണ് മഞ്ജുളയെ അവശപ്പെടുത്തുന്നതെന്നു തോന്നുന്നില്ല. അവളുടെ മനസ്സിൽ കടന്നുനോക്കാം. "എന്തൊരു ഭക്തന്മാരാണ് ഈ അംബുദങ്ങൾ! ആ തിരമാലകളുടെ വെറും സാന്നിദ്ധ്യത്തിൽതന്നെ അവരുടെ മുഖബിംബങ്ങൾ അരുണിമപൂണ്ടു. തിരകളുടെ അനുരാഗമൊ? അവർ കാണുന്ന മാലകളും മുത്തുമാല്യങ്ങളും കയ്യിൽ എടുത്തു അംബുദങ്ങളുടെ കഴുത്തിൽ എത്തുവാൻ കൈനീട്ടുകയല്ലെ ചെയ്യുന്നതു്! ആ കാമിനീകാമുകന്മാർ അനുരാഗത്തിന്റെ ഉത്തമമാതൃകകളല്ലെ! നോക്കുക അവരുടെ ഇരുവരുടേയും ഹൃദയം എന്താണ്? ഏകം. പരിശുദ്ധവും നിൎമ്മലവുമായ ജലം. സൂൎയ്യൻ അസ്തമിച്ചിട്ടുപോലും അവർ അവരുടെ ലീലകൾ നിൎത്താതെ അംബുദങ്ങളുടെ സാ

ന്നിദ്ധ്യത്തിൽ മതിമറന്നു സന്തുഷ്ടരായിരിക്കുന്നതു് നോക്കുക! ഞാനും ഇവിടെ കാത്തിരിക്കാം, എന്റെ സുകുമാരാ!" അവളുടെ ആലോചനാവീചിയിലെ ഒടുവിലത്തെ ഭാഗമാണു് നമുക്കു ഗ്രഹിപ്പാനിടയായതു്.

മുമ്പോട്ടു, ഭൂചക്രവാളത്തിലേക്കു, തിരിച്ചിരുന്ന അവളുടെ അക്ഷികൾ അർദ്ധനിമീലിതങ്ങളായി. അത്യുഷ്ണകിരണംകൊണ്ടു് വാടിയ ഇളംതണ്ടിന്നു് വഹിപ്പാൻകഴിയാതെ ഒടിഞ്ഞുപോകുന്ന കുസുമംപോലെ അവളുടെ മുഖം ചാഞ്ഞു് കരതളിരുകളിൽ നിക്ഷിപ്തമായി. അവൾ കരയുകയാണൊ? അവൾ ഒരു അനുരാഗതാപമൊ, ആശാഭംഗമൊ, നിമിത്തം വ്യസനിക്കുകയാണൊ? അവൾക്കു വല്ല ക്ഷീണവുംതട്ടീട്ടുണ്ടൊ? മഞ്ജുള ഇങ്ങിനെയുള്ള യാതൊരുതരം ബാധകൾക്കും അടിമപ്പെട്ടിട്ടുണ്ടെന്നു് തോന്നുന്നില്ല. അവളുടെ മനോവാരാശിയിലെ വിചാരവീചികളെ പരിശോധിക്കുന്നതായാൽ അതു് അവ്യക്തമാവുന്നതാണു്. "നീ അവയെനോക്കി വ്യസനിക്കരുതു്. ഭവതിയുടെ ഈ ചികുരഭാരത്തിലും വാടാമലർകൊണ്ടുള്ള ഒരു മാലയുണ്ടല്ലൊ. അതിന്റെ സൌരഭ്യം ദേശാന്തരങ്ങളിൽപോലും വ്യാപിക്കുന്നുമുണ്ടു്. ഭവതിയുടെ ഹൃദയം പരിശുദ്ധം, അനുരാഗമൊ സുദൃഢം, ഭവതിയുടെ സ്നേഹലാഭത്തിന്നു് ഭാഗ്യംസിദ്ധിച്ച ഈ യുവാവു ഭവതിയുടെ ദാസൻ, ആയിരം നാഴിക അകലെനിന്നു് മനോവേഗതയോടെ ഓടി എത്തിയ അടിയൻ ഭവതിയുടെ വദനബിംബത്തിൽ അരുണവർണ്ണം ചാർത്തുന്നതല്ലാതെ അതിൽ കളങ്കമേൽപ്പിക്കുവാൻ എങ്ങിനെയാണു് ശക്തനാകുന്നതു്?"

മഞ്ജുള മുഖം ഉയർത്തി. അതിന്നു സൃഷ്ടിച്ച കരതാരുകൾകൊണ്ടുള്ളതല്പം അങ്ങിനെ തന്നെ മുഖത്തെ തിരിച്ചു വിളിക്കുന്നുവെന്നു അവൾക്കു തോന്നി. സുകുമാരന്റെ— തന്റെ അനുരാഗത്തിന്നു പാത്രീഭവിച്ച തന്റെ കാമുകന്റെ—ദുശ്ശങ്ക, താൻ കരയുകയാണെന്ന ദുശ്ശങ്ക, തീർപ്പാൻ മാത്രമായിരുന്നു അവൾ മുഖം പൊക്കിക്കാണിച്ചതു്. അവളുടെ മുഖത്തു് വ്യസനത്തെ സൂചിപ്പിക്കുവാൻ യാതൊന്നുമില്ല. അവിടെ ഒരു പുഞ്ചിരിയാണു് കളിയാടുന്നതു്. ആ സംഭാഷണത്തെ അർദ്ധോക്തിയിൽ നിർത്തിയതിലുള്ള വേദനയോടുകൂടെ മഞ്ജുള വീണ്ടും മുഖം കരതല്പത്തിൽ നിക്ഷേപിച്ചു. പക്ഷെ അതിനെ തുടർന്നുകൊണ്ടു് യാതൊന്നും പറയുന്നതു് കേൾപ്പാനുണ്ടായിരുന്നില്ല. അസ്വസ്ഥയായ മഞ്ജുള മനസ്സു ദൃഢമായി ഉറപ്പിച്ചു് അനങ്ങാതെയിരുന്നു. മഞ്ജുളയുടെ ചുമലുകളിൽ മൃദുപാണികൾ പതിച്ചു. അതു് ശീതളമായും തോന്നി. തപ്തനിശ്വാസം തന്റെ ശിരസ്സിൽ വീശിക്കൊണ്ടിരുന്നു. തലയിൽ ചൂടിയ മുല്ലപ്പൂമാലയിൽ ചുംബിക്കുന്നതും അതിന്റെ നിർഭരതയും അവൾക്കു ഗ്രഹിക്കായി. മഞ്ജുള ആടി എഴുനേററു. ആരെയും കാണ്മാ

ണ്ടായിരുന്നില്ല. അവൾ ഇരുന്ന തോണിയുടെ നാലുപാട്ടുമുള്ള മണലിൽ സൂക്ഷിച്ചുനോക്കി. അവിടെയും ആരും—സുകുമാരനും—ഉണ്ടായിരുന്നില്ല. കാററു ഉറക്കെ വീശിക്കൊണ്ടിരുന്നതിനാൽ തനിക്കുതോന്നിയ കളികൾ എല്ലാം കാററുകൊണ്ടുണ്ടായിരുന്നതായിരിക്കേണമെന്ന് തീച്ചപ്പെടുത്തി.

കടൽക്കരയിൽ കയററിനിത്തിയ തോന്നി തനിക്കു അത്യന്തം സുഖകരമായ ഒരു മൃദുതല്പമായി തോന്നി. നേരം രണ്ടുനാഴിക രാത്രിയായിരിക്കും. അന്ധകാരത്തിൻെറ നിബിഡതയും വദ്ധിച്ചുകൊണ്ടുവന്നു. എന്നാൽ അതൊന്നും ആ യുവതി ഗണിച്ചില്ലെന്ന് തോന്നുന്നു. അവൾ ആ തോണിയുടെ മേൽഭാഗം തൻെറ ശയ്യയാക്കി അവിടെ കിടന്നു.

"മഞ്ജുളെ! നീ രാത്രിയായത് അറിഞ്ഞിട്ടില്ലെന്നു തോന്നുന്നുവല്ലൊ. നീ എന്താണ് വീട്ടിലേക്കു തിരിച്ചുവരാത്തത്?"

"എനിക്കു ഇവിടെയാണ് അധികം സുഖം തോന്നുന്നത്."

"അതെന്തുകൊണ്ടാണ്? ഇവിടെ എന്താണുള്ളത്? നീ ഒരു പെൺകുട്ടിയല്ലെ? ആരും സഹായമില്ലാതെ നീ കടൽക്കരയിൽ തനിയെ കിടക്കുകയൊ?"

"അതെ എനിക്കു ധാരാളം സഹായമുണ്ട്. എനിക്കു ഭയമില്ല. ഒരാൾ എനിക്കു സഹായമുണ്ട്. അയാൾ മതി"

"ആരാണത്? ഈശ്വരനൊ?"

"അതെ എൻെറ ഈശ്വരൻതന്നെ!"

"നിണക്കു ഭ്രാന്താണൊ?"

"അതെ."

ഇത്രമാത്രമെ അവളെ തേടിവന്ന ആ സഹോദരി മഞ്ജുളയെ സഹായിപ്പാൻ നിശ്ചയിച്ചിരുന്നുള്ളു. തൻെറ സബ്രഹ്മചാരിണിയാകയാൽ തൻെറ ധമ്മം നടത്തി എന്നു സമാധാനിച്ചു അവൾ മഞ്ജുളയെ അവിടെ തനിയെവിട്ടു സ്വഗൃഹത്തിലേക്കു പോയി.

അന്ന് പൌണ്ണമാസിയുടെ പിറേറന്നാൾ ആകയാൽ വളരെ താമസിയാതെ അവൾക്കു ചന്ദ്രൻെറ സന്ദശനവും ചന്ദ്രികയുടെ പരിചരണവും സിദ്ധിച്ചു. മഞ്ജുളയുടെ ദൃഷ്ടി ആദ്യമായി പതിച്ചത് പാലൊളിപുരണ്ട പൂഴിയിൽപതിച്ച തൻെറ ഛായയിലായിരുന്നു. അവൾ ഒന്നു ഞെട്ടി, "ഒരാളുടെ"—"അവളുടെ ഈശ്വര"ൻെറ—സാന്നിദ്ധ്യമുണ്ടാകയാൽ ഭയത്തെ അറിയാത്ത മഞ്ജുള നിരുപദ്രവിയായ തൻെറ ഛായകണ്ടു ഭയപ്പെട്ടുവെന്നു കരുതുവാൻ നിവ്വാഹമില്ല. എങ്കിലും അവളുടെ ദൃഷ്ടികൾ തൻെറ നിഴലിൽനിന്ന് പിൻവലിക്കുവാൻ

അവൾക്കു സാധിച്ചില്ല. നിശ്ശേഷയായ മഞ്ജുളയുടെ ഛായ നിശ്ശേഷയായി ഇരിക്കുന്നില്ല. മാറിടത്തിൽ കൂപ്പിയ തന്റെ ഇരുകരങ്ങൾക്കു പകരം ഛായയിൽ ഒരു കരം നീട്ടിയതായിക്കാണ്മാനുണ്ട്. അതിന്റെ മുഖമാകട്ടെ ഒരു ഭാഗത്ത് ചരിച്ചിട്ടിട്ടുണ്ടായിരുന്നു. ഛായകൾക്കു സാധാരണമായി നാലതിരുകൾ മാത്രമേ കാണുക പതിവുള്ളുവെങ്കിലും അപ്പോൾ ആ ഛായയിൽ കണ്ണുകളും മുഖവും മററു അവയവങ്ങളും വ്യക്തമായിക്കാണാമായിരുന്നു. എന്നുമാത്രമല്ല, ആ ഛായയുടെ ദൃഷ്ടികൾ തന്റെ നേരെതന്നെ നോക്കുന്നുണ്ടായിരുന്നു. അവയവങ്ങൾക്കു അനക്കവുമുണ്ട്. തന്റെ സ്വന്തം നിഴലാണല്ലൊ എന്നു മഞ്ജുള ആലോചിച്ചു. അവളുടെ മനസ്സിൽ ഒന്നു കടന്നു നോക്കാം. "ഇതു എന്റെ നിഴലല്ലെ?—അതെ, നിന്റെ നിഴൽതന്നെ—ഇതു അനങ്ങുന്നുണ്ടല്ലൊ—ഉവ്വ്—ഈ ഛായ സംസാരിക്കുന്നുമുണ്ട്. ഇതു ഒരു പുരുഷഛായയാണെന്നു തോന്നുന്നുവല്ലൊ—അല്ല, ഇതു ഭവതിയുടെ ഛായതന്നെയാണ്. ഞാൻ എന്നാണ് ഭവതിയെ പിരിഞ്ഞിട്ടുള്ളതു്?—ഛായ എന്നെ പിരിയാറില്ലെന്നതു വാസ്തവമാണ്. പക്ഷെ ഇതു എന്റെ ഛായയല്ല—അതെ, ഭവതി അന്യഥാ ധരിക്കേണ്ട. ഞാൻ ഭവതിയുടെ ഛായയാണ്." മഞ്ജുള സ്വല്പനേരം മൌനം സ്വീകരിച്ചു. ഛായയും രൂപാന്തരപ്പെട്ടു. അതു രൂപാന്തരപ്പെട്ടപ്പോഴാണ് മഞ്ജുളയ്ക്കു തന്റെമുമ്പിൽ നിന്നതു് സുകുമാരനായിരുന്നുവെന്നു തോന്നിയതു്. "എന്റെ സുകുമാരാ" എന്നു വിളിച്ചതും ആ ഛായ പൂർണ്ണമായി ഭേദപ്പെട്ടതും ഒരുമിച്ചു കഴിഞ്ഞു. തന്റെ സ്വന്തം ഛായ അവിടെത്തന്നെ കണ്ടുവെങ്കിലും മഞ്ജുളയെ ആ ഛായാസുകുമാരൻ ആലിംഗനംചെയ്യുന്നതായി അവൾക്കു തോന്നി. അതിൽനിന്നും തന്നെ മുക്തയാക്കുവാൻ ഉദ്ദേശിച്ച് മഞ്ജുള അവിടെനിന്നു എഴുനീററുവെങ്കിലും അവിടെ സുകുമാരനൊ യാതൊരാളൊ ഉണ്ടായിരുന്നില്ല. അതു വെറും ഒരു സ്വപ്നമായിരിക്കുമെന്നു കരുതുവാൻ അവൾക്കു നിദ്ര ലവലേശം ഉണ്ടായിരുന്നതുമില്ല.

മഞ്ജുള വീണ്ടും ആ സൈകതപ്പൂന്തല്പത്തെ ആശ്രയിച്ചു അവിടെ ഇരുന്നു. ചന്ദ്രികയുടെ പരിചരണം അനുഭവിച്ചു മഞ്ജുള ഒന്നു മയങ്ങി. പക്ഷെ നിദ്രാദേവിയ്ക്കു അവളുടെ ഓർമ്മശക്തിയേയൊ ആലോചനയേയൊ ബന്ധിക്കുവാൻ സാധിച്ചില്ലെന്നു തോന്നുന്നു; അഥവാ അവൾ ഉറങ്ങിയില്ലതന്നെ. ചന്ദ്രബിംബത്തിൽനിന്നും ഒരു ഛായ വീണ്ടും അവളുടെനേരെ യാത്രയായി. "അതു ശശാങ്കമാണ്. ആ ശശാങ്കമാണ് എനിക്കു ഒരു ഛായയാണെന്നു തോന്നുന്നതു്. പക്ഷെ, ഈ ഛായ, അഥവാ ഈ പ്രഭ, ചന്ദ്രനെ ലജ്ജിപ്പിക്കുന്ന ധാവള്യവും കോമളിമയും കലർന്നതാണല്ലൊ. ഇതെങ്ങിനെയാണ് കളങ്കമാകുന്നതു്. അതാ ആ ഛായ എന്റെ നേരെതന്നെ വരുന്നുവല്ലൊ. ഇതാ അടുത്തെത്തി—ഇത്——അതെ, ഞാൻതന്നെയാണ്. ഭവതിയുടെ ദാ

സൻ—സുകുമാരാ!—മഞ്ജുളെ!" മഞ്ജുള മൌനം സ്വീകരിച്ചു. തന്നെ ആരുംതന്നെ ഇത്ര ഓമനസ്വരത്തിൽ പേരു വിളിച്ചിട്ടില്ലായിരുന്നു. ഇതാരാണ് എന്ന് ആ സുകുമാരിക്കു തീർച്ചയായി. അദ്ദേഹത്തിൻെറ സാന്നിദ്ധ്യം മാത്രം മതിയെന്നുകരുതി അവൾ ഒന്നും സംസാരിച്ചില്ല. ആ സുകുമാരനാകട്ടെ തൻെറ കയ്യിലുണ്ടായിരുന്ന തോല്പെട്ടിയും അടുത്തുവെച്ചു അതിൽനിന്ന് ഒരു മാലയെടുത്ത് മഞ്ജുളയുടെകയ്യിൽ കൊടുത്ത് അദ്ദേഹവും മൌനിയായിരുന്നു. സംഭാഷണംകൊണ്ട് അവരുടെ ആ സ്വർഗ്ഗസുഖാനുഭൂതിക്ക് ഭംഗംവരുത്തരുതെന്നുകരുതി അവർ ഒന്നും സംസാരിച്ചില്ല. സൈകതപ്പൂന്തല്പത്തിൽ ശയിക്കുന്ന മഞ്ജുള പ്രഭാതത്തിൽ ഉണൎന്നുനോക്കുമ്പോൾ, അവൾ യഥാൎത്ഥത്തിൽ ഉറങ്ങിയിരുന്നില്ലെന്നും, അവളുടെ അരികത്ത് തന്നെ നോക്കിക്കൊണ്ടിരുന്നത് സുകുമാരൻതന്നെയാണെന്നും, അദ്ദേഹം തൻെറ കയ്യിൽ വെച്ചിരുന്ന മാല അപ്പോഴും ഒരു പുതുമലർമാല്യമായിരിക്കുന്നുവെന്നും, അവൾ സ്വപ്നമെന്നു കരുതിയിരുന്നത് വാസ്തവമാണെന്നും അവൾക്കു വ്യക്തമായി. സുകുമാരൻെറ ആകസ്മികമായ ആ ആഗമനത്തിന്നുള്ള കാരണത്തെപ്പററി ആ കാമുകനും, മഞ്ജുളയുടെ അന്നത്തെ മനോവിചാരത്തെപ്പററി ആ യുവതിയും കുറേനേരം സംസാരിച്ചുകൊണ്ടിരുന്നു.

"ഭവതിയുടെ അനുവാദംകൂടാതെ ഞാൻ ഭവതിയെ അങ്ങിനെയെല്ലാം സ്പൎശിച്ചുവെന്ന് എങ്ങിനെയാണ് ഭവതി ആലോചിച്ചത്?

"സുകുമാരാ, ക്ഷമിക്കണം. രാത്രി മുഴവനും എൻെറ കാലിനാരികെ ഇങ്ങിനെ എന്നെ സ്പൎശിക്കാതെതന്നെ അങ്ങേയ്ക്കു ഇരിപ്പാൻ തോന്നിയത്.

"ഞാൻ ഭവതിയുടെ ദാസൻ"

"ഞാൻ അവിടുത്തെ ദാസിയും!"

"അതുപോട്ടെ. എൻെറ മനസ്സിൽ ഈ വിചാരങ്ങൾ എല്ലാം എങ്ങിനെയാണ് ജനിച്ചത്? ആ വിചാരങ്ങൾ രൂപമെടുത്തത് എങ്ങിനെയാണ്?"

"മഞ്ജുളെ, ജഗദീശ്വരൻ ജനങ്ങളെയെങ്ങിനെയെല്ലാമാണ് രക്ഷിക്കുന്നതെന്നും, സീമാതീതമായ അനുരാഗം മനോവിചാരങ്ങളെക്കൊണ്ടു എന്തെല്ലാം ലീലകളാണ് നടത്തുന്നതെന്നും നമുക്ക് അറിയുവാൻ കഴികയില്ല."

കെ. വി. ശങ്കരൻനായർ എം. ഏ.

# രാജയോഗാനാ.

## ചതുർത്ഥഖണ്ഡം.

(നരകവൈരിയാമരവിന്ദാക്ഷൻെറ എന്ന രീതി)

അരചനെയ്തോരു വചനനാരാചം
കരളിലേററതി ചകിതയായ്
അരമനവെടിഞ്ഞിരവിലാനര
വരമനോരമ തിരികയായ്.
കരകാണാതുള്ളൊരഴലാമാഴിയിൽ
കരളഴിഞ്ഞേവമുഴലാനോ
പരമഭക്തയീരമണിചെയ്തു നിൻ
ചരണസേവനം ഭഗവാനേ ?
അഥവാനിൻപാദാശ്രിതരിലീദൃശ
വ്യഥയുമാമോദാസ്പദമാവാം—
ചിരദിദൃക്ഷിത പരമാനന്ദത്തിൻ
വരവറിയിക്കും നിഴലാവാം—
ഗതിയെങ്ങോട്ടെന്നും വഴിയേതാണെന്നും
മതിയിലേതുമേ നിനയാതേ
സ്വപനചാരിതൻ വടിവിലങ്ങിനെ
ചപലാലോലാംഗി നടകൊണ്ടാൾ—
സകലമാർഗ്ഗവും പരമാത്മാവുതൻ
നികടത്തിൽ ചേരുന്നതിനല്ലൊ.
ചിലതു നന്മലർ ചിതറിയുള്ളതാം
ചിലതു കണ്ടകജടിലമാം.
ഇടയിലേതുമൊന്നിടറാതനന്ദ
മടയുന്നചില സുകൃതികൾ.
പലതടവുകൾ തരണംചെയ്തിട്ടും
ഫലമില്ലാതന്യർ വലയുന്നു.
സുലഭമല്ലാർക്കും സുഖ,മെന്നല്ലതിൻ
നിലതന്നെ ചിലരറിവീല—
ഗണികകാഞ്ചനമിവനൽകാ സുഖ-
കണികപോലുമെന്നറിയാതേ
ഉലകിലെത്രപേരവയെക്കാംക്ഷിച്ചു
കലഹിപ്പൂ കോലാഹലമോടേ!
നരകനാകങ്ങൾ കൃതകലോകങ്ങൾ,
നരമനസ്സിനാൽ രചിതങ്ങൾ.
വിമലമാനസർക്കഖിലം നാകമാം
വികൃതികൾക്കതേ നരകമാം—

*   *   *   *

അഭികസങ്കേത മഭിമുഖീകരി-
ച്ചഭിസരിച്ചീടുന്നവളെപ്പോൽ
അവിദിതഭയമെവിടെയ്ക്കാണിന്നീ-
യവികലാത്മാവിൻ ഗതിയാവോ ?
ഉലകിലേവരു മലഘുവിശ്രമ-
നിലവരിയ്ക്കു മീ നിശയിങ്കൽ
കുലവധൂകുലതിലകമേകയായ്
വലയുമാറായീ വിജനത്തിൽ !
"അരുതേ സാഹസ മബലേ! രാവിലീ-
യിരുളിലീവിധമുഴലാതെ
തിരികെപ്പോയ്ക്കീപാർപ്പുരിയെസ്സൌഭാഗ്യ-
സ്ഫുരിതമാക്കു നിന്മിളനത്താൽ.
കരംകലങ്ങിനിൻ കണവനിന്നെന്തോ
കറകലന്നിട്ടും മൊഴികളാൽ
ചളിതെറിപ്പിച്ചു തെളിവെഴും ചേതോ-
നളിനത്തിങ്കൽത്തൻ ജളതയാൽ.
അവിടുന്നിച്ചെയ്യോരവിവേകംചിന്തി-
ച്ചവിതക്കും ദുഃഖിച്ചിതുകാലം
അവശനായ്ക്കീഴ്ത്തൂമനശയാശ്രുക്ക-
ളവമാർജ്ജിക്കും നിന്നവമാനം.
തിരികെപ്പോയ്ച്ചേരു പുരിയിൽപൌരന്മാർ-
ഭരിതോത്സാഹരായെതിരേല്ക്കും."

അരുളീ മർമ്മരച്ഛലത്താലിങ്ങിനെ
യനുനയോക്തികളരുവികൾ.
ഉളകിയില്ലൊരെള്ളളവുമെന്നാലും-
ക്കളമവൾ,ക്കെന്തോ വിധിമതം!
ഇളതന്മാർത്തട്ടിൽത്തളിർകാൽവെപ്പിനാൽ
പുളകംചേർത്തുകൊണ്ടനപടം
വളരുംക്രൂരിരുൾ വകവെക്കാതവൾ
തളരാതങ്ങിനെ നടകൊണ്ടാൾ—
എവിടെ ? കാണുന്നില്ലവൾതൻവിഗ്രഹം
എവിടെച്ചെന്നന്തർഹിതയായോ ?
അവശയായൊരീ മകൾ, തന്മാറിലേ-
ക്കവനീമാതാവാൽ ഹൃതയായോ—?

അതികരാളമായിരവിൻഭാവ; മ-
സ്സതിയെക്കാണാതായൊരിടത്തും.

എതിരേ കല്ലോലപ്രകടാസ്ഫാലനം
ശ്രുതിപുടങ്ങളെ പ്രഹനിപ്പൂ!
നിയതമായതതരമാമാരുതൻ
ഭയദമായിട്ട മുദരമോ
പ്രയതശീലതൻ ചരമശയ്യയായ്
നിയതിയാലഹോ വിഹിതമായ്?
അഹിതാശങ്കകളഥവാ വേണ്ടതി-
ല്ലഹിതബാധകളണയാതേ
മഹിതാദർശയാമവളെപ്പാലിപ്പാം
നഹിവൃന്ദാംഹിതധ്വജനില്ലേ ?

*   *   *   *

"ഇതുതാനോ വൃന്ദാവനമേനോവൃന്ദ-
ഭിദുരമാമഭിനവനാകം ?
കടൽവണ്ണൻതിരുവടിതൻചേവടി
തടവും പൂമ്പൊടി തഴുകിയും
ലളിതമാമോടക്കുഴലിൻമാധുരീ
ലഹരിയിൽ പാടേ മുഴുകിയും
അകൃതകാനന്ദമനുഭവിക്കുമ-
സ്സുകൃതകേദാരമിതുതാനോ ?
കൊടിയപുണ്യമിന്നിവിടെക്കാണും പുൽ-
ക്കൊടികൾനേടുന്നു, സുകൃതികൾ!
അടിയനോമായാമറയാൽദ്ദൈന്യത്തി-
ന്നടിയിലാപ്പെട്ടു വലയുന്നു!
അരചനാകിലെന്തമരനാകിലെ-
ന്തരതിതന്തിരുവടിയിങ്കൽ
വരികിലാപ്പേരും പെരുമയും പാഴിൽ,
ദുരിതമൊന്നുതാൻഗതിപിന്നെ.
മഹിഭരിച്ചിട്ടും മഹിമയെക്കാളും
മഹിതമീഭുവിൽ തൃണജന്മം!
കഥനാബാലനാം വനമാലാധരൻ
വിഹരിച്ചീടുന്നതിതിലല്ലോ.
ഇതുതാനോ വൃന്ദാവനമേനോവൃന്ദ-
ഭിദുരമാമിടമിതുതാനോ ?"

യുവദിവാകരകിരണമാലയിൽ
ഭുവനമാകവേ മുഴുകവേ

നവവികാസമാന്നലർകരംബംഭര-
നിവഹഗീതികേട്ടുണരവേ,
പുകഴും കാളിന്ദിപ്പുഴതൻതീരത്തിൽ
പ്രകടശോഭമാം പുളിനത്തെ
മധുരഗീതത്താൽ മുഖരമാക്കിനാൻ
വിധുരഭാവമാന്നൊരു പുമാൻ.
നളിനനേത്രൻെറ കളിനിലങ്ങളാം
പുളിനവും വൃന്ദാവിപിനവും
കരംകുളുത്തിടുംപടി കണ്ടാനന്ദ-
തരളനായിതാത്തരുണനം.
മലർമകളുടെ മണവാളൻമുന്നം
പലതരം ലീലാകലവിയാൽ
ഉലകിന്നാനന്ദ മണച്ചതിദ്ദിവ്യ-
മലർവനികയിൽ വളന്നല്ലോ.
ഹരിതൻചെഞ്ചോരിമലരിൻമാധുരി
പരിചയിച്ചെഴും വിരുതിനാൽ
പരിചേലും കോലക്കുഴലിപ്പൂങ്കാവിൽ
ചൊരിഞ്ഞഗീതത്തിൻ സ്മരണകരം
നിലനിന്നീടുന്നുണ്ടിനതന്തുജത-
നാലകംതോറുമീയ്യളവിലും!

അമിതവിസ്മയസ്തിമിതനായേതാൻ
നിമിഷമിങ്ങിനെ നിലകൊരംകേ
വരതപസ്വിനി വടിവിയന്നൊരു
വനിതയെക്കാണായ് നികടത്തിൽ.
പുലരുംകാലത്തെജ്ജലദമാലയിൽ
കലരുമാധൂമ്രച്ഛവിയാന്നും
ജടിലമായും തൻപിറകിൽ ചിന്നിയ
കടിലകുന്തളാവലിയോടും
ഉദയഭാനുവിൻ കതിരിൻകാന്തിയോ
ടെതിരിടും ദേഹദ്യുതിയോടും
ഹൃദയശാന്തിയെ പ്രതിഫലിപ്പിക്കും
വദനമണ്ഡലപ്രഭയോടും
സവിതൃദേവനെസ്സവിനയംകൂപ്പി-
സ്സവിധേനില്ക്കുമാസ്സതിയിങ്കൽ
പഥികനേത്രങ്ങരം പതിഞ്ഞമാത്രയിൽ
പതിച്ചുധാരയായ് ചുടുകണ്ണീർ!

വരളുംകണ്ഠത്താൽ വിരളവാക്യനായ്
പരമദീനനായ് വരികിലും
തരുണികേൾക്കുമാററരികിൽ ചെന്നനി-
ന്നരുളിനീട്ടും കരങ്ങളോടേ:—
"അകലുഷാശയേ! സതി! ഭവൽകൃപാ-
ശകലയാചക നിവനയേ!
സകലകുററവും സഖി! പൊറുത്തു മാ-
ലകലുമാറെന്നിൽ കനിയണേ...—"

കരിമുകിലററ സുരപഥത്തിൽനി
ന്നരിയവാർമിന്നൽക്കതിർപോലെ
നിരുപിക്കാത്തൊരീയനുഭവമവൾ-
ക്കരുളിനിർഭരാത്ഭുതമപ്പോൾ.
ചിരപരിചിത നിയമനങ്ങളാൽ
കരളുറപ്പിയന്നിട്ടുകിലും
വിരഹദുസ്സഹസ്മരണയേല്ക്കയാൽ
തരളഭാവമാൎന്നവളോതീ:—
"അരുളിച്ചെയ്യുന്നതവിടുന്നിങ്ങിനെ-
യിരുളിൽക്കാണുമോ പൊരുളാരാൻ?
ഇരുൾനീങ്ങുന്നേരം പരമാൎത്ഥം കാണായ്-
വരുമെന്നൊന്നുതാനിതിനൎത്ഥം
ഭുവനകൎത്താവിൻ ഘടനാചാതുരി
വിവരിക്കാവതല്ലൊരുവൎക്കും
അവിടുന്നല്ലാതാരറിവൂ ലോകത്തിൻ
വിവിധമാം ഗതിവിഗതികൾ?"

* * * *

ചിരവിരഹിതരിവർ ജായാവരർ
അരവിന്ദാക്ഷൻെറ വിഭൂതിയാൽ
ഉരപൊങ്ങും വൃന്ദാവനസങ്കേതത്തിൽ
സരസമിങ്ങിനെ മിളിതരായ്.

വിജയിപ്പൂതാക വിമലദാമ്പത്യം
വിജയിപ്പൂതാക സതിധൎമ്മം
വിജയസാരഥി വിവരിച്ചോതിയ
വിജയസൂക്തികൾ വിജയിപ്പൂ.

ശുഭം.

പാലക്കാട്. വി ഉണ്ണികൃഷ്ണൻനായർ ബി. ഏ.

# ലീലാവിമർശം.

മിസ്റ്റർ കുമാരന്റെ ലേഖനത്തിന്റെ പൂർവ്വാർദ്ധം എത്രമേൽ അധിക്ഷേപാർഹമാണെന്നു നാം കണ്ടു. ഒരു വിമർശകനുവേണ്ട പാണ്ഡിത്യമോ സഹൃദയത്വമോ അദ്ദേഹത്തിനില്ലെന്നും ആ ലേഖനം പ്രത്യക്ഷമാക്കി. ഇതാ ഇപ്പോൾ അദ്ദേഹം അതിന്റെ ഉത്തരാർദ്ധവും പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു. ഈ ലേഖനം അദ്ദേഹത്തിന്റെ യോഗ്യതകളെ ഒന്നുകൂടി അപഹാസകരമാകുംവണ്ണം നഗ്നമാക്കിക്കാണിക്കുന്നു. നായികയായ ലീല ഒരു സതിയാണെന്നു കാണിക്കുവാനാണ് മി. കുമാരൻ ആദ്യമായി പരിശ്രമിക്കുന്നതു്. 'നായിക തികച്ചും സതീശബ്ദത്തെ അർഹിക്കുന്നവളല്ല' എന്നു വള്ളത്തോൾ സകാരണം അഭിപ്രായപ്പെടുന്നു. പ്രസംഗവശാൽ 'പരകളത്രത്തിന്റെ സംഗമത്തേക്കാൾ മരണമാണുത്തമമെന്ന്' മദനൻ കരുതുന്നതായും പറഞ്ഞിട്ടുണ്ടു്. ഇതു നിരൂപകൻ "ആശാന്റെ കാവ്യത്തിൽ പുഴുത്തുള കാണ്മാൻ ശ്രമി"ച്ചതുകൊണ്ടാണെന്നു മി. കുമാരൻ അഭിപ്രായപ്പെടുന്നു. ഇവിടെ "നിരൂപകന്റെ ലോജിക്ക്" യോജിക്കയില്ലെന്നുകാണിക്കുവാൻ മി. കുമാരൻ കുറെ സൈക്കോളജി (മനഃശാസ്ത്രം) വിളമ്പുന്നുണ്ടു്. നോക്കുക—"ഏതൊരു കാര്യം ലഭിക്കായ്കയാലുള്ള അസഹനീയമായ കുണ്ഠിതത്താൽ ഒരാൾ ഭ്രാന്തനായിത്തീരുന്നുവോ, ആ കാര്യം തന്റെ ഭ്രാന്തിനിടയിൽ വല്ലപ്പോഴും സാദ്ധ്യമായാൽ അയാളുടെ ബുദ്ധിക്കു പെട്ടെന്നുണ്ടാകുന്ന മാററം എന്തായിരിക്കും? ഒന്നുകിൽ ഭ്രാന്തുമാറി സ്വസ്ഥനാകും. അല്ലെങ്കിൽ അയാളുടെ ഭ്രാന്തവൃത്തികളുടെ സ്വഭാവം മറെറാരുവിധത്തിലായി മാറും. അഥവാ അയാൾ പെട്ടെന്നു മരിച്ചെന്നുമാവാം. എന്താണ് യഥാർത്ഥത്തിൽ സംഭവിക്കുകയെന്ന് ആർക്കും ശരിയായി പ്രവചിക്കുവാൻ സാധിക്കുകയില്ല. എന്നാൽ മദനന്റെ ബുദ്ധി ഉടനെ ആത്മഹത്യചെയ്യുവാൻ അവനെ പ്രേരിതനാക്കാൻ തക്ക നിലയിലായിത്തീർന്നുവെന്നല്ലെ നമ്മൾ വിചാരിക്കേണ്ടതു്. അവനു തല്ക്കാലം ഒരു സുബോധം വന്നിട്ടുണ്ടെങ്കിൽ അവന്നു് ഉടനെ തോന്നുക അവൻ ഈ വനാന്തരത്തിൽ കണ്ടതു യഥാർത്ഥത്തിൽ ലീലതന്നെയൊ, അതൊ അവളുടെ പ്രേതം പ്രത്യക്ഷമായതിനെയോ എന്നുള്ള ശങ്കയാവാനും മതി. അങ്ങിനെ ശങ്കിച്ച് കുഴങ്ങിയ മദനന്റെ ബുദ്ധി തൽഫലമായി പിന്നെയും പതറി അവൻ പുഴയിൽ ചാടിയതാവാം." ഒരു ഭ്രാന്തന്റെ പ്രവൃത്തിയുടെ കാരണം കണ്ടുപിടിക്കാൻ ഉദ്യമിക്കുന്നവർക്കുതന്നെയാണ് കൂടുതൽ ഭ്രാന്ത്. എങ്കിലും ഈ അസംബന്ധപ്രലപനങ്ങൾക്കിടയിൽ മി. കുമാരൻ ഒന്നു സമ്മതിക്കുന്നു; മദനൻ "ഒന്നുകിൽ ഭ്രാന്തുമാറി സ്വസ്ഥനാകും" ആദ്യമതി. ആ വിചാരമാണ് വള്ളത്തോളിനും ഉണ്ടായതു്. വളരെ നാളായിട്ട് ലീല തനിക്ക് അസുലഭയാണെന്നുവിചാരിച്ച് കുണ്ഠിതപ്പെട്ട് ഭ്രാന്തനായിത്തീർന്ന മദനൻ പെട്ടെന്ന് വനത്തിൽ അവളെ കണ്ടപ്പോൾ അയാളുടെ 'ഭ്രാന്തുമാറി സ്വസ്ഥനാകു'കയും, അനന്യസാധാരണമായ ആഹ്ലാദംകൊണ്ട്

മതിമറന്ന് അവളെ ചുംബിക്കുകയുംചെയ്തു. എന്നാൽ ഉത്തരക്ഷണത്തിൽ പരകളത്രസ്പർശം പാപമാണെന്നുള്ള ബോധം അയാൾക്കുണ്ടാകുകയും, അതുനിമിത്തമുണ്ടായ പശ്ചാത്താപം അയാളെ ഒന്നുകൂടി ഭ്രാന്തനാക്കിത്തീർത്ത് ആത്മഹത്യക്ക് പ്രേരിപ്പിക്കുകയുമാണ് ചെയ്തതെന്നേ ന്യായമായി വിചാരിക്കാൻ തരമുള്ളു. അതുകൊണ്ട് വള്ളത്തോളിൻെറ 'ലോജിക്കി'ലോ മി. കുമാരൻെറ സൈക്കോലജിയിലോ അധികം യാഥാർത്ഥ്യമെന്ന് നിഷ്മത്സരന്മാർ തീർച്ചപ്പെടുത്തട്ടെ.

ഇനി ലീല സതിയാണോ എന്നാണ് ചിന്തിക്കേണ്ടത്. അവൾ പുനർവിവാഹത്തിന് ശ്രമിച്ചതുകൊണ്ട് അവളുടെ സതീത്വം പോകയില്ലെന്ന് കുമാരൻ ശഠിക്കുന്നു! "ഒരു സ്ത്രീ സതിയോ അല്ലയോ എന്നു തീർച്ചയാക്കുമ്പോൾ ദേശാചാരത്തേയും ജാത്യാചാരത്തേയും ആലോചിക്കേണ്ടതുണ്ട"ത്രെ! ദേശാചാരത്തേയോ, ജാത്യാചാരത്തേയോ അടിസ്ഥാനപ്പെടുത്തി പുനർവ്വിവാഹത്തിന് പ്രേരിതയായ ഒരു സ്ത്രീയെ ലോകം അപലപിക്കുകയില്ല. ഒരു സ്ത്രീ ഒരു കോടതിയുടെ വിധിപ്രകാരം ഭർത്തൃബന്ധമൊഴിഞ്ഞ് മറെറാരാളെ സ്വീകരിക്കുന്നതും ദേശാചാരവും ജാത്യാചാരവുമാണ്. എന്നാൽ വള്ളത്തോൾ ഉദ്ദേശിച്ചിട്ടുള്ള സതികൾ ഇങ്ങനെയുള്ളവരല്ല. അവർ ഒരു പുരുഷനെ മനസ്സുകൊണ്ടു വരിച്ചാൽ പിന്നെ സമ്പത്തിലും, ആപത്തിലും, മരണത്തിലും മറെറാരു പുരുഷനിൽ അഭിനിവേശം ജനിക്കാത്തവരാണ്. ലീല അങ്ങിനെയുള്ള ഒരു സതിയല്ല. ഇനി ആ പതിവ്രതാധർമ്മത്തിൻെറ നികൃഷ്ടാവസ്ഥയിൽ 'ദേശാചാരത്തേയും, ജാത്യാചാരത്തേയും' അടിസ്ഥാനപ്പെടുത്തി പുനർവിവാഹംചെയ്യുന്ന ഒരു സ്ത്രീയും സതിയാണെന്നു വാദത്തിനുവേണ്ടി സമ്മതിക്കുക. എന്നാൽതന്നെ, ലീലയേപോലെ ആദ്യം ഒരു ഭർത്താവിനെ മനസ്സുകൊണ്ടു വരിക്കുകയും, തദനന്തരം മറെറാരാളെ സ്വീകരിക്കുകയും, മനസ്സിൽ ഒരാളെ ധ്യാനിച്ചുകൊണ്ടുതന്നെ മറെറാരാളോടുകൂടി രമിക്കുകയും, ഒടുക്കം സ്വീകരിച്ച ഭർത്താവു മരിച്ചമാത്രയിൽ ഇതരവരനെ അന്വേഷിച്ച് നാട്ടിലും, കാട്ടിലും തെണ്ടിനടക്കുകയും ചെയ്യുന്ന ഒരു സ്ത്രീയെ സതിയെന്നു പറയുന്നതിന് 'ദേശാചാരവും ജാത്യാചാരവും', ഒരു ദിക്കിലും ഒരു കാലത്തും അനുവദിക്കുന്നതല്ല. നേരെ മറിച്ച് ലീല ഒരു 'കുലട'യാണെന്ന് ലോകം തീർച്ചപ്പെടുത്തുകയും ചെയ്യും. വള്ളത്തോൾ ആ പദത്തിൻെറ മൂർച്ഛ വളരെ കുറച്ച് 'നായികതികച്ചും സതീശബ്ദത്തെ അർഹിക്കുന്നവളല്ല' എന്നു പറഞ്ഞു എന്നേ ഉള്ളൂ. ഇതുനിമിത്തം വള്ളത്തോളിൻെറ "സാഹിത്യകർമ്മജ്ഞത"യേപററി ആർക്കും ദുരഭിപ്രായത്തിന് അവകാശമില്ല.

ഇവിടെ മി. കുമാരൻ രണ്ടുമൂന്നു രസാവഹങ്ങളായ ചോദ്യങ്ങൾകൂടി ചോദിക്കുന്നുണ്ട്. "ഭൂരികളത്രസംഗ്രഹമുള്ള ദുഷ്യന്തൻെറ ഭാര്യയാവാനനുകൂലിച്ച ശകുന്തളയേ മേരിമഹാറാണിയുടെ നാട്ടിലുള്ളവർ

സതിയായി സ്വീകരിക്കുമോ? പതിനാറായിരത്തിലധികം ഭായ്യമാരുള്ള കൃഷ്ണനോട്ട് തന്നെ ബലമായി എടുത്തുകൊണ്ടുപോയി ഭായ്യയാക്കിക്കൊള്ളണമെന്നു കാണിച്ച് അന്നത്തെ ഒരുപട്ടരുടെ കൈവശം കള്ളക്കത്തയച്ച രുഗ്മിണിസതിയാണോ? ഉറങ്ങിക്കിടക്കുന്ന കട്ടിലോടുകൂടി (കട്ടിൽ ഉറങ്ങിക്കിടക്കുമോ?) ഒരു ദാസിയാൽ രഹസ്യമായി തൻെറ ശയനമുറിയിലേക്ക് എടുത്തുകൊണ്ടുവരപ്പെട്ട അനിരുദ്ധൻെറ പത്നിയായിത്തീൎന്ന ഉഷയുടെ ആ പ്രവൃത്തിയെ അവളുടെ പിതാവുപോലും സമ്മതിച്ചിരുന്നില്ലെങ്കിലും, അവളെ സതിയുടെനിലയിൽ വല്ലകഥയിലും നായികയാക്കുന്നതിന് നിരൂപകൻ വിരോധംപറയുമോ?" ഈ അവസാനചോദ്യത്തിൽ ബന്ധനസ്ഥനായ അനിരുദ്ധൻ എന്നകൃതിയുടെ കത്താവുതന്നെയാണ് നിരൂപകൻ എന്നു ഗൂഢമായി വ്യഞ്ജിപ്പിച്ചിരിക്കുന്നതു പോകട്ടെ; അതു കുമാരൻ സമ്മതിക്കുകയില്ല, 'താനല്ലെങ്കിൽ തൻെറ അച്ഛൻ ചെയ്തിരിക്കും" എന്ന ചെന്നായിൻെറ വാക്കുപോലെയാണ് മി. കുമാരൻെറ മേൽക്കാണിച്ച ചോദ്യങ്ങൾ. ശകുന്തളയും, രുഗ്മിണിയും ഉഷയും, അന്യപുരുഷന്മാരെ സ്മരിക്കുകപോലും ചെയ്തിട്ടില്ല. അവരുടെ ഭത്താക്കന്മാൎക്കു വേറെ ഭായ്യമാരുണ്ടായിരുന്നതുകൊണ്ട് പാതിവ്രത്യനിഷ്ഠയിൽ അവൎക്കെന്താണ് കുറവുവരുന്നതു? ഭത്താക്കന്മാരുടെ അപരാധം ഭായ്യമാരുടെ തലയിൽകെട്ടിവെച്ചിരിക്കുന്നതു് മിസ്റ്റർ. കുമാരന് ആണും പെണ്ണും തിരിച്ചറിവാൻ പാടില്ലാഞ്ഞിട്ടായിരിക്കയില്ലല്ലൊ.

കുമാരനാശാൻെറ കവിതയിൽ അശ്ലീലമായി യാതൊന്നും ഇല്ലെന്നുള്ള കാൎയ്യം "സൎവ്വസമ്മതമാണെ'ന്നു മിസ്റ്റർ കുമാരൻ പറയുന്നു. വള്ളത്തോൾ അതിൽ ഒരു ഒന്നാന്തരം അശ്ലീലം എടുത്തുകാണിക്കുകയും ചെയ്യുന്നു. വള്ളത്തോൾ നിശ്ചയമായും കുമാരൻെറ "സൎവ്വ"ത്തിൽ ഉൾപ്പെട്ടവനല്ല. ഇങ്ങനെ സൎവ്വരല്ലാത്ത ആളുകൾ കേരളത്തിൽ വേറേയും ധാരാളമുണ്ടു്. തിരുവതാംകൂറിൽ മലയാളപാഠശാലകളിലേക്ക് ലീല ഒരുപാഠ്യപുസ്തകമാക്കിക്കല്പിച്ചകാലത്തു, ആ പുസ്തകം അശ്ലീലപരിപൂൎണ്ണമായതുകൊണ്ടു് തള്ളിക്കളയേണ്ടതാണെന്നു് ശ്രീമൂലം പ്രജാസഭയിൽ പലരും വാദിക്കുകയും, വള്ളത്തോൾ ഉദാഹരിച്ചിട്ടുള്ള

'പരവശയിവളപ്രഗത്ഭയാംനാൾ
വിരസതചേൎത്തതിൽവെക്കൊലാവിരോധം
വരികയനുഭവിക്കകയ്പുപോയി—
പ്പരിണതമാംഫലമിപ്പൊഴോമനേനീ'

എന്ന ശ്ലോകംതന്നെ ഉദ്ധരിച്ചുകാണിച്ചപ്പോൾ 'ലജ്ജാകരം, ലജ്ജാകരം' എന്നു് ശ്രോതാക്കൾ വിളിച്ചുപറകയും മററുംചെയ്തതു പത്രമാൎഗ്ഗമായിട്ടെങ്കിലും കുമാരൻ അറിഞ്ഞിരിക്കാൻ ഇടയുണ്ടു്. എന്നിട്ടും കുമാരനാശാൻെറ കവിതയിൽ അശ്ലീലമായിട്ട് ഒരുശ്ലോകമെങ്കിലുമുണ്ടെന്ന്

കുമാരൻ സമ്മതിക്കുകയില്ല. ഉണ്ടെന്നുപറയുന്നവരുടെ സന്മാർഗ്ഗനിഷ്ഠയേഅദ്ദേഹംബഹുമാനിക്കുകയുമില്ല!! മി. കുമാരൻെറബഹുമാനത്തിനു പാത്രമാകണമെന്നു വളരെപ്പേർ വിചാരിക്കുമെന്നും തോന്നുന്നില്ല. നിരൂപകൻ (വള്ളത്തോൾതന്നെയാണെന്ന് മി. കുമാരൻ ഈ ഉദാഹരണം കൊണ്ടും സമ്മതിക്കുന്നു!) ഗ്രാമത്തിൽ കോയിത്തമ്പുരാൻെറ നവനവോല്ലേഖ നൈപുണ്യം കാണിക്കുന്നതിനായി ഉദ്ധരിച്ചിട്ടുള്ള

'മാറില്ലെന്നവിധംപരസ്പരമുരച്ചെന്നുംപിണങ്ങുന്നൊരീ
നാരീകൊങ്കകൾരണ്ടിനേയുമൊരുപോൽനീഭംഗിയാക്കുന്നഹോ!
ചാരുശ്രീകലരുന്നഹാരലതികെമേലൊത്തുനിന്നുള്ളിനെ
പ്പൂരിക്കുന്നൊരുസൂത്രമിത്രവലുതാണെന്നോർത്തിരുന്നീലഞാൻ'

എന്നശ്ലോകത്തിലെ അശ്ലീലത്തിന് അതിരില്ലെന്നും മി കുമാരൻ ഘോഷിക്കുന്നു! ശാകുന്തളംഉത്തരരാമചരിതം,മുതലായനാടകങ്ങളേയും, രഘുവംശാദികാവ്യങ്ങളേയും അദ്ദേഹംപണ്ടുപണ്ടേതള്ളികളഞ്ഞിരിക്കണം! 'കൊങ്കയിൽനളദപങ്കിലം' മുതലായശ്ലോകങ്ങളെ അദ്ദേഹം എങ്ങിനെ വായിക്കും! മേൽഉദ്ധരിച്ചശ്ലോകം "ഒരുപുരുഷൻ തങ്ങളുടെമുമ്പാകെ വായിച്ച് പകുതിയെത്തുമ്പഴക്കും ലജ്ജിച്ച അധോമുഖികളോ, രോമാഞ്ചകഞ്ചുകികളോ ആകാത്ത കുലസ്ത്രീകൾ വല്ലവരുംഉണ്ടെങ്കിൽ അവരുടെ പേരും വീട്ടുപേരും അറിവാൻ ഞാൻവളരെ ആഗ്രഹിക്കുന്നു' എന്നു കുമാരൻ പറയുന്നു. കുലസ്ത്രീകളുടെ 'പേരും വീട്ടുപേരും' മാത്രല്ല, വേറെപലതും കൂടിയറിയുന്നതിന് കുമാരന് വളരെ ആഗ്രഹമുണ്ടായിരിക്കാം. തൽക്കാലം സ്വപ്നംകാണുകയേ നിവൃത്തിയുള്ളൂ. ഗ്രാമത്തിൽ കോയിത്തമ്പുരാൻെറ മേൽകാണിച്ച ശ്ലോകംമുഴുവൻ അശ്ലീലം!! കുമാരനാശാൻെറ 'കയ്പുപോയ'തിലും, തൻെറ 'ഉലക്ക'ക്കാവ്യത്തിലും അശ്ലീലമൊട്ടില്ലതാനും!! കുററമാണോ മിസ്റ്റർ കുമാരൻ ഒരുവശംമാത്രം കാണുന്ന 'കാക്കക്കണ്ണ'നാണെന്ന് ഞാൻ മുമ്പുതന്നെപറഞ്ഞത്. "ഇതു തമ്പുരാൻ!! അത് ഈഴവൻ!!" എന്നവസാനിക്കുന്ന ഈച്ചട്ടം ഒരു സംഗതിയെ പൂർണ്ണമായിതെളിയിക്കുന്നു. മി. കുമാരൻ ഇതെഴുതുന്നതിനുള്ള ഒരു കാരണം സ്വജാതിസ്നേഹവും പരനോടുള്ളസ്പർദ്ധയുമാണ്!

ആശാൻെറ ശ്ലോകങ്ങൾക്കു ക്ലിഷ്ടതയുണ്ടെന്നു നിരൂപകൻ പറയുന്നതിലും മിസ്റ്റർ കുമാരന് പരിഹാസമാണ്. ഇവിടെ ക്ലിഷ്ടത എന്താണെന്ന് മിസ്റ്റർ കുമാരൻ വിവരിക്കുന്നത് സാഹിത്യശാസ്ത്രവിദഗ്ദ്ധന്മാർക്ക് ഒരുവിധം 'പുത്തരി'തന്നെ ആയിരിക്കാനെ തരമുള്ളൂ. അദ്ദേഹം, അശ്ലീലം, ക്ലിഷ്ടം, ഇവയെ വ്യാഖ്യാനിച്ചിരിക്കുന്നതുപോലെ, ആശാൻെറ കവിതകളിൽ കാണുന്ന ദുശ്രവം, ച്യുതസംസ്കാരം, അപ്രയുക്തം, ഗ്രാമ്യം, അവാചകം, സന്ദിഗ്ദ്ധം, മുതലായ ഇതരകാവ്യദോഷങ്ങളേയും വിവരിച്ച് ഒരു പുതിയ സാഹിത്യശാസ്ത്രം എഴുതിയാൽനന്ന്.

ഇപ്പോഴുള്ള സാഹിത്യശാസ്ത്രങ്ങളോടു മിസ്റ്റർ കുമാരൻ ഒട്ടുംഅടുത്തു പരിചയിച്ചിട്ടുള്ള ആളല്ല.

മിസ്റ്റർ കുമാരൻ തൻെറ അജ്ഞതാനികഷമായ ലേഖനം അവസാനിപ്പിക്കുന്നതു് ഇങ്ങനെയാണു്. 'നിരൂപകൻെറ ധിക്കാരം ശമിപ്പിക്കുവാൻ ആ മഹാകവി ഇന്നു ജീവനോടുകൂടി ഇല്ലാത്തതു് നിരൂപകൻെറ പരമഭാഗ്യമാണെന്നു പറയാതെ നിവൃത്തിയില്ല' ഇവിടെ സ്പർദ്ധയുടെലഹരികൊണ്ടു് ഉന്മത്തനായ ലേഖകൻ ഈ ലീലാവിമർശം കുറഞ്ഞപക്ഷം ഒരു വ്യാഴവട്ടകാലത്തിന്നുമുമ്പു് പ്രസിദ്ധപ്പെടുത്തിയതാണെന്നും, അന്നു് ആ 'മഹാകവി' ജീവിച്ചിരിപ്പുണ്ടായിരുന്നുവെന്നും, അദ്ദേഹം ലീലാവിമർശനംകണ്ടു കോപാന്ധനായി പ്രതികാരേച്ഛയോടുകൂടി ചിത്രയോഗത്തിൽ കൈവെച്ചെന്നും, അതു് 'ചുണ്ടങ്ങകൊടുത്തു വഴുതിനങ്ങ വാങ്ങിയതുപോലെ' പരിണമിച്ചുവെന്നും, മററുമുള്ള സംഗതികളെല്ലാം മനഃപൂർവ്വം മറന്നിരിക്കുന്നു. യഥാർത്ഥത്തിൽ ഈ ലേഖനം എഴുതുന്നതിന് മിസ്റ്റർകുമാരനെ പ്രേരിപ്പിച്ച ഒരു സംഗതിയെന്താണെന്നു് ഞാൻ മുമ്പുപറഞ്ഞിട്ടുണ്ടു്. വേറെ ഒരു സംഗതികൂടിയുള്ളതു് മിസ്റ്റർ. കുമാരൻെറ 'ജഹനാര' 'അമ്പുനായർ' മുതലായ വികൃതികളെപ്പററി വള്ളത്തോൾ എഴുതിയിരുന്ന പ്രതികൂലാഭിപ്രായം ഇപ്പോൾ പുസ്തകരൂപത്തിൽ പ്രചരിക്കുന്നതിനിടയായതുകൊണ്ടുള്ള ആശാഭംഗമാകുന്നു.

'ലീല'യുടെ കഥാഗതിയിൽ കാണുന്നവേറെയും പല ഭാഗങ്ങളെ വള്ളത്തോൾ ചൂണ്ടിക്കാണിച്ചിട്ടുണ്ടു്. അതുപോലെ പല പ്രയോഗന്യൂനതകളേയും, അസ്വാരസ്യങ്ങളേയും എടുത്തുപറഞ്ഞിട്ടുമുണ്ടു്. ഇവയിൽ പലതും നിശ്ചയമായും മി. കുമാരൻ അധിക്ഷേപിച്ചിട്ടുള്ള ഭാഗങ്ങളേക്കാൾ ഗുരുതരങ്ങളാണു്. എന്നാൽ അവയെപ്പററി മി. കുമാരൻ യാതൊന്നും പറഞ്ഞിട്ടില്ല. വലിയമീനിനേക്കാണുമ്പോൾ കണ്ണടച്ചുകളയുന്ന കൊക്കിൻെറ നയമാണു് അദ്ദേഹം ഇവിടെ സ്വീകരിച്ചിരിക്കുന്നതു്. ആകപ്പാടെ

'കണ്ണാരുന്നുദമന്തരേണരണിതംഗാഢസ്വകാകസ്വയം
മാകന്ദംമകരന്ദശാലിനമിഹത്വാമ്മന്മഹേകോകിലം'

എന്നുമാത്രമേഅവസാനമായിഎനിക്കു മിസ്റ്റർ കുമാരനോടുപറയാനുള്ളു.

ഡി. പത്മനാഭനുണ്ണി. ബി. ഏ.

## II

### മൂൎക്കോത്തു കുമാരൻ.

ഗ്രന്ഥകൎത്താവിൽ നിരൂപകൻ കഠിനമായ മറെറാരു ദോഷം ആരോപിച്ചിരിക്കുന്നു. അതുകഥയിലെ നായിക സതീശബ്ദത്തെ അൎഹിക്കാത്തവിധത്തിലുള്ള പ്രവൃത്തി അവൾ ചെയ്തതായി വിവരിച്ചുവെന്നുള്ളതാണ്. അതു എങ്ങിനെയാണെന്നല്ലേ കേൾക്കേണ്ടതു്. മദനനെ സംബന്ധിച്ചേടത്തോളം ലീല ഒരു പരകളത്രമാണല്ലൊ. അങ്ങിനെ ഭഗ്നചരിത്രയായ ലീല സ്വാതന്ത്ര്യപരയായി മദനനെക്കൊണ്ടു തന്നെ ഭാൎയ്യയായി സ്വീകരിക്കുവാൻ ശ്രമിച്ചു. അതു കണ്ടപ്പോൾ മദനൻ പരകളത്രത്തിന്റെ സംസൎഗ്ഗത്തെക്കാൾ മരണമാണ് ഉത്തമമെന്നു കരുതി അവൻ പുഴയിൽ ചാടിമരിച്ചു. അതുകൊണ്ടു ലീലയുടെ പ്രവൃത്തി യഥാൎത്ഥാനുരാഗോചിതമല്ല. അതിനാൽ അവൾ സതീശബ്ദത്തെ അൎഹിക്കുന്നില്ല. ഇതാണ് നിരൂപകന്റെ "ലൊജിക്ക്". മദനൻ വെള്ളത്തിൽ ചാടിമരിച്ചതു, പരകളത്രമായിത്തീൎന്ന ലീല, തന്നെ ഭൎത്താവാക്കാൻ ശ്രമിച്ചതുകണ്ടിട്ടാണെന്നു പറയുന്ന നിരൂപകൻ, ആ അവസരത്തിൽ ഭ്രാന്തനായ മദനന്നു, ഒന്നാംതരം സദാചാരനിഷ്ഠയുള്ള ഒരു വിവേകജ്ഞന്റെ സ്വസ്ഥചിത്തമാണ് കല്പിച്ചുകൊടുത്തതു്. മദനൻ ഭ്രാന്തനായിത്തീൎന്നുവെന്നുള്ള കഥതന്നെ ആശാന്റെ കാൎയ്യത്തിൽ പഴുതുള കാണ്മാൻ ശ്രമിക്കുന്ന നിരൂപകൻ വിസ്മരിച്ചിരിക്കുന്നു. എന്നാൽ മദനന്റെ ആത്മഹത്യക്കു യഥാൎത്ഥകാരണം എന്താണെന്നു നമ്മൾ ആലോചിച്ചുനോക്കുക. ഏതൊരുകാൎയ്യം ലഭിക്കായ്കയാലുള്ള അസഹനീയമായ കുണ്ഠിതത്താൽ ഒരാൾ ഭ്രാന്തനായിത്തീരുന്നുവോ, ആ കാൎയ്യം തന്റെ ഭ്രാന്തിന്നിടയിൽ വല്ലപ്പോഴും സാദ്ധ്യമായാൽ അയാളുടെ ബുദ്ധിക്കു പെട്ടെന്നുണ്ടാകുന്നമാററം എന്തായിരിക്കും? ഒന്നുകിൽ ഭ്രാന്തുമാറി സ്വസ്ഥനാകും. അല്ലെങ്കിൽ അയാളുടെ ഭ്രാന്തവൃത്തികളുടെ സ്വഭാവം മറെറാരുവിധത്തിലായി മാറും. അഥവാ അയാൾ പെട്ടെന്നു മരിച്ചെന്നുമാവാം. എന്താണ് യഥാൎത്ഥത്തിൽ സംഭവിക്കുകയെന്നു ആൎക്കും ശരിയായി പ്രവചിക്കുവാൻ സാധിക്കുകയില്ല. എന്നാൽ മദനന്റെ ബുദ്ധി ഉടനെ ആത്മഹത്യചെയ്യുവാൻ അവനെ പ്രേരിതനാക്കാൻതക്ക നിലയിലായിത്തീൎന്നുവെന്നല്ലേ നമ്മൾ വിചാരിക്കേണ്ടതു്. അവന്നു തൽക്കാലം ഒരു സുബോധം വന്നിട്ടുണ്ടെങ്കിൽ, അവന്നു ഉടനെ തോന്നുക, അവൻ ഈ വനാന്തരത്തിൽ കണ്ടതു യഥാൎത്ഥത്തിൽ ലീലതന്നെയൊ, അതോ അവളുടെ പ്രേതം പ്രത്യക്ഷമായതിനേയൊ, എന്നുള്ള ശങ്കയാവാനും മതി. അങ്ങിനെ ശങ്കിച്ചുകുഴങ്ങിയ മദനത്തിന്റെ ബുദ്ധി തൽഫലമായി പിന്നേയും പതറി അവൻ പുഴയിൽ ചാടിയതാവാം. ഇങ്ങിനെയല്ലാതെ, തന്റെ ഭ്രാന്തു് കേവലം മാറി വിവേകജ്ഞനായി, ലീല പരകളത്രമാണെന്നുള്ള ബോധം ഉദിച്ചു. അവളെ പരിഗ്രഹിക്കുന്നതു അന്യായമാണെന്നുള്ള അറിവുണ്ടായി. എന്നിട്ടും ലീലയോടു

അവളുടെ തൽക്കാലസ്ഥിതി എന്താണെന്നു ഒരു വാക്കുപോലും ചോദിക്കാതെ, “ഭ്രാന്തൊക്കെ മാറി ഈറം മാറാൻ ഉലക്കയിങ്ങെടുത്തോളു” എന്നു പറഞ്ഞതുപോലെ പുഴയിൽ ചാടി മരിച്ചുകളഞ്ഞു എന്നാണ് നമ്മൾ വിശ്വസിക്കേണ്ടതെന്നു നിരൂപകൻ ആവശ്യപ്പെടുന്നു.

ഇനി ലീല സതീശബ്ദത്തെ അൎഹിക്കാത്തതു അവൾ പുനർവിവാഹത്തിന്നു ശ്രമിച്ചതുകൊണ്ടാണെന്നുള്ളതിനെപ്പററിയാണ് രണ്ടു വാക്കു പറയേണ്ടതു്. ഒരു സ്ത്രീ സതിയൊ അല്ലയൊ എന്നു തീൎച്ചയാക്കുമ്പോൾ ദേശാചാരത്തെയും ജാത്യാചാരത്തെയും ആലോചിക്കേണ്ടതുണ്ടു്. ഭൎത്താവിന്റെ മൃതദേഹത്തോടൊന്നിച്ചു ചിതയിൽചാടി മരിച്ചെങ്കിലെ ഒരു സ്ത്രീ ചിലക്കു സതിയാകുകയുള്ളു. എന്നെന്നും വിധവയായി ഭൂമിയിൽ നരകം അനുഭവിച്ചുകൊണ്ടിരുന്നാലും ഒരു സ്ത്രീ, സതിയാവാം. ഭൎത്താവു മരിച്ചശേഷം മാത്രം ഒരുവൾ മററൊരാളുടെ ഭാൎയ്യയായാൽ അവളുടെ സതീത്വത്തിന്നു ചിലർ ദോഷം കല്പിക്കുകയില്ല. ഇങ്ങിനെ വിവിധാചാരങ്ങൾ നടപ്പുള്ള ലോകത്തിൽനിന്നു കവികൾ നായികമാരായി സ്വീകരിക്കുന്നവർ അതാതുദേശത്തോ, കാലത്തോ, രാജ്യത്തോ ഉള്ള ആചാരമനുസരിച്ചു ചെയ്യാവുന്ന നിൎവ്വചനത്തിന്നു യോജിക്കുന്ന സതികൾ ആയിരിക്കുകയേ നിവൃത്തിയുള്ളു. “ഭൂരികളത്രസംഗ്രഹം” ഉള്ള ദുഷ്യന്തന്റെ ഭാൎയ്യയാവാൻ അനുകൂലിച്ച ശകുന്തളയെ മേരിമഹാറാണിയുടെ നാട്ടിലുള്ളവർ സതിയായി സ്വീകരിക്കുമോ? പതിനാറായിരത്തിലധികം ഭാൎയ്യമാരുള്ള കൃഷ്ണനോടു തന്നെ ബലമായി എടുത്തുകൊണ്ടുപോയി ഭാൎയ്യയാക്കിക്കൊള്ളേണമെന്നു കാണിച്ചു അന്നത്തെ ഒരു പട്ടരുടെ കൈവശം കള്ളക്കത്തയച്ച രുഗ്മിണീസതിയാണോ? ഉറങ്ങിക്കിടക്കുന്ന കട്ടിലോടുകൂടി ഒരു ദാസിയാൽ രഹസ്യമായി തന്റെ ശയനമുറിയിലേക്കു എടുത്തുകൊണ്ടുവരപ്പെട്ട അനിരുദ്ധന്റെ പത്നിയായിത്തീൎന്ന ഉഷയുടെ ആ പ്രവൃത്തിയെ സ്വന്തം പിതാവുപോലും സമ്മതിച്ചിരുന്നില്ലെങ്കിലും, അവളെ സതിയുടെ നിലയിൽ വല്ലകഥയിലും നായികയാക്കുന്നതിന്നു നിരൂപകൻ വിരോധം പറയുമോ?

അഥവാ, ഇതൊക്കെ പറഞ്ഞിട്ടു കാൎയ്യമില്ല. ലീലയുടെ ദേശാചാരമെന്തായിരുന്നു?

പുനരവരിലനിന്ദ്യമംഗനാ ജനമതിനന്നു പുനർവിവാഹവും.

എന്നു ലീലയുടെ ജാതിക്കാരുടെ ഇടയിലുള്ള ആചാരത്തെപ്പററി കവി പ്രത്യേകം പറഞ്ഞിരിക്കുന്നു. ആ നിലയിൽ ആദ്യംതന്നെ മദനനു “മാനസപത്നി”യായ ലീല വിധവയായതിന്നുശേഷം അവനെ ഭൎത്താവാക്കാൻ ശ്രമിച്ചതു, എങ്ങിനെയാണ് അവളെ സതീശബ്ദത്തിന്നു അനൎഹയാക്കിയതെന്നു മനസ്സിലാകുന്നില്ല. വള്ളത്തോളല്ല ഈ നിരൂപണം എഴുതിയതെന്നുള്ള എന്റെ ശങ്ക അസ്ഥാനത്തിലാണെ

ന്നു ഇനിയും വായനക്കാർ ശങ്കിക്കുന്നുണ്ടോ? വള്ളത്തോൾതന്നെയാണെന്നു മി. കുട്ടികൃഷ്ണമാരാർ ഇനിയും ശഠിച്ചുപറയുമെങ്കിൽ, ആ മഹാകവിയുടെ സാഹിത്യകർമ്മജ്ഞതയെപ്പററി ദുരഭിപ്രായം ഉള്ളതു മിസ്റ്റർ മാരാർക്കാണെന്ന് എനിക്കല്ല.

കുമാരനാശാൻെറ കവിതകൾക്കുള്ള ഒരു പ്രധാനഗുണം അവയിൽ അശ്ലീലമായി യാതൊന്നും ഇല്ലെന്നുള്ളതാണെന്നു സർവ്വസമ്മതമാണ്. ഈ കാര്യത്തിലുള്ള സർവ്വസമ്മതി, നിരൂപകനു വലിയ ഒരു അസൂയക്കു കാരണമായിരിക്കുന്നില്ലയൊ എന്നു ഞാൻ സംശയിക്കുന്നു. അദ്ദേഹം പറകയാണ്:—

ലീലയുടെവിലാപത്തിൽപെട്ടതായ
"പരവശയിവളപ്രഗത്ഭയാംനാൾ
വിരസതമേത്തിൽവെക്കൊലാവിരോധം
വരികയസംഭവിക്ക കൈപ്പുപോയി-
പ്പരിണതമാം ഫലമിപ്പൊഴോമനേനീ

"എന്ന പദ്യം അശ്ലീലസ്പഷ്ടമാകുന്നു. ഇത്തരം വേറെയുമുണ്ട്."

ഇതിൽ യാതൊരു അശ്ലീലവും ഞാൻ കാണുന്നില്ല. അശ്ലീലമുള്ള മറെറാന്നു ഈ കാവ്യത്തിൽ ഇല്ലതാനും.

മാന്യന്മാരിൽ വല്ലവരും വല്ല അശ്ലീലവും കാണുന്നുണ്ടെന്നു പറയുന്നതായാൽ, അവരുടെ സന്മാർഗ്ഗനിഷ്ഠയെപ്പററി എനിക്കു അശേഷം ബഹുമാനമുണ്ടാകുന്നതല്ല. ഈ ശ്ലോകത്തെ ഞാൻ മേലെ ഒരു ദിക്കിൽ ഉദ്ധരിച്ച "സുപരീക്ഷിതമിപ്പൊഴെൻമനസ്സ്" എന്നാദിയായ ശ്ലോകത്തോടു അന്വയോജിപ്പിച്ചു വായിച്ചുനോക്കുവിൻ. അപ്പോൾ കൈപ്പു പോയതെന്താണ്, പരിണതമാം ഫലമെന്താണ് എന്നൊക്കെ സന്മാർഗ്ഗനിഷ്ഠയോടുകൂടിയ പരിശുദ്ധമനസ്സുള്ളവർക്ക് മനസ്സിലാവും. സാധാരണമായ അടി, പിടി മുതലായ എന്തു വാക്കു പറഞ്ഞാലും അതിന്നു അശ്ലീലമായ അർത്ഥങ്ങൾ കല്പിച്ചു, വലിയൊരു ഫലിതമായി വിചാരിച്ചു, രസിച്ചു ചിരിക്കാറുള്ള ചില വിടന്മാരെ നമ്മൾക്കൊക്കെ പരിചയമാണല്ലൊ. ആ വകക്കാരുടെ ഫലിതപ്രയോഗങ്ങളൊക്കെ ആവക വിടതപത്തെ സൂചിപ്പിച്ചായിരിക്കും. യഥാർത്ഥപ്രണയത്തെപ്പററിമാത്രം തൻെറ കവിതകളിൽ പ്രസ്താവിച്ചു ശീലിച്ചിട്ടുള്ള ആശാൻെറ മേലെഴുതിയ ശ്ലോകത്തിലും അശ്ലീലം കണ്ടു വ്യാഖ്യാനിക്കുവാൻ വിടന്മാർക്കല്ലാതെ ആർക്കും തോന്നുകയില്ല. "വിലാസലതിക"യുടെ കർത്താവു ഈവക ശ്ലോകങ്ങളിൽ അശ്ലീലം അശേഷം കാണുകയില്ല. അതോ ഇരിക്കട്ടെ. നമ്മുടെ ആലോചനക്കു വിഷയമായ ഗ്രന്ഥവിഹാരത്തിൽത്തന്നെ, രാമവർമ്മകോയിത്തമ്പുരാൻെറ "അന്യാപദേശമാല" എന്ന പുസ്തകത്തെ നിരൂപണംചെയ്തതിൽ, നിരൂപകൻ ആ കവിയുടെ "നവനവോല്ലേഖനൈപുണ്യം" കാണിപ്പാൻ ഉദ്ധരിച്ച ഒരു ശ്ലോകം ഇവിടെ പകർത്തിടാം.

"മാറില്ലെന്നവിധം പരസ്പരമുരച്ചെന്നും പിണങ്ങുന്നൊരീ
നാരീകൊങ്കകൾ രണ്ടിനേയുമൊരുപോൽ നീ ഭംഗിയാക്കുന്നഹോ!
ചാരുശ്രീകലരുന്നഹാരലതികേ ചേലൊത്തുനിന്നുള്ളിനെ
പ്പൂരിക്കുന്നൊരുസൂത്രമിത്രവലുതാണെന്നോർത്തിരുന്നീല ഞാൻ".

ഈ ശ്ലോകം ഒരു പുരുഷൻ തങ്ങളുടെമുമ്പാകെ വായിച്ചു പകുതിയെത്തുമ്പഴക്കും ലജ്ജിച്ചു അധോമുഖികളോ, രോമാഞ്ചകഞ്ചുകികളോ ആകാത്ത കുലസ്ത്രീകൾ വല്ലവരും ഉണ്ടെങ്കിൽ, അവരുടെ പേരും വീട്ടുപേരും അറിവാൻ ഞാൻ വളരെ ആഗ്രഹിക്കുന്നു. ഇതു നവനവോല്ലേഖനൈപുണ്യത്തിനു ഉദാഹരണം!! അതു അശ്ലീലസ്പൃഷ്ടം!! ഇതു തമ്പുരാൻ!! അതു ഈഴവൻ!!

അങ്ങിനെയൊരു വ്യത്യാസം നിരൂപകനുണ്ടെന്നോ? മി. കുട്ടികൃഷ്ണമാരാർ അവതാരികയിൽ പറയുന്നതു കേൾക്കുക. "മലയാളത്തിലെ ജാതിക്കുശുമ്പും ഒരു പരാശക്തിയാണ്, അതിനു മഹാകവികളെത്തന്നെയും സൃഷ്ടിക്കുവാൻ ത്രാണിയുണ്ടെന്നു നമുക്കു അറിയാമല്ലോ". ഈ പറഞ്ഞതു ആശാനെപ്പററിയല്ലെങ്കിൽ മററാരെപ്പററിയാണെന്നു മിസ്റ്റർ മാരാർതന്നെ തെളിയിക്കട്ടെ. പലരും ചിലരും എഴുതിയ നിരൂപണങ്ങളൊക്കെ കോർത്തുകെട്ടി വള്ളത്തോളിന്റെ കണ്ഠത്തിൽ ചാർത്തി അദ്ദേഹത്തിന്റെ അവതാരികാരഥത്തിൽ കയററിവെച്ചു, അന്യമഹാകവികളെപ്പററി ദോഷാരോപണംചെയ്യുന്ന കാഹളം ഊതി, സരസ്വതീദേവിയുടെ ലോകത്തിലേക്കു സഞ്ചരിപ്പാൻ സാരഥിയായിപ്പുറപ്പെട്ട മി. കുട്ടികൃഷ്ണമാരാർ, യഥാർത്ഥത്തിൽ വള്ളത്തോൾ നാരാണമേനോൻ അവർകളുടെ കവിയശസ്സിന്നു മാരണദേവതയായിട്ടാണ് തീർന്നതെന്നു കാണുന്നതിൽ ഞാൻ അത്യന്തം വ്യസനിക്കുന്നു.

ഇപ്പോൾതന്നെ സാമാന്യത്തിലധികം ദീർഘിച്ചിരിക്കുന്ന ഈ ലേഖനം ഇനിയും ദീർഘിപ്പിക്കുവാൻ വിചാരിക്കുന്നില്ല. മുഖ്യമായി ഒരു കാര്യംകൂടി പറഞ്ഞു അവസാനിപ്പിച്ചേക്കാം.

ആശാന്റെ കവിതകൾ ഒരു വിലക്ഷണരീതിയിലുള്ളവയാണെന്നും അദ്ദേഹത്തിന്റെ ശ്ലോകങ്ങൾക്കു ക്ലിഷ്ടതയുണ്ടെന്നും നമ്മുടെ നിരൂപകൻ പറയുന്നു. ഇങ്ങിനെ ചിലർ പറയുന്നതു കേട്ടു കേട്ടു, സ്വന്തമായി ഒരഭിപ്രായം പറവാൻ ശേഷിയില്ലാത്ത ചില അനുകരണഭ്രാന്തന്മാർക്കു, ആശാന്റെ കാവ്യങ്ങൾ ക്ലിഷ്ടമയമാണു എന്നു പറയുന്നത്, ഒരു "ഫാഷ്യൻ" ആയിത്തീർന്നിരിക്കുന്നു. എന്താണു ക്ലിഷ്ടത? വായിച്ചാൽ എളുപ്പം അർത്ഥം മനസ്സിലാകാതിരിക്കുന്ന കാവ്യദോഷമാണു ക്ലിഷ്ടതയെന്നു മനസ്സിലാക്കിയാൽപോരാ. ഒരു ശ്ലോകം അദ്ധ്വാനിച്ചു വായിച്ചു അർത്ഥം മനസ്സിലാക്കിയതിന്റെ ശേഷവും അതിൽ യാതൊരു ആശയവിശേഷവും ഇല്ലെന്നുള്ള ബോധം ഉണ്ടായാൽ, ആ ശ്ലോകത്തിന്നു

ക്ലിഷ്ടതയുണ്ടെന്നു പറയാം. പതിനായിരം ഉറുപ്പിക കിട്ടുമെന്നു ആശിച്ച ഒരു കാര്യത്തിൽ അത്യദ്ധ്വാനം ചെയ്തതിന്റെ ശേഷം, അതിൽനിന്നു പത്തുറുപ്പികപോലും ഒടുവിൽ കിട്ടിയില്ലെന്നു വന്നാൽ, ഇതിന്നോ ഇത്രയൊക്കെ അദ്ധ്വാനിച്ചതെന്നു തോന്നുകയില്ലയോ? അങ്ങിനെ തന്നെ അദ്ധ്വാനിച്ചു ഒരു ശ്ലോകത്തിന്റെ അർത്ഥം മനസ്സിലാക്കിയശേഷം അതിൽ യാതൊരു അലങ്കാരഭംഗിയോ ആശയവിശേഷമോ ഇല്ലെന്നു കാണുമ്പോഴും ഇതാണോ ഇതിന്റെ സാരം എന്നു തോന്നിപ്പോകും. അങ്ങിനെ തോന്നാൻ ഇടവരുത്തുന്ന കാവ്യദോഷമാണു ക്ലിഷ്ടത. അതല്ലാതിരുന്നാൽ, ഏതെങ്കിലും ഒരു പ്രത്യേക ശ്ലോകത്തിനു പലവിധം വായനക്കാരുടെ പരിജ്ഞാന വ്യത്യാസമനുസരിച്ചും അവരിൽ ഓരോരുത്തരെ സംബന്ധിച്ചും അതിന്നു ക്ലിഷ്ടതയുണ്ടെന്നും ഇല്ലെന്നും പറയേണ്ടിവരും. ഒരു സംസ്കൃതപണ്ഡിതന്നു എളുപ്പം അർത്ഥമാകുന്ന ഒരു ശ്ലോകം നിഘണ്ടുനോക്കിയും മററും അഞ്ചാറു പ്രാവശ്യം വായിച്ചതിന്നു ശേഷമേ എനിക്കു അർത്ഥമാകുന്നുള്ളുവെങ്കിൽ; ആശ്ലോകത്തിന്നു ക്ലിഷ്ടതയുണ്ടെന്നു ഞാൻ വിധിക്കുന്നതു ന്യായമാകുമോ? ഒരു വായനക്കു അർത്ഥം മനസ്സിലാകാത്ത ശ്ലോകങ്ങൾ ആശാൻ എഴുതീട്ടുണ്ട്. എന്നാൽ ആശാന്റെ ഏതു ശ്ലോകമായാലും ഒരിക്കൽ അർത്ഥം മനസ്സിലായിക്കഴിഞ്ഞാൽ, അതിനെപ്പററി ആലോചിക്കുംതോറും അതു അമൃതസുഖം അനുഭവമാക്കത്തക്കതാണെന്നു സഹൃദയന്മാർ സമ്മതിക്കാതിരിക്കയില്ല. കർത്തൃകർമ്മക്രിയാദികളെ വ്യാകരണസൂത്രം അനുസരിച്ചു യഥാസ്ഥാനത്തു വെച്ചു, ഗദ്യമെഴുതുന്ന രീതിയിൽത്തന്നെ പദ്യവും എഴുതേണമെന്നാണ് നിരൂപകന്റെ സിദ്ധാന്തമെന്നു തോന്നുന്നു. കാവ്യരചനയിൽ പദ്യകർത്താക്കൾക്കു് അനുവദിക്കപ്പെട്ടിട്ടുള്ള സ്വാതന്ത്ര്യങ്ങളെപ്പററി ഒന്നും തന്നെ അദ്ദേഹത്തിന്നു അറിഞ്ഞുകൂടാ.

"ഒന്നായ് ചേർക്കയുമാം പദങ്ങളിടവിട്ടെങ്കിലും ചേർത്തിടാം" ഇത്യാദി സംസ്കൃതസമ്പ്രദായം മലയാളഭാഷയിൽ പററുകയില്ലെന്നു ആശാൻ അവർകൾക്കു അറിഞ്ഞുകൂടെന്നു വരുന്നതല്ലല്ലൊ. എന്നു നിരൂപകൻ ചോദിക്കുന്നു. ആശാന്നു അതും അറിയാം, അതിന്റെ അപ്പുറവും അറിയാം.

"ഒന്നായ് ചേർക്കയുമാം പദങ്ങളിടവിട്ടെങ്കിലും ചേർത്തിടാം
മുന്നിൽചേർത്തവിശേഷണങ്ങളുടെ പിൻചേർക്കാം വിശേഷ്യങ്ങളെ
പിന്നെപ്രാസവുമത്രവേണ്ട വളരെക്കിട്ടും പദംസംസ്കൃതേ,
എന്നാൽ കേരളഭാഷയിങ്കലതുപോലല്ലായ്കയാൽ ദുർഘടം"

ഈ ശ്ലോകത്തിൽത്തന്നെ ഒന്നാമതായി ചേർക്കേണ്ടിയിരുന്ന "സംസ്കൃതേ" എന്ന പദത്തെ പിടിച്ചു താഴത്താക്കിയതുപോലെയോ, അഥവാ, ഈ ശ്ലോകകർത്താവുതന്നെ എഴുതിയ

"ചൂടററിട്ടൊട്ടഞ്ഞെട്ടററലർനിരയെമദിച്ചാനഗണ്ഡങ്ങൾ തേച്ചി-
ട്ടാട്ടമ്പോളാശ്ശുഗോദാവരിയിലിഫപൊഴിക്കുന്നുതീരദ്രുമങ്ങൾ.

എന്നതിനെപ്പോലെ കത്തൃകൎമ്മക്രിയകൾക്കു സ്ഥാനംതെററിച്ചോ മാത്രമേ ആശാനും ശ്ലോകങ്ങൾ നിൎമ്മിച്ചിട്ടുള്ളൂ. ഇങ്ങിനെയുള്ള വ്യത്യാസങ്ങൾ ഗദ്യപദ്യങ്ങൾക്കു ഉണ്ടാവാൻ പാടില്ലെന്നു പറയുന്ന വിമൎശകൻ മഹാകവിയായിരിക്കാൻ പാടില്ലെന്നുഞാൻ സംശയിച്ചതിൽ എന്താണു തെററു?

ആശാൻെറ കാവ്യങ്ങളെപ്പററി ഞാൻ മറെറാരു ദിക്കിൽ എഴുതിവരുന്നതിനാൽ തല്ക്കാലം അധികം പറയുന്നില്ല. എന്നാൽ "തൻെറ വിചാരങ്ങളെ സഹൃദയന്മാൎക്കു സുഗ്രഹവും സുഖകരവും ആകുംവണ്ണം പദ്യങ്ങളിൽ പകൎത്തുവാൻ വേണ്ടിടത്തോളം ശീലിച്ചതിന്നുശേഷമാണു ആശാൻ അവർകൾ ഈ ഗ്രന്ഥം" എഴുതേണ്ടിയിരുന്നതെന്നുപറവാൻ ധൈൎയ്യപ്പെട്ട നിരൂപകൻെറ ധിക്കാരം ശമിപ്പിക്കുവാൻ ആ മഹാകവി ഇന്നു ജീവനോടുകൂടി ഇല്ലാത്തത്, നിരൂപകൻെറ പരമഭാഗ്യമാണെന്നു പറയാതെ വിവൃത്തിയില്ല.

## പഴഞ്ചൊൽകഥകൾ. (തുടൎച്ച)

"ഈ റിക്കാട്ടൊക്കെയുണ്ടായിട്ടോ കേസ്സ് തോല്ക്കാൻ പോകുന്നത?"

പണ്ട് വളരെ വാദപ്രതിവാദമുണ്ടായ ഒരു കേസ്സിൽ വിചാരണയൊക്കെക്കഴിഞ്ഞപ്പോൾ, ജഡ്ജിയുടെ തൂക്കം പ്രതിഭാഗത്തേക്കായി കാണപ്പെട്ടുകയുണ്ടായി. അന്യായക്കാർ കേസ്സ് തോല്ക്കുമെന്നായി. ജഡ്ജിയുടെ അഭിപ്രായത്തിൽനിന്നും കക്ഷികൾക്കും വക്കീൽമാൎക്കും ബോദ്ധ്യപ്പെട്ടു. പ്രസ്തുത ജഡ്ജിയാകട്ടെ, കുറേശ്ശ"കൈനീട്ടുന്ന" തരക്കാരനാണെന്ന് അന്യായവക്കീലിന്നു ബോദ്ധ്യമായിരുന്നു. അയാൾ ഒടുവിൽ ഗത്യന്തരമില്ലെന്നു കണ്ടപ്പോൾ, കേസ്സ് വിചാരണയെല്ലാം കഴിഞ്ഞ് വിധി പറവാനടുത്താറെ, ജഡ്ജിയോട് വിനയത്തോടെ, ഞങ്ങളുടെ കക്ഷിക്ക് വളരെ സഹായകരമായ ഒരു റിക്കാട്ടുംകൂടി ഹാജരാക്കാനുണ്ട്. അതുംകൂടി ഇവിടുത്തെകാട്ടി, ഇവിടുത്തെ ഇഷ്ടംപോലെ വിധിക്കുന്നത് ഞങ്ങൾക്കു സമ്മതമാണ്. അത് പക്ഷേ വളരെ സഹായകരമായുള്ള ഒന്നാകയാലും, മററുള്ളവർ കാണുവാൻപാടില്ലാത്തതാകയാലും, ഇവിടുത്തെ മാത്രം ബോദ്ധ്യപ്പെടുത്തുവാൻവേണ്ടി കാണിക്കാനെ നിവൃത്തിയുള്ളൂ. അതിനാൽ അതു സഹായകരമായി ഇവിടുന്നുമാത്രമുള്ള ആലോചനമുറിയിലിരുന്നു നോക്കേണ്ടതാണെന്നും പറഞ്ഞ് ഒരു ലക്കോട്ട് ജഡ്ജിവശം കൊടുത്തു. ഉടനെ ജഡ്ജി അതു എടുത്ത് ആലോചനമുറിയിൽ

പോയി മടങ്ങിവന്നപ്പോൾ ജഡ്ജിയുടെ ഭാവമെല്ലാം മാറി. എന്നിട്ടു പറഞ്ഞതാണ് മേലെഴുതിയ പഴമൊഴി. ഇക്കണ്ട റിക്കാർട്ടൊക്കെയുണ്ടായിട്ട് നിങ്ങൾ അതെന്തുകൊണ്ടു് മുൻകൂട്ടി കാണിച്ചില്ല? ഞാനിപ്പോൾ തന്നെ നിങ്ങളുടെ കക്ഷിക്കെതിരായി വിധിച്ചിരുന്നു. ആകട്ടെ ഇതിപ്പൊഴെങ്കിലും ഹാജരാക്കാൻതോന്നിയത് നല്ലകാലം എന്നു പറഞ്ഞു, കേസ്സിൽ അന്യായഭാഗത്തേക്കു ഗുണകരമായിവിധിപറകയുംചെയ്തുപോൽ! ലക്കോട്ടിലുണ്ടായിരുന്നത് ആയിരക്കണക്കിലുള്ള കറൻസിനോട്ടുകൾ മാത്രമായിരുന്നു.

"പന്തീരാണ്ടുകാലം ആലോചിച്ചുപ്രവർത്തിച്ചു."

പണ്ടൊരു നമ്പൂതിരിയുടെ ഇല്ലത്ത് ഒരു കാളക്കുട്ടി വളൎന്നുവന്നിരുന്നു. അതിൻെറ കൊമ്പുകൾ മുളച്ചുവളൎന്നു വരുംതോറും നടുവിസ്താരമേറിയും രണ്ടഗ്രവും കൂട്ടിമുട്ടത്തക്കതരത്തിലടുത്തുമിരുന്നു. ഇതു കൊമ്പുകളുടെ വൃത്തത്തിലുള്ള വളവും കാളയുടെ ഉയരവും കാണുംതോറും, കുളത്തിൽ കൂപ്പുചാടാനും, "മുതലക്രുപം" മറവാനും സമൎത്ഥനായിരുന്ന നമ്പൂതിരിക്ക്, എന്തുകൊണ്ടു് ഈ കാളയുടെ പുറത്തുകയറി അതിൻെറ കൊമ്പുകൾക്കിടയിലൂടെ ഒന്നു "മുതലക്രുപം" കുത്തിമറിഞ്ഞുകൂടാ? എന്നൊരാലോചനയുണ്ടായി. ഈ ആലോചന കാളയെ കാണുമ്പോഴൊക്കെയും നമ്പൂതിരിയുടെ ഉള്ളിലൂടെ പാഞ്ഞിരുന്നു. ഇങ്ങിനെ കാലം കുറെക്കഴിഞ്ഞിട്ടും നമ്പൂതിരിയുടെ കൊമ്പിന്നിടയിലൂടെ ചാടുമ്പോഴത്തെ രസത്തിൻെറ ആലോചന വിട്ടുപോയില്ല. ഇങ്ങിനെ ഏതാണ്ടൊരു പന്തീരാണ്ടുകാലം കഴിഞ്ഞതിൻെറശേഷം ഒരുദിവസം അടുത്ത് മററാരുമില്ലാത്തൊരവസരം കിട്ടിയപ്പോൾ മൂപ്പൻ മുതുക്കൻ കാളയുടെ പുറത്തേറി കൊമ്പിന്നിടയിലൂടെ കയ്യും തലയും ഇട്ടു ചാടാൻ നോക്കി. പുറത്ത് ആൾ കയറിയ ക്ഷണത്തിൽ വിറളിപിടിച്ച കാള, ഓടിപ്പാഞ്ഞും തുള്ളിച്ചാടിയും, കൊമ്പിന്നിടയിൽ കുടുങ്ങിയ നമ്പൂതിരിയച്ഛനെ ഊക്കോടെ കുടഞ്ഞും, കൊമ്പു നിലത്തിട്ടടിച്ചും കാണുന്നവഴിപോന്തയിൽ കൂടേയും വേലിയരികിൽ കൂടേയും കൊമ്പിൽ കുടുങ്ങിയ അദ്ദേഹത്തേയും വലിച്ചോടിത്തുടങ്ങി. "ഗ്രഹപ്പിഴ"യിൽ കുടുങ്ങിയ നമ്പൂതിരി കാളപ്പുറത്തുമല്ല, താഴത്തുമല്ലാതെ വളരെയെല്ലാം വേദനസഹിച്ചും മേൽ വ്രണപ്പെട്ടും തോൽപോയും വാരിയെല്ലുളുക്കിയും കുറേനേരം കഴിഞ്ഞാറെ ഒരു വിധത്തിൽ നിലത്തുവീണു രക്ഷപ്പെട്ടു. ഒടുവിൽ ആളുകൾ വന്നെത്തി സമാധാനിപ്പിക്കുമ്പോൾ, കഴിഞ്ഞകഥയെല്ലാം കേട്ട മറെറാരു നമ്പൂതിരി ഈവകയെല്ലാം ചെയ്യുമ്പോൾ അങ്ങു അല്പം ആലോചിക്കണ്ടേ? എന്നു ചോദിച്ചപ്പോൾ പറഞ്ഞത് ഇതാണ് "ഹര! ഹര! മറെറാന്നും പറയേണ്ട. എൻെറ ഏഴരശ്ശനി ഞാൻ ഈ സംഗതി പന്തീരാണ്ടുകാലം ആലോചിച്ചിട്ടേ പ്രവൎത്തിച്ചിട്ടുള്ളു. ഇനി ഇതിലപ്പുറം എങ്ങിനെയാണാലോചിക്കുക?"

തങ്ങൾ ചെയ്യാൻ പോകുന്ന കാൎയ്യത്തിൻെറ ഭവിഷ്യത്താലോചിക്കാതെ കാൎയ്യം പ്രവൎത്തിക്കേണമെന്നു മാത്രം ആലോചിച്ചാലോചിച്ച് ഒടുവിൽ അബദ്ധത്തിൽ ചാടിയാൽ താൻ ആലോചിക്കാത്ത കുററമല്ലെന്നും ദൈവികശക്തിയാണെന്നും പറഞ്ഞു് സമാധാനിക്കുന്നവർ ഇന്നും കുറച്ചല്ല. അത്തരക്കാരുടെ ആലോചനയെക്കുറിച്ച് കേൾക്കുമ്പോൾ ഈ കഥ തോന്നുമാറുണ്ടു്.

"ചാലിയൻ ചാക്യാർക്കൂത്ത് കേട്ടപോലെ"

പണ്ടൊരു നെയ്ത്തുകാരൻ ഒരു ചാക്യാർക്കൂത്തു കേൾപ്പാൻ പോയിരുന്നു. അന്നത്തെ കഥ പാഞ്ചാലീസ്വയംവരത്തിലെ "പൊണ്ണൻബ്രാഹ്മണ"വിവരണമായിരുന്നു. ചാക്യാർ അതിശയോക്തിയോടും ഫലിതത്തോടുംകൂടി ഭീമസേനൻെറ കായബലവും ദേഹപുഷ്ടിയും മററും വൎണ്ണിച്ചു പറഞ്ഞിരുന്നു. ഭീമൻെറ തോളിൽ കുറെ ആൾ, കൈകളിന്മേൽ കുറെ ആൾ, തലയിൽ കുറെ പേർ എന്നുവേണ്ട ഓരോ രോമത്തിന്മേൽകൂടി ഓരോരുത്തർ പിടിച്ചു തൂങ്ങിക്കൊണ്ടു നടന്നിരുന്നപ്പോഴും ഒട്ടും കുലുങ്ങിയിരുന്നില്ലെന്നും, മററുള്ളവൎക്കാൎക്കും നിലയില്ലാത്ത ആഴമുള്ള പുഴയിൽ ഭീമൻെറ ഞെരിയാണി നനവാനുള്ള വെള്ളമില്ലായിരുന്നുവെന്നും മററും ചാക്യാർ അവൎക്ക് പ്രകൃത്യാ സിദ്ധിച്ച ചമല്ക്കാരത്തോടെ പറഞ്ഞ് ഭീമൻെറ ഒരു ആകാരസ്വരൂപം ശ്രോതാക്കളുടെ മനോദൃഷ്ടിക്ക് കാട്ടിക്കൊടുത്തു. കുറേനേരം കഴിഞ്ഞപ്പോൾ കൂത്തു മതിയാക്കി കാണികളെല്ലാം പിരിഞ്ഞുപോകയും ചെയ്തു. നമ്മുടെ ശ്രോതാവായ ചാലിയനാകട്ടെ കഥയുടെ ഏതോ ഭാഗം വ്യക്തമായി മനസ്സിലാകാത്തപോലെ ഒടുവിൽ ചാക്യാർ വേഷമഴിച്ച് പുറത്തുവരുംവരെ പോകാതെ കാത്തുനിന്ന് ചാക്യാരുടെ അടുക്കൽപോയി തൻെറ ഒരു സംശയനിവൃത്തി വരുത്തിത്തരുവാനായി അപേക്ഷിച്ചു. ചാക്യാർ കൌതുകത്തോടെ "കേൾക്കട്ടെ സംശയം" എന്നു ചോദിച്ചു. അപ്പോൾ തന്തുവായൻ "നേരത്തെ ഇവിടുന്നു വൎണ്ണിച്ച ആ വലിയ ഊക്കൻതമ്പുരാന്ന് കോണകംനെയ്യുന്നതാരാണാവോ?" എന്നാണ് ചോദിച്ചത്. കാരണം ആ പ്രവൃത്തി തനിക്ക് കിട്ടിയാൽ അത്രയും വലിയ ഒരാൾക്ക് നെയ്യുന്ന ശീലത്തരങ്ങൾ വളരെ വലുതാകേണ്ടതാകയാൽ അതിന്നനുസരിച്ച കൂലിയും കിട്ടുമെന്നും, എന്നാൽ തരമുണ്ടെങ്കിൽ ആ ലാഭം തനിക്ക് കിട്ടുവാൻ മാൎഗ്ഗമുണ്ടോ എന്നറിവാനുമായിരുന്നു. ഇങ്ങിനെ തങ്ങൾക്കു ലാഭമുള്ള കാൎയ്യത്തിൽമാത്രം ശ്രദ്ധവെക്കുന്ന ആളുകളെക്കുറിച്ചു പറയുമ്പോഴാണ് "ചാലിയൻ ചാക്യാർക്കൂത്ത് കേട്ടപോലെ" എന്നു പറയാറുള്ളത്. ഈ ഒരു ലാഭചിന്തകൊണ്ടു മാത്രമാണ് അവൻ ചാക്യാർക്കൂത്തിൽ ശ്രദ്ധിച്ചതും, ആ ഒരൊററ കാൎയ്യത്തെക്കുറിച്ചുമാത്രമാണ് അവന്നു അറിയേണ്ടിയിരുന്നതും!

വി. ടി. ശങ്കുണ്ണിമേനോൻ.

# വിചാരവീചി.

"സ്ത്രീസമുദായപരിഷ്കാരം"

ഇന്ത്യയിലെ സ്ത്രീകളെസംബന്ധിച്ചു പല പരിഷ്കാരങ്ങളും ഇപ്പോൾ നിയമനിൎമ്മാണസഭകളുടേയും സാമുദായികസമാജങ്ങളുടേയും ആലോചനയിലും അന്വേഷണത്തിലും ഇരിക്കുന്നുണ്ടെന്നു വായനക്കാൎക്കു അറിയാമല്ലൊ. ശാരദയുടെവക ഒരു ബിൽ അസംബ്ലിയിലും, മുത്തുലക്ഷ്മിറെഡ്ഡിയുടെ ഒരു ബിൽ മദിരാശി നിയമനിൎമ്മാണസഭയിലും അവതരിപ്പിച്ചിട്ടുണ്ടു്. എത്രയൊ ചെറുപ്രായത്തിൽതന്നെ വിവാഹബന്ധത്തിൽ ഏൎപ്പെട്ടു ദേഹത്തിന്നും മനസ്സിന്നും പൂൎണ്ണവളൎച്ചയും പുഷ്ടിയും സഹനശക്തിയും വരുംമുമ്പുതന്നെ മാതൃത്വംവഹിക്കാനിടവരുന്ന ഭാരതീയബാലികകളുടെ ഇഹലോകനരകത്തിന്നു് ഒരു പരിശാന്തി വരുത്തുവാനാണു് ശാരദ തന്റെ ബിൽ തയ്യാറാക്കിയതു്. ഇന്ത്യയിൽ പ്രതിദിനം ജനിക്കുന്ന ശിശുക്കളുടെ ദേഹം സ്വല്പദിനങ്ങൾപോലും നിലനില്ക്കാതെവന്നു ഇന്ത്യയിലെ ശിശുമരണക്കണക്കു തുലോം വൎദ്ധിക്കുന്ന സംഗതി ദേശാഭിമാനികളെ അത്യന്തം വ്യസനിപ്പിക്കുന്നതു് ന്യായമല്ലെ? ശൈശവവിവാഹവും, ശിശുവിധവകളും ഇന്ത്യയുടെ ഇപ്പോഴത്തെ സ്ഥിതിയ്ക്കു ഒരു കളങ്കമാണെന്നും ഭാവിയിലുള്ള ഐശ്വൎയ്യത്തിന്നു ഒരു വിഘ്നമാണെന്നും നമുക്കുതന്നെ നിശ്ചയമുണ്ടായിരിക്കെ, മിസ്സ് മേയൊ മുതലായവർ ഇക്കാരണത്തിന്നു നമ്മെ പരിഹസിക്കുന്നുവെങ്കിൽ നാം ലജ്ജിക്കുകയല്ലെ, എതിൎക്കുകയാണൊ വേണ്ടതു്? കാലോചിതമായ ഈ പരിഷ്കാരത്തിന്നു കച്ചകെട്ടിപ്പുറപ്പെട്ട സാമുദായികപരിഷ്കാരികളുടെ ശ്രമമാണു് അസംബ്ലിയിലെ ബില്ലിന്നും, നാടെങ്ങും നടന്നു തെളിവുശേഖരിക്കുന്ന ഒരു കമ്മിററിയുടെ ഘടനയ്ക്കും കാരണമായതു്. പ്രേമം എന്നതു യുവചാപല്യമാണെന്നും അനുരാഗം അൎത്ഥശൂന്യമാണെന്നുമുള്ള അടിക്കല്ലിൽ കെട്ടിയുറപ്പിച്ച ഭാരതഭൂമിയിലെ വേറൊരു ദുഷ്ടശിലാസ്തംഭമാണു് ദേവദാസീസ്ഥാപനം. ഈശ്വരന്നു് സമൎപ്പിക്കുകയെന്ന വ്യാജേന പെൺകിടാങ്ങളെ മൃഗപ്രായരായ അസുരന്മാർ പ്രതിദിനം ലജ്ജാകരമായ ജീവിതത്തിന്നും ഹീനകൎമ്മത്തിന്നും ഉപയോഗപ്പെടുത്തുന്നതു എന്തൊരു സങ്കടമാണു്? നാണവും ആണത്വവുംവിട്ടു തേവിടിത്തെരുവുകളെ തറവാടാക്കിക്കഴിക്കുന്ന ദുൎബ്ബുദ്ധികളുടെ സ്വാൎത്ഥതരുവിന്നൊരു കോടാലിയായും, നികൃഷ്ടജീവിതത്തിൽപതിച്ച തങ്ങളുടെ ദുരദൃഷ്ടമോൎത്തു് ഭാരതാവനിയുടെ മാറിടത്തിൽ കണ്ണുനീർപുഴകൾ ഇടവിടാതെ ഒഴുകിക്കൊണ്ടിരിക്കുന്ന ദേവദാസികളുടെ സന്താപാഗ്നിക്കു ഒരു വൎഷധാരയായും ഒരു ബിൽ മദിരാശി നിയമസഭയിൽ തയ്യാറാക്കിക്കഴിഞ്ഞിട്ടുണ്ടു്.

എന്നാൽ ഇത്തരം സാമുദായികപരിഷ്കാരങ്ങൾ വരുത്തുന്നതിൽ പലക്കും സങ്കടമില്ലായ്കയില്ല. അങ്ങിനെ സങ്കടപ്പെടുന്നവരുടെ മനോഭാവത്തേയും അവരുടെ ആഗ്രഹത്തേയും രേഖപ്പെടുത്തുന്നത് അവ കുറിക്കപ്പെടുന്ന ഈ കടലാസ്സിന്നുപോലും ലജ്ജാകരമായിരിക്കും. എന്നാൽ അവർ പുറത്തു പുറപ്പെടുവിക്കുന്ന കാരണങ്ങളെ വിചിന്തനംചെയ്യുന്നതിന്നു വിരോധമുണ്ടെന്നു തോന്നുന്നില്ല. ആ കാരണങ്ങളിൽ ഒന്നൊ ഒന്നാമത്തേതൊ, സാമുദായികപരിഷ്കാരം നിയമങ്ങൾകൊണ്ടു വരുത്തുന്നത് ആപൽക്കരമാണെന്നതാണ്. ഇതു വളരെ സാധുവാണെന്നു തോന്നുന്നില്ല. സമുദായപരിഷ്കാരം അധികജനങ്ങൾക്കു ഹിതമാണെങ്കിൽ അതിന്നൊരു നിയമം ഉണ്ടാക്കുന്നത് ഒന്നുകൊണ്ടും ദോഷത്തിന്നു സംഗതിയാവുകയില്ല. പരിഷ്കാരങ്ങൾ പ്രവൃത്തിപദ്ധതിയിൽ കൊണ്ടുവരുവാൻ ഗവൎമ്മേണ്ടിന്റെ സഹായത്തെ ആശ്രയിക്കുന്നതിൽ എന്താണ് ദോഷമുള്ളത്? ആവശ്യമായിവരുന്ന പരിഷ്കാരങ്ങൾ കുറേപ്പേരുടെ വിരോധത്തെക്കൂടി വിഗണിച്ചു നടപ്പിൽവരുത്തുവാൻ തുനിയുന്ന കേമാൽപാഷാ, അമാനുള്ള മഹാരാജാവു മുതലായവരുടെ നയം ഒന്നുകൊണ്ടും അനാശാസ്യമല്ല. സമുദായംതന്നെ ക്രമേണ നടപ്പിൽവരുത്തട്ടെ എന്നു വെക്കുന്നതായാൽ ഒരു പരിഷ്കാരവും ഒരു യുഗത്തിൽപോലും നടപ്പിൽവരുന്നതല്ല. നാട്ടുസമ്പ്രദായങ്ങളും സാമുദായികനടവടികളും ഒന്നും തീരെ നിശ്ചയമില്ലാത്ത മററു വല്ലവരും നമ്മുടെ നാട്ടിലും സമുദായത്തിലും പരിഷ്കാരങ്ങൾ നിബന്ധിച്ചു നടത്തുന്നുവെങ്കിൽ മാത്രമെ അതിന്നു ദോഷമുള്ളു. ഇപ്പോൾ ആലോചിച്ചുവരുന്ന പരിഷ്കാരങ്ങൾക്കു ജനങ്ങളിൽ ഭൂരിപക്ഷം അനുമതി കൊടുത്തുകഴിഞ്ഞിരിക്കുന്നുവെന്നു മാത്രമല്ല, അവർ അതിന്നായി കാത്തിരിക്കുകയും ചെയ്യുന്നുണ്ട്. ആ സ്ഥിതിക്കു ഈ വിഷയങ്ങളിൽ നിയമങ്ങൾ സൃഷ്ടിക്കുന്നത് അപായകരമല്ലെന്നു മാത്രമല്ല ആശ്വാസജനകമാണെന്നുതന്നെ പറയാം. ഈവക ഏൎപ്പാടുകൾക്കു മതത്തിൽ അടിസ്ഥാനമുണ്ടെന്നുപറഞ്ഞു നിഷേധിക്കുവാൻ പുറപ്പെട്ടാൽ അതുകേട്ടു വിശ്വസിച്ചു അടങ്ങിയിരിക്കുന്നവരാണൊ ഈ ഇരുപതാംനൂററാണ്ടിലെ ജനങ്ങൾ? മതത്തിൽ ഇവയ്ക്കു എന്തൊരു അടിസ്ഥാനമാണുള്ളത്? മതത്തെത്തന്നെ പരിഷ്കരിപ്പാനും അതിൽ കാലോചിതങ്ങളായ ഭേദഗതികൾ വരുത്തുവാനും പ്രയത്നിക്കുന്ന നാട്ടുകാരെ മതത്തിൽ വല്ലതുമൊക്കെയുണ്ടെന്നുപറഞ്ഞു ഭീഷണിപ്പെടുത്തുന്നതുതന്നെ ഒരു ഭോഷത്വമാണ്. പോരെങ്കിൽ അതിൽ യാതൊരടിസ്ഥാനവുമില്ലതാനും. "മതം ആസകലം തുമ്പില്ലാതായി. ബ്രിട്ടീഷുഭരണം നമ്മെയെല്ലാം പാതിരികളാക്കുകയാണ് ചെയ്യുന്നത്"എന്നും മററും പറയുന്ന ചില അവിവേകികളുടെ സംസാരം ഒന്നും അറിയാത്ത കുഗ്രാമങ്ങളിലെ ജനങ്ങളോടു മാ

ത്രമേ ഫലിക്കയുള്ളുവെന്നു അവർ ഗ്രഹിക്കാത്തത് എന്തൊരു അത്ഭുതമാണ്.

ഇപ്പോൾ ആലോചിച്ചുവരുന്ന പരിഷ്കാരങ്ങൾക്കും ധാരാളം എതിരാളികളുണ്ട്. അവർ കഴിയുന്നതും ജനങ്ങളെ തെററിദ്ധരിപ്പിക്കുവാനും, അവരുടെയിടയിലുള്ള പ്രമാണികളേയും ജനസ്വാധീനമുള്ളവരേയുംകൊണ്ടു സാധുക്കളെ കീഴടക്കിവരുവാനും, ഗവമ്മേണ്ടിനെ സ്വാധീനപ്പെടുത്തുവാനും, ഗവമ്മേണ്ടിലേക്കും മററും ആക്ഷേപഹരജികൾ അയപ്പാനും, പണ്ഡിതന്മാരും ശാസ്ത്രികളുമെന്നു സ്വയമേവ അഭിധാനംചെയ്തുവരുന്ന യാഥാസ്ഥിതികരുടെ സമാജങ്ങൾചേത്തു അവയിൽവെച്ചു പ്രസംഗിപ്പാനും, പ്രമേയങ്ങൾ പാസ്സാക്കുവാനും ഒക്കെ ശ്രമിച്ചുവരുന്നുമുണ്ട്. എന്നാൽ സമുദായത്തിൻെറ കറകളഞ്ഞ് അതിനെ പരിശുദ്ധമാക്കുവാൻ കത്തിജ്വലിക്കുന്ന യുവഹൃദയങ്ങളിലെ പാവനാഗ്നിക്കു ഇവയെല്ലാം വെറും ഉണക്കിലകളാണെന്നേ വരികയുള്ളു.

ഈയവസരത്തിൽ, ശരിക്കു ഒരു നൂററാണ്ടുമുമ്പു നടന്ന ഒരു സാമുദായികപരിഷ്കാരത്തെപ്പററി കുറഞ്ഞൊന്നു പ്രസ്താവിച്ചുകൊള്ളട്ടെ. 1828 മാർച്ച്മാസത്തിലാണ് ബെൻറിംഗ് പ്രഭു ഇന്ത്യയിൽ ഗവണ്ണർ ജനറാളായി വന്നത്. അക്കാലത്ത് ഇന്ന് നമുക്കു ആലോചിപ്പാൻ തന്നെ ഭയമാവുന്ന സതീ (ഉടന്തടി ചാട്ടം) വ്രതം നടപ്പായിരുന്നുവല്ലൊ. ഭാരതീയ സ്ത്രീകളെ അന്നു ആചരിപ്പിച്ചുവന്ന ആ ഭീമകമ്മത്തിൻെറ കഥ എന്താണെന്നു ആലോചിച്ചു നോക്കുക. സ്വബുദ്ധി വരുന്നതിന്നു മുമ്പായിരിക്കും വിവാഹം. ചിലപ്പോൾ വയസ്സുകൊണ്ടു യാതൊരു സാമ്യവുമില്ലാത്ത വല്ല വൃദ്ധനുമായിരിക്കും ഭത്താവ്. യൌവനത്തിലേക്കുകാലെടുത്തുവെക്കുമ്പോൾ ഭത്താവു പരലോകഗതനാകും. പിന്നെ ഭായ്യയുടെ കഥയൊ? മരണത്തിൽ ആക്കാണ് ഭയമില്ലാത്തത്? എന്നാൽ മാമൂൽ തെററിക്കാത്ത ശേഷക്കാർ ഭത്താവിനെ ദഹിപ്പിക്കുന്ന ചിതയിൽ ജീവനോടെ പ്രവേശിച്ചു സ്വദേഹം ദഹിപ്പിക്കുവാൻ വിധിക്കുന്നു. ഭർത്തൃമരണംകൊണ്ടുതന്നെ ദുസ്സഹമായ വേദനയുള്ളത്, സ്വന്തം മൃതിഭയത്താൽ അപ്പോൾ എത്രയോ മടങ്ങു വദ്ധിച്ചു ജീവരക്ഷയ്ക്കായി ഓടിഒളിക്കുന്ന യുവതിയെ പിടിച്ചുകെട്ടി, ഭത്താവിൻെറ മൃതശരീരത്തിൽവെച്ചു കെട്ടി, മൃതശരീരവും ജീവച്ഛരീരവുമായി യാതൊരു വ്യത്യാസവുമില്ലാത്ത നിലയിൽ അതിനെ അഗ്നിയിൽ കത്തിച്ചു കൊല്ലുകയായിരുന്നു അന്നത്തെ ഒരു സാധാരണ നടപ്പ്! എത്ര ഭയങ്കരം! ഒരുനൂറുകൊല്ലം കഴിയട്ടെ; ഇന്നത്തെ നടവടികളും ഇത്രതന്നെ ഭയങ്കരമായിരുന്നുവെന്ന് 2028-ലെ ജനങ്ങൾ പറയാതെയിരിക്കയില്ല:

ഈ ഉടന്തടിചാട്ടം നിത്തൽചെയ്യാൻ ആവുന്നതും പ്രയത്നിച്ച ഒരു ദേഹമാണ് രാജാരാം മോഹൻറോയി. ഇദ്ദേഹത്തിൻെറ നിര

ന്തരപരിശ്രമത്താൽ ഉത്തരേന്ത്യയിൽ ഇക്കാലത്തേക്ക് (1828-ലേക്ക്) ഉടന്തടിചാട്ടം ഒരു ക്രൂരവും, മതത്തിൽ യാതൊരടിസ്ഥാനമില്ലാത്തതുമായ കർമ്മമാണെന്നു ബോധം പരന്നു കഴിഞ്ഞിരുന്നു. അതിനാൽ വിശാലഹൃദയനായ ബെണ്ടിങ്ങിന്നു അതിനെ ഉടനടി നിർത്തൽചെയ്വാൻ ഒരു നിയമം ഏർപ്പെടുത്തുവാൻ വളരെ പ്രയാസമുണ്ടായിരുന്നില്ല. അന്നും 'മതം താറുമാറായിപ്പോയി' എന്ന നിരർത്ഥാപവാദം പരത്തുവാൻ ധാരാളം കള്ളസ്സന്ന്യാസികൾ ഉണ്ടായിരുന്നു. 1830 ജനവരി 14-ാംനു- കല്ക്കത്തയിൽ നിന്നുതന്നെ 800പേർ ഒപ്പിട്ട ഒരു ആക്ഷേപഹരജി ഗവർമ്മെണ്ടിലേക്കയച്ചിരുന്നു. ഉടന്തടിചാട്ടം നിർത്തൽചെയ്യുന്നതു തെററാണെന്നായിരുന്നു അവരുടെ ആക്ഷേപം. അന്നു ജീവനോടുകൂടി യുവതികളെ ദഹിപ്പിപ്പാൻ ആഗ്രഹമുള്ളവർ അങ്ങിനെ ആക്ഷേപഹരജി അയച്ചുവെങ്കിൽ ഇന്നു നാണമില്ലാതെ പെണ്ണുങ്ങളെ മൃഗപ്രായമായി നിർത്തി അവരവരുടെ നീചമായ മോഹം സാധിപ്പിപ്പാൻ ആഗ്രഹിക്കുന്നവർ സ്ത്രീസമുദായപരിഷ്കാരത്തിന്നു എതിരായും പ്രവർത്തിക്കുന്നുണ്ട്. അന്ന് 120 പണ്ഡിതന്മാർ ഒപ്പിട്ട വേറൊരു ഹരജിയും അതിനൊ തുടന്നു. പണ്ഡിതന്മാരുടെ ദുർമ്മദത്തിന്നു ഇന്നാണൊ പിന്നെക്കുറവ്? ശാസ്ത്രികളെന്നും വേദോദ്ധാരകരെന്നും, ധർമ്മസ്ഥാപകരെന്നും, സന്ന്യാസിമാരെന്നും കപടവേഷംകെട്ടുന്ന കുറെ താടിക്കാരല്ലെ ഇതിന്നിടെ കാശിയിൽ സഭകൂടി സ്ത്രീകളെ അവരുടെ അടിമയാക്കിനിർത്തി അവരുടെ ദുർമ്മോഹങ്ങൾ സാധിപ്പിക്കുവാൻ ഇന്നും എന്നും ഉപയോഗിക്കേണമെന്ന പ്രമേയം പാസ്സാക്കിയത്? വേറൊരു ഹരജിയിൽ 346 പേർ ഒപ്പിട്ടിട്ടുണ്ടത്രെ. ലക്ഷക്കണക്കാക്കി ഒപ്പിട്ട ഹരജികൾ സൃഷ്ടിക്കുവാൻ ഇന്നത്തെ യാഥാസ്ഥികന്മാർക്കാണൊ പ്രയാസം? പോരാ! റാം മോഹൻറോയിയുടെ ഈ പരിശ്രമത്തിന്നു അദ്ദേഹത്തിന്നു ഉടനെ മരണം തന്നെ സമ്മാനിക്കുന്നതാണെന്നും പറഞ്ഞു് അയാളെ ഈ ദുഷ്ടന്മാർ ഭയപ്പെടുത്താൻ ശ്രമിക്കാതിരുന്നില്ല. അതിലും അദ്ദേഹം കലുങ്ങിയില്ല. അന്നു ഭീഷണിപ്പെടുത്തിയതെ ഉള്ളുവെങ്കിലും ഇന്നു പ്രവർത്തിപ്പാനും സാമുദായിക പരിഷ്കാരത്തിന്നു പ്രയത്നിക്കുന്നവരെ സംഹരിപ്പാനും ആളുകൾ തയ്യാറുണ്ട്. ആയതുകൊണ്ട് പരിഷ്കരണശ്രമം പെട്ടെന്നു അമന്നു പോകുമെന്നു സംശയിക്കുന്നതല്ലെ ഭോഷത്വം! അന്നത്തെ ഗവർണ്ണർ ജനറാളുടെ കല്പനയ്ക്കു എതിരായി പ്രമാണികളും പ്രഭുക്കളുമായ ഈ യാഥാസ്ഥികർ ബിലാത്തിയിൽ മഹാരാജാവു തിരുമനസ്സിലെ മുമ്പാകെ അപ്പീൽ ബോധിപ്പിച്ചുവത്രെ. അന്നു അത്രയെ ചെയ്തുള്ളു. ഇന്നു മഹാരാജാവിന്നു പോലും ഇതിൽ യാതൊന്നും പ്രവർത്തിപ്പാൻ അധികാരമില്ലെന്നു വാദിക്കുവാൻ തന്നെ യാഥാസ്ഥികകക്ഷിയുടെ വക വക്കീൽമാർ സ്വർഗ്ഗത്തിലോളം ആകാശവിമാനത്തിൽ പറക്കാൻ തയ്യാറുണ്ട്. എന്നാൽ ഈ

വക സകല പ്രതിരോധങ്ങളും നീക്കി ഉടനടി ചാട്ടം എന്നെന്നേക്കുമായി നിൎത്തൽചെയ്കയുണ്ടായത് എന്തൊരനുഗ്രഹമാണ്. അന്നു പുരുഷന്മാർ മാത്രം ദയയോടെ പ്രയത്നിച്ചതിനാൽ ഇത്രയും ഫലമുണ്ടായെങ്കിൽ, ഇന്ന്—സ്ത്രീകൾക്കും കാലാനുസൃതമായ ഉണൎച്ചസിദ്ധിച്ച ഈ കാലത്ത്—സ്ത്രീകളും പുരുഷന്മാരും യോജിച്ചുപ്രയത്നിക്കുന്ന ഈ പരിഷ്കാരശ്രമങ്ങളാണൊ പഴമക്കാർ അവരുടെ "പിട്ടു"കൊണ്ട് വിഫലമാക്കുവാൻ ശ്രമിക്കുന്നതു്? ഇപ്പോൾ ആലോചിച്ചുവരുന്ന പരിഷ്കാരം സഫലമായിത്തീരുവാൻ ഞങ്ങളും ആഗ്രഹിക്കുന്നു.

# വിജ്ഞാനസൌധം.

## ആകാശവിമാനംകൊണ്ടുള്ള ദോഷങ്ങൾ.

അതിശീഘ്രസഞ്ചാരത്തിന്നും ആകാശയാനത്തിന്നും വിമാനങ്ങൾ ഇപ്പോൾ ധാരാളം ഉപയോഗിച്ചുവരുന്നുണ്ടു്. വിമാനത്തിൻെറ നിൎമ്മാണത്തിലും അതിലുപയോഗിക്കുന്ന യന്ത്രങ്ങളുടെ നവീകരണത്തിലും പ്രതിദിനം പരിഷ്കാരങ്ങൾ വരുന്നത് ആശാസ്യമാണ്. എന്നാൽ ഇതേ യാനങ്ങൾതന്നെ ഉപദ്രവത്തിന്നും ഉപയോഗിപ്പാൻ ആലോചിച്ചുവരുന്നുണ്ടു്. കഴിഞ്ഞ യുദ്ധകാലത്ത് ആകാശവിമാനത്തെ ബോമ്പു എറിയുവാൻ ധാരാളം ഉപയോഗിച്ചുവന്നിരുന്നുവല്ലൊ. ഈ ചതിപ്രയോഗംകൊണ്ടു ബലമേറിയ പല കോട്ടകളും എടുപ്പുകളും താറുമാറാക്കിയതിന്നുപുറമെ, അനേകായിരം ജനങ്ങളേയും നശിപ്പിച്ചിരുന്നു. പട്ടണങ്ങളെ പാഴാക്കിയിരുന്നു. ഇതുകൊണ്ടു തൃപ്തിപ്പെടാതെ ഇപ്പോൾ വിമാനത്തെ വേറൊരുതരത്തിലും ജനദ്രോഹാൎത്ഥം ഉപയോഗിപ്പാൻ ആലോചിച്ചുവരുന്നുണ്ടു്. ക്ലോറിൻ, മസ്റ്റാഡ്‌വായു മുതലായ വായുക്കളെക്കൊണ്ടു ജനങ്ങളെ കൊല്ലുവാൻ സാധിക്കുമെങ്കിലും, അവയുടെ പ്രയോഗത്തെത്തുടൎന്നുകൊണ്ടു മറുമരുന്നുകളെക്കൊടുത്തു ജനങ്ങളെ മരണത്തിൽനിന്നു രക്ഷിക്കാം എന്നു കണ്ടുപിടിച്ചിരിക്കുന്നു. അതിനാൽ അങ്ങിനെ മൃത്യുവക്ത്രത്തിൽനിന്നു വീണ്ടെടുക്കാൻ നിൎവ്വാഹമില്ലാത്തവിധം കൊല്ലുവാൻതക്കുന്ന ഒരു ദ്രാവകം സൃഷ്ടിക്കപ്പെട്ടതോടുകൂടി അതിനെ പ്രയോഗിപ്പാനും ആകാശവിമാനത്തെയാണ് ഉപയോഗിക്കുന്നത്. അമേരിക്ക മുതലായ രാജ്യങ്ങളിൽ ഇതു് പ്രതിദിനം ആയിരമായിരം ടൺ സൃഷ്ടിച്ചുവരുന്നുണ്ടു്. ഇതു മൂന്നു തുള്ളി മരുന്നു ഒരു മനുഷ്യൻെറ ശരീരത്തിൽ പതിക്കുന്നതായാൽ അവൻ പെട്ടെന്നു മരിക്കുമത്രെ. ഈ ദ്രാവകം വലിയ ടിൻപാത്രങ്ങളിൽ നിറച്ചു ആകാശവിമാനത്തിൽകയററ

ആകാശത്തിൽനിന്നു മഴപോലെ വർഷിക്കുന്നതായാൽ ഒരു വലിയ നഗരം ആകെ നശിപ്പിക്കാമത്രെ. ഇങ്ങിനെതന്നെ ക്ലോറഫോം എന്ന ദ്രാവകവും ആകാശത്തിൽ വിമാനങ്ങളിൽനിന്നു വർഷിക്കുന്നതായാൽ ആ ദ്രാവകംനിമിത്തമൊ, ആ ദ്രാവകംതന്നെ വായുരൂപമായി ശ്വസിച്ചോ ആളുകളൊക്കെ ബോധരഹിതരായിത്തീരുന്നതാണ്. ഇങ്ങിനെ ആകാശത്തിൽനിന്നു "മോഹനാ"സ്ത്രംപൊഴിച്ച്, ബോധരഹിതരായ ജനങ്ങളെ ജയിക്കുന്നതിന്നു ആകാശവിമാനത്തെ ഉപയോഗപ്പെടുത്താനുദ്ദേശിക്കുന്നുണ്ടു്. ഈയ്യിടെയായി "ശബ്ദപോഷിണി"എന്ന ഒരുതരം യന്ത്രങ്ങൾ കണ്ടുപിടിച്ചിട്ടുണ്ടു്. അവയുടെ സഹായംകൊണ്ടു ഒരാൾക്കു അയാളുടെ സംസാരശബ്ദം ഒന്നൊ രണ്ടൊ നാഴിക ദൂരത്തിരിക്കുന്ന ജനങ്ങളെ ശ്രവിപ്പിക്കുവാൻ സാധിക്കുന്നതാണ്. ഈ യന്ത്രത്തിന്റെ സഹായം അവലംബമാക്കി ആകാശവിമാനത്തിൽകയറി ഒരു വലിയ നഗരത്തിന്റെ ഉപരിഭാഗത്തുനിന്നു സംസാരിക്കുന്നതായാൽ, അദ്ദേഹത്തിന്റെ ശബ്ദം ഭേരീനിനാദത്തെ ജയിക്കുമാറു ഓരോ നഗരവാസിയുടേയും കർണ്ണത്തെ ഭേദിക്കുന്നതാണ്. ആരും അതു കേട്ടില്ലെന്നു വരുന്നതല്ല. കച്ചവടക്കാരുടെ സാമാനങ്ങളെപ്പററി ഇങ്ങിനെ പരസ്യങ്ങൾ പരത്തുവാൻ ആകാശവിമാനത്തെ ഉപയോഗിപ്പാൻ ഭാവമുണ്ടത്രെ. ഇപ്പോൾതന്നെ പരസ്യങ്ങൾ സകല സ്ഥലങ്ങളും സ്വാധീനപ്പെടുത്തിക്കഴിഞ്ഞിരിക്കുന്നു. പുള്ളിമാൻമിഴികളുടെ "കണ്ണട"യിലും, വൃദ്ധന്മാരുടെ കഷണ്ടിയിലുംകൂടി ഇപ്പോൾ പരസ്യങ്ങൾ പതിക്കുന്നുണ്ടത്രെ! ആകാശവിമാനത്തെ ഈ ഒരു കാൎയ്യത്തിന്നുംകൂടി ഉപയോഗിച്ച്, നഗരത്തിലെ ജനങ്ങളുടെ കണ്ണുകൾക്കു സ്വൈരം കൊടുക്കാതിരിപ്പാനുദ്ദേശിക്കുന്നത് കഷ്ടംതന്നെയാണ്. എന്നാൽ ഈ സൂത്രം സത്യമൂൎത്തിപ്രഭൃതികളെ അറിയിക്കാതെയിരുന്നാൽ നാട്ടുകാൎക്കു കുറച്ചു സ്വൈരമുണ്ടാകുമായിരുന്നു. അവരുടെ കണ്ണുംതന്നെ ഇപ്പോൾ പീരങ്കികളെ ജയിച്ചിരിക്കുന്നു. അതിന്നുമേലെ ഈ വിദ്യയും തുടങ്ങിയാൽ പിന്നെ സ്വൈരമെവിടെയാണ്?

## ചൈനയിലെ ഭാഷാപരിഷ്കരണം.

ചൈനയിൽനിന്നു തെക്കേഇന്ത്യ സന്ദൎശിപ്പാൻ വന്ന എന്റെ ഒരു സുഹൃത്തായ മിസ്റ്റർ എസ്സ്. എച്ച്. പെങ്ങ് എന്ന വിദ്യാൎത്ഥിശിരോമണി എന്റെ അതിഥിയായി ഒരു ദിവസം താമസിക്കയുണ്ടായപ്പോൾ എനിക്ക് അദ്ദേഹത്തോടു ചൈനയെപ്പററി പലസംഗതികളും സംസാരിക്കാൻ ഇടയാകയും തദവസരത്തിൽ അദ്ദേഹം ചൈനയിലെ ഭാഷാപരിഷ്കരണോദ്യമങ്ങളെപ്പററി ഇപ്രകാരം പ്രസ്താവിക്കയും ചെയ്തു:—

"രാഷ്ട്രീയവിഷയത്തിലും സാമുദായികവിഷയത്തിലുമെന്നപോലെതന്നെ സാഹിത്യത്തിലും ചൈനയിലെ യുവാക്കൾതന്നെയാ

ണ് നായകസ്ഥാനം വഹിക്കുന്നതു്. സകലവിധ പരിഷ്കാരങ്ങളും വരുത്തുന്നത് ഇവരുടെ ഉത്സാഹംനിമിത്തം മാത്രമാണ്. ചൈനയിലെ ഭാഷയുടെസ്ഥിതി വളരെ ശോചനീയമായിരുന്നു. ഭാഷാഭ്യസനം സിദ്ധിച്ച ജനങ്ങളുടെ തുകയും എത്രയോ ചെറുതായിരുന്നു. ഇരുപതു കൊല്ലങ്ങൾക്കുമുമ്പു് ചൈനയിൽ എഴുതുവാനും വായിപ്പാനും അറിഞ്ഞവർ 100ന് 7മാത്രമേയുണ്ടായിരുന്നുള്ളു. ഇത്രയും ചുരുങ്ങിയ ഈ സംഖ്യക്കുകാരണം ചൈനാഭാഷ പരിശീലിക്കുന്നതിലുള്ള പ്രയാസമായിരുന്നു. ഈ ഭാഷയിൽ 100000 അക്ഷരങ്ങളാണുള്ളത്. ഇവയെ അക്ഷരങ്ങൾ എന്നു പറഞ്ഞുകൂടാ. ചൈനാഭാഷയിൽ അക്ഷരങ്ങൾ ഇല്ലതന്നെ. ഈ ഒരുലക്ഷം അക്ഷരങ്ങളേയൊ അക്ഷരസമുച്ചയത്തേയൊ വാക്കുകളായിട്ടാണ് കരുതേണ്ടത്. എന്തെന്നാൽ ഇവ ഓരോന്നും ഓരോ ആശയങ്ങളെ വെളിപ്പെടുത്തുവാൻ പര്യാപ്തമായവയാണ്. ഈ ഒരുലക്ഷം വാക്കുകൾകൊണ്ടാണ് ചൈനഭാഷ ജീവിക്കുന്നതു്. അതിനാൽ ഈ ഒരു ലക്ഷം വാക്കുകൾ പഠിച്ചാൽ മാത്രമേ ആ ഭാഷയിൽ ഒരു സാധാരണജ്ഞാനം സിദ്ധിക്കുകയുള്ളു. അതു പഠിക്കുന്നത് വളരെ പ്രയാസവുമാണ്. അതിനാൽ ജനങ്ങൾ വിദ്യാശൂന്യരായിതീരുന്നതുകണ്ടു് ചൈനയിലെ യുവാക്കൾ അത്യധികം വ്യസനിച്ചു അതിനു ഒരു ഒരുപശാന്തിക്കായി പലവിദ്യകളും ആരാഞ്ഞു് ഒടുവിൽ അവർ ഈ ഒരുലക്ഷം വാക്കുകളിൽനിന്നു ഒരു ആയിരം വാക്കുകളെ തിരഞ്ഞെടുത്തു. ഈ ആയിരം വാക്കുകൾകൊണ്ടു മാത്രം ഭാഷയെ ക്രൂപീകരിപ്പാൻ അവർ തീർച്ചപ്പെടുത്തി. ചൈനാഭാഷയിലുള്ള പുസ്തകങ്ങളും മാസികകളും പത്രങ്ങളും ഗവൎമ്മെണ്ടുകല്പനകളും ഒക്കെ ഈ ആയിരം വാക്കുകൾകൊണ്ടു മാത്രം കുറിക്കപ്പെടണമെന്നു തീർച്ചപ്പെടുത്തി. അതു സാദ്ധ്യവുമായിത്തീൎന്നു. ഇപ്പോൾ ചൈനയിലെ ഭാഷ ഈ ആയിരം വാക്കുകളാണ്. ഇതു പ്രചാരത്തിൽ വരുത്തുവാൻ അവിടുത്തെ യുവാക്കൾതന്നെ ശ്രമിച്ചു. അവർ ഗ്രാമങ്ങൾതോറും നടന്നു ഈ നൂതന പദ്ധതിക്കു പ്രചാരംവരുത്തി. പത്തും പതിനഞ്ചും കൊല്ലങ്ങൾകൊണ്ടു ചൈനാഭാഷ പഠിക്കുവാൻ പ്രയാസമായിരുന്നത്, ഇപ്പോൾ നാലുമാസംകൊണ്ടു പഠിപ്പാൻ സാദ്ധ്യമായി. തന്നിമിത്തം ചൈനയിൽ കുഗ്രാമങ്ങളിൽ പോലും ജനങ്ങളുടെയിടയിൽ വിദ്യാഭ്യാസം പരന്നു. ഇപ്പോൾ 100ന് 22 വീതം വിദ്യാസമ്പന്നരാണ്. ഇതിന്നുകാരണം ഭാഷാപരിഷ്കരണവും, ഇതിന്നു ഹേതുഭൂതർ ചൈനയിലെ യുവാക്കളുമാണ്."

ശുദ്ധമലയാളവാക്യങ്ങൾ മാത്രം ഉപയോഗിച്ചു, കഴിയുന്നതും ആംഗലഭാഷയൊ സംസ്കൃതമോ കടംവാങ്ങാതെ കഴിക്കേണ്ടത് ആവശ്യമാണെന്നാണ് തോന്നുന്നതു്. ഭാഷയിൽ വാക്കുകൾ അനാവശ്യമായി വർദ്ധിപ്പിക്കുന്നത് തെററാണ്. എന്നാൽ ചില വാക്കുകൾ പു

ളുതായി സൃഷ്ടിക്കാതെയും നിവൃത്തിയില്ല. ഭാഷാപരിഷ്കരണത്തിന്നു ഉത്സാഹിക്കുന്നവക്ക് ചൈനയിലെ ഈ ശ്രമത്തെപ്പററിയ അറിവ് ഒരുപക്ഷെ സഹായമായിത്തീന്നേക്കാം.

കെ. വി.

കളി:— പന്തുകളികൊണ്ടു പണം സമ്പാദിക്കുവാൻ വയ്യുന്ന രാജ്യം ഇംഗ്ലണ്ടു മാത്രമാണ്. മത്സരപ്പന്തുകളിക്കുവേണ്ടി ശേഖരിച്ചുവരുന്ന കളിക്കാരിൽ ആയിരത്തിൽ അധികം ആളുകൾക്കു മാസ്സപ്പടി ഉണ്ട്. പന്തുകളി കാണാൻ വരുന്നവരൊക്കെ പണം കൊടുത്തു ടിക്കററ് വാങ്ങേണമെന്നത് കണിശമായ നിയമമാണ്. വലിയ മത്സരക്കളികളിൽ പതിനായിരം പവനിലും കവിഞ്ഞ സംഖ്യ പിരിഞ്ഞതായിറിക്കാർട്ടുണ്ട്. ചിലപ്പോൾ ഓരോ പ്രത്യേകകളിക്കാരന്നുവേണ്ടി ഒരു കളിയിലെ പിരിവ് തിരിച്ചുവെക്കും. ഇങ്ങിനേയുള്ള ധമ്മസ്ഥാപന കൊണ്ട് ഒരൊററ ദിവസത്തിന്നുള്ളിൽ അയ്യായിരം പവൻ കിട്ടിയവരും വളരെ ഉണ്ട്.

ഉറക്കില്ലായ്മ:— ഇതു ചില ആളുകൾക്കു ഒരു രോഗമായിട്ടു തന്നെ പരിണമിച്ചിട്ടുണ്ട്. ഉറങ്ങാൻ പോകുമ്പോൾ പുഴുങ്ങിയ ഒരു ബേമ്പായുള്ളിതിന്നു, അതിനുമീതെ ഒരു നാഴി തണുക്കാത്ത പാലും (കാച്ചിയതു്) കുടിച്ചാൽ നല്ല നിദ്ര ഉണ്ടാകേണ്ടതാണ്. കാലിൻെറ അടി തണുക്കുന്നുണ്ടെങ്കിൽ അത് കമ്പിളികൊണ്ടു പൊതിയണം. തണുത്ത കാലടികൊണ്ടാണ് മിക്കസമയത്തും ഉറക്കില്ലായ്മ ഉണ്ടാകുന്നതു്. കമിട്ടു (മുഖം കുത്തി) കിടന്നുറങ്ങുന്നതുകൊണ്ട് ഉറക്കില്ലായ്മ പൊയ്പ്പോകുമെന്നു പറയുന്നു. എന്തോ എന്നറിഞ്ഞില്ല, കമിട്ടു കിടക്കുമ്പോൾ കാലടിയുടെ തണുപ്പു പോയി അതു ചൂടായ്യരുന്നു.

യന്ത്രം:— ഇതിൻെറ സഹായംകൊണ്ട് നിവ്വഹിച്ചു പോരുന്ന ജോലികൾക്കു ൨ീമയില്ല. തീവണ്ടിയും, തീക്കപ്പലും, വിമാനവും, മോട്ടോറും മററും ഓട്ടുന്നതു് യന്ത്രസഹായത്താലാണ്. ഭൂമി കുഴിപ്പാനും മണ്ണെടുപ്പാനും യന്ത്രങ്ങളുണ്ട്. സൂചി, കത്തി, കടലാസ് മുതലായ അനേകസാധനങ്ങൾ ഉണ്ടാക്കുന്നതുകൂടാതെ നൂല് നൂല്ക്കാനും നെയ്യാനും യന്ത്രങ്ങൾ ഉണ്ട്. തീപ്പെട്ടിയുണ്ടാക്കുന്നതും ലോഹമെടുക്കുന്നതും യന്ത്രംകൊണ്ടാണ്. ഇങ്ങിനെ പണ്ടു വളരെ കൂലിക്കാരുടെ സഹായം വേണ്ടിവരുന്ന പലവിധജോലികളും എത്രയൊ എളുപ്പത്തിലും ചുരുങ്ങിയ സമയത്തിന്നുള്ളിലും യന്ത്രംകൊണ്ട് നടത്തിപ്പോരുന്നു. ഇയ്യിടെ യൂറോപ്പിൽ ഒരാൾ എട്ടു മണിക്കൂർകൊണ്ട് 600 ജോട് ചെരിപ്പുണ്ടാക്കിവിടുന്ന ഒരു യന്ത്രം കണ്ടുപിടിച്ചിരിക്കുന്നു.

പുസ്തകം കിട്ടാനുള്ള അവകാശം— ഏതൊരുവനും ഒരു പുസ്തകം എഴുതി അച്ചടിച്ചാൽ അതിൻെറ ഒരു പ്രതി സൌജന്യമായി ബ്രിട്ടീഷ് മ്യൂസിയമിൽ അയച്ചുകൊടുക്കേണ്ടതാണെന്ന ഒരു നിബന്ധന ഇന്നും നിലവിൽ ഉണ്ട്. ഇയ്യിടെ ഇങ്ങിനെ ചെയ്യാൻ വിട്ടുപോയ ഒരുവന്ന് മജിസ്ത്രേട്ട് 41 പവൻ പിഴ ഇട്ടിരിക്കുന്നു. മ്യൂസിയമിൽ ഇങ്ങിനെ കിട്ടുന്ന ഓരൊ ബുക്കും നശിച്ചുപോകുന്നവരെ സൂക്ഷിച്ചുവെക്കുന്നുണ്ട്. ഇങ്ങിനെ ഒരു കണിശമായ നിബന്ധന കേരളത്തിലും ഉണ്ടായിക്കാണുവാൻ എനിക്കു കലശലായ ഒരു ആഗ്രഹം ഉണ്ട്. ഒന്നാമതു ഭാഷാപോഷിണി യോഗക്കാരുടെ വകയായി ഒരു വലിയ പുസ്തകശാല ഏൎപ്പെടുത്തണം. ഏതൊരാളും ഒരു പുസ്തകം ഒരു പ്രതി അവിടെ അയച്ചു കൊടുക്കണം. ആ പ്രതിയിൽ അച്ചടിച്ച മാസവും കൊല്ലവും തിയ്യതിയും ഉണ്ടായിരിക്കേണമെന്നു മാത്രമല്ല, പുസ്തകം എഴുതിയ ആളുടെ പേരും വീട്ടുപേരും, ചുരുക്കവിവരവും ഉണ്ടായിരിക്കണം. ആളുടെ പടവും കൂടി ഉണ്ടെങ്കിൽ വളരെ നന്ന്. ഈ പുസ്തകങ്ങളൊക്കെ പുസ്തകശാലക്കാർ സൂക്ഷിക്കേണമെന്നു മാത്രമല്ല, നല്ല നല്ല പുസ്തകങ്ങൾ ജീൎണ്ണിച്ചു നശിച്ചുപോകാനിടയുണ്ടെന്നു കാണുമ്പോൾ പുതുതായി അച്ചടിച്ചു പുറത്താക്കാനുള്ള ഏൎപ്പാടുംകൂടി ഉണ്ടായിരിക്കേണ്ടതാണ്. സാഹിത്യത്തിൽ കഠിനമായ അപഹരണവും പിടിച്ചുപറിയും കളവും നടപ്പുള്ള ഈ കാലങ്ങളിൽ ഈ മാതിരി ഒരേൎപ്പാട് അത്യാവശ്യമാണ്.

നമ്മുടെ ആസ്പത്രികൾ;— ഈ സംസ്ഥാനത്തിൽ ആകപ്പാടെ ആയിരത്തിമുപ്പത്തെട്ട് ആസ്പത്രികൾ ഉണ്ട്. 104½ ലക്ഷം ജനങ്ങൾ ചികിത്സക്കു വന്നിട്ടുണ്ട്. ഇതൊക്കെ കഴിഞ്ഞകൊല്ലത്തിലാണ്. 13½ ലക്ഷം ജനങ്ങൾ സാംക്രമികരോഗാതുരന്മാരായിരുന്നു. ഈ സാംക്രമികരോഗങ്ങൾ മിക്കതും മലമ്പനി, അരിശസ്സ്, പറങ്കിപ്പുണ്ണ് മുതലായതായിരുന്നു. രോഗികളായി ആസ്പത്രിയിൽ ചികിത്സക്കുവന്നവരിൽ പതിമൂവായിരത്തിമുന്നൂററമ്പത്തെട്ടുപേർ കുഷ്ഠരോഗികളായിരുന്നു. സ്കൂൾകുട്ടികളുടെ ഇടയിൽ 47 കുഷ്ഠരോഗികൾ ഉണ്ടായിരുന്നു. അസ്ഥിസ്രാവരോഗികൾ 65800-വും, ഉഷ്ണപ്പുണ്ണുരോഗികൾ എണ്പത്തയ്യായിരത്തൊരുന്നൂറെറാന്നും ഉണ്ടായിരുന്നു. ഉഷ്ണപ്പുണ്ണിൻെറ രോഗചികിത്സക്കുമാത്രം പതിനേഴുലക്ഷം ഉറുപ്പിക ചിലവാക്കേണ്ടിവന്നുപോലും. ക്ഷയരോഗികളുടെ എണ്ണം ഏകദേശം മുപ്പത്തെണ്ണായിരമായിരുന്നു. എഴുപത്താറായിരത്തിനാല്പത്താറാളുകൾ കൊക്കക്കീടത്തിൻെറ ബാധ ഏററവരായിരുന്നു.

കുററംകണ്ടുപിടിക്കൽ—ദൈവികമാനസം ഉപയോഗിച്ചു കുററക്കാരെ കണ്ടുപിടിക്കാമെന്നാണ് കോണൻസോയിൽ പറയുന്നത്. സ്മാരവിദ്യകൊണ്ട് മയങ്ങിപ്പോയ ഒരു മനുഷ്യൻ ആ അവസരത്തിൽ

സകലചോദ്യത്തിന്നും യഥാൎത്ഥമായ സമാധാനം പറയുവാനെ ശക്തനാകുകയുള്ളു. ആയാൾക്ക ആ സമയത്ത് ത്രികാലജ്ഞാനമുണ്ടാകുംമന്നാണ് കേൾക്കുന്നത്. ജന്മങ്ങൾ പലതുമുണ്ടെന്നു ഈ നിലയിൽ കിടന്ന ഒരു സ്ത്രീപറകയുണ്ടായി. ഈ വിദ്യ പ്രചരിച്ചുവന്നാൽ ഭൂമിയിൽ കുററക്കാർ അധികമുണ്ടാകാനിടയില്ല.

കൊലക്കുററം—വെറും നേരമ്പോക്കിന്നുവേണ്ടി മാത്രം കുലക്കുററം തസ്കന്മാരും കൂടി നടത്താറില്ല. ഇയ്യിടെ ഇംഗ്ലണ്ടിലെ രണ്ട് വിദ്യാൎത്ഥികൾ നേരമ്പോക്കിന്ന് വേണ്ടി രണ്ടാളെവെടിവെച്ചുകൊന്നിരിക്കുന്നു. ഒരാൾ പിടച്ചു മരിക്കുന്നതു കാണുവാൻ ഈ കൂട്ടൎക്ക അത്യന്തം കൌതുകമായിരുന്നു പൂൎവ്വജന്മത്തിൽ ഇവർ ഇരുവരും പൂച്ചകളായിരിക്കുമോ എന്നു സംശയിക്കേണ്ടിവന്നിരിക്കുന്നു. എന്തുകൊണ്ടെന്നാൽ പൂച്ച അനേകമാതിരി ദ്രോഹങ്ങൾ നടത്തിയതിൽപിന്നെ മാത്രമെ താൻ പിടിച്ച ചെറുജന്തുക്കളെ കൊന്നുവിടുക പതിവുള്ളു.

# അന്യസഹജീവികൾ.

## * കേരള സംസ്കാരം.

ഞാൻ വിഷയം തിരഞ്ഞെടുത്തതു ഒരു പ്രത്യേക ഉദ്ദേശത്തോടുകൂടിയാണ്. കേരളത്തിന്നു പ്രത്യേകമായി ഒരു സംസ്കാരമുണ്ടോ എന്നും കേരളീയരിൽതന്നെ പലൎക്കും സംശയമുണ്ട്. അന്യന്മാരുടെ കഥ പിന്നെ പറയേണ്ടതുമില്ല. നമ്മുടെ ചരിത്രത്തെപ്പററി അധികവും എഴുതീട്ടുള്ളത് അന്യന്മാരാണ്. നമ്മുടെ ഇടയിൽ ചുരുക്കം ചിലൎക്ക മാത്രമെ ആ വിഷയത്തിൽ ബുദ്ധി പോയിട്ടുള്ളു. ഇക്കാൎയ്യത്തിൽ കൊച്ചിയിലുള്ള നമ്മുടെ സഹോദരന്മാർ മററുള്ളവരെ അപേക്ഷിച്ചു ഭാഗ്യവാന്മാരാണെന്നു പറയണം. ശ്രീമാൻന്മാരായ സി. പി. അച്ചുതമേനോൻ, കെ. പി. പത്മനാഭമേനോൻ എന്നീ ദേശാഭിമാനികളുടെ നിരന്തരപരിശ്രമംകൊണ്ടു ഒരു നല്ല 'സ്റ്റേററു മാനുവലും ഒരു കൊച്ചിരാജ്യചരിത്രവും അവൎക്ക സഹായത്തമായിട്ടുണ്ടു. പിന്നെ ഭേദം നമ്മുടെ തിരുവതാംകൂർ സഹോദരന്മാരാണ്. സ്റ്റേററു മാനുവലിന്നു പുറമെ ഒരു ദേശചരിത്രവും അവൎക്കുണ്ട്. ബ്രിട്ടീഷ് മലബാർകാൎക്ക ലോഗൻസ് മാനുവൽ മാത്രമെ ഇപ്പോഴും ശരണമായിട്ടുള്ളു. ഡോക്ടർ ഗുണ്ടൎട്ടിന്റെ ചരിത്രസംബന്ധമായ ചില ലേഖനങ്ങളും ഇല്ലെന്നില്ല. വിദേശീയ

* മദിരാശിയിലെ ലോയിലാകോളേജ മലയാളിസമാജത്തിന്റെ പ്രഥമയോഗം ദിവാൻബഹദൂർ കൃഷ്ണൻനായരവൎകളുടെ അദ്ധ്യക്ഷതയിൽ ഈയിടെ കൂടിയ അവസരത്തിൽ സൎവ്വകലാശാലയിലെ മലയാളം റീഡറായ ശ്രീമാൻ ചേലനാട്ടു അച്ചുതമേനോൻ ചെയ്ത പ്രസംഗം.

രായ നമ്മുടെ ചരിത്രകാരന്മാരെ ഞാൻ ആക്ഷേപിക്കയാണെന്നു നിങ്ങൾ ആരും തെറ്റിദ്ധരിക്കരുത്. അവരുടെ സ്തുത്യർഹങ്ങളായ പ്രയത്നങ്ങളെക്കുറിച്ചു നാം എന്നെന്നേക്കും അവരോടു കടപ്പെട്ടവരാണ്. അവരുടെ നേരെ നമുക്കുള്ള കൃതജ്ഞത ഇത്രയെന്നു പറവാൻ പ്രയാസമാണ്. പക്ഷെ അവരുടെ പരിശ്രമഫലങ്ങളെല്ലാം ചരിത്രസോപാനത്തിന്റെ ആദ്യത്തെ പടികളാണെന്നും ഇനിയും കുറെ അധികം പടികൾ കെട്ടിത്തീർക്കേണ്ടതായിട്ടുണ്ടെന്നും നാം എപ്പോഴും ഓർക്കേണ്ടതാണ്. ഈ കൃത്യം നിർവ്വഹിക്കേണ്ടതിന്നു ഇനിയും അന്യന്മാരെ ആശ്രയിക്കുന്നതു നമ്മുടെ ദേശാഭിമാനത്തിന്റെയൊ സ്വരാജ്യസ്നേഹത്തിന്റെയൊ ലക്ഷണമാകുന്നതും അല്ല.

നമ്മുടെ സ്വഭാവത്തിന്റെയും ആചാരങ്ങളുടേയും ആന്തരതത്വങ്ങൾ നമ്മെപ്പോലെ മററുള്ളവക്കു അറിവാൻ സാധിക്കുന്നതല്ല. ഈ ന്യൂനത വിദേശീയർ എഴുതുന്ന ചരിത്രത്തേയും ബാധിക്കാതെ തരമില്ല. അവക്കു ഈ വിഷയത്തിൽ നേരിടാവുന്ന പ്രതിബന്ധങ്ങളുടെ സ്വഭാവം കാണിക്കുവാനായൊരു ദൃഷ്ടാന്തം പറയുന്നതു് സന്ദർഭോചിതമാകുമെന്നു വിശ്വസിക്കുന്നു. പൌരസ്ത്യകാര്യ്യങ്ങളിൽ അന്വേഷണം ചെയ്തുവന്നിരുന്ന ഒരു പാശ്ചാത്യപണ്ഡിതന്റെ കയ്യിൽ ഒരിക്കൽ ഒരു ഗ്രന്ഥത്തിന്റെ രണ്ടു കയ്യെഴുത്തുപ്രതികൾ കിട്ടുകയുണ്ടായി. ഒന്നിൽ "ശ്രീശൈലാചാര്യ്യകൃതം" എന്നും മററതിൽ "തിരുമലയാചാര്യ്യനാൽ ചെയ്യപ്പെട്ടതു" എന്നും കണ്ടു. ഇതുരണ്ടും രണ്ടാളുകളായിരിക്കുമോ എന്നു അദ്ദേഹത്തിന്നു സംശയമായി. സംശയം തീർക്കാനായി മററു പല ഗ്രന്ഥങ്ങളും നോക്കി. ഇങ്ങിനെ കുറേക്കാലം കഴിഞ്ഞപ്പോൾ അദ്ദേഹം യാദൃച്ഛികമായി ഒരു തെക്കെ ഇന്ത്യക്കാരനെ കാണ്മാനിടയായി. തന്റെ സംശയത്തെപ്പററി ആയാളോടു പറഞ്ഞു. അപ്പോഴാണ് "ശ്രീശൈലാചാര്യ്യകൃതം" എന്നുള്ളതിന്റെ തമിഴ് തർജ്ജമയാണ് "തിരുമലയാചാര്യ്യനാൽ ചെയ്യപ്പെട്ടത്" എന്നും ഇതുരണ്ടും ഒരാളുതന്നെയാണെന്നും അറിഞ്ഞത്. ഈ സ്വല്പസംഗതിക്കുവേണ്ടി എത്ര സമയനഷ്ടം വേണ്ടിവന്നു. ഈ നാട്ടുകാക്കു ഇങ്ങിനെയൊരു സംശയവും അതിന്റെ നിവൃത്തിക്ക് ഇത്ര കാലവ്യയവും ഉണ്ടാവുന്നതല്ല. ഞാനിത്രയും പറഞ്ഞതിന്റെ താല്പര്യം നമ്മുടെ ചരിത്രം ആരാഞ്ഞറിഞ്ഞു എഴുതേണ്ടകാര്യ്യത്തിൽ നാം ഇതുവരെ കാണിച്ച അനാസ്ഥക്ക് ഇനിമേലിലെങ്കിലും നമ്മുടെ ഹൃദയത്തിൽ സ്ഥലം കൊടുക്കരുതെന്നും ഭാവിപൌരന്മാരായ നിങ്ങൾക്ക് ഇതിൽ ഒരു പ്രത്യേക കടമയുണ്ടെന്നും നിങ്ങളെ ഓർമ്മപ്പെടുത്തുകമാത്രമാകുന്നു.

നമ്മുടെ അശ്രദ്ധകൊണ്ടു മററുള്ളവക്കു നമ്മെപ്പററി പല തെററിദ്ധാരണകളും ഉണ്ടായിട്ടുണ്ട്. കേരളീയർ നാഗരികം കുറഞ്ഞവരാ

യിരുന്നു എന്നും, പരിഷ്കൃതജനങ്ങളുടെ ഇടയിലില്ലാത്ത പല ആചാരങ്ങൾക്കും കേരളം ഒരു കേന്ദ്രമായിരുന്നുവെന്നും പലരും ഘോഷിക്കുന്നതായി നിങ്ങളും കേട്ടിട്ടുണ്ടായിരിക്കും. നമ്മളെ മനുഷ്യരാക്കിത്തീൎത്തു ആദ്യം ആൎയ്യന്മാരാണെന്നും, അവരുമായിട്ടുള്ള സംബന്ധത്തിന്നു സംഗതിവന്നിട്ടില്ലെങ്കിൽ നാം ഇന്നും കാടന്മാരായിത്തന്നെ ഇരിക്കുമായിരുന്നുവെന്നും വിശ്വസിക്കുന്നവർ ഇന്നും പലരുമുണ്ട്. അതുപോലെ തന്നെ തമിഴരാണ് നമുക്കു ഒരു ഭാഷയുണ്ടാക്കിത്തന്നതെന്നും, അവരിൽ ഉൾപ്പെട്ട ഒരു കൂട്ടരായിരുന്നു കേരളീയരെന്നും ചില ചരിത്രകാരന്മാർ പുറപ്പെടുവിച്ച സിദ്ധാന്തത്തിന്നും ഇനും ക്ഷയം തട്ടീട്ടില്ല. ഈ വക സിദ്ധാന്തങ്ങളുടെ പരമാൎത്ഥം പരിശോധിക്കുവാൻ ഇപ്പോൾ സമയവും സൌകൎയ്യവുമില്ല. അതു മറ്റൊരു പ്രകരണത്തിലാവാമെന്നു കരുതി ആ ഭാഗം വിസ്തരിക്കുന്നില്ല. എന്നാൽ ഒന്നുരണ്ടു സംഗതികൾ മാത്രം പ്രസ്താവിക്കാം. ആൎയ്യന്മാരുടെ ഇടയിലൊ തമിഴരുടെ ഇടയിലൊ കാണാത്ത മരുമക്കത്തായം മുതലായ സമ്പ്രദായങ്ങൾ കേരളത്തിൽ വേരൂന്നാനും, ആൎയ്യദ്രാവിഡസംസൎഗ്ഗത്തിന്നുശേഷവും അവ നിലനിന്നു വരുവാനും കാരണമെന്തെന്നു മേല്പറഞ്ഞ 'സിദ്ധാന്തികൾ" ആലോചിച്ചിട്ടില്ല. ഇതിൽ നിന്നു ഊഹിക്കേണ്ടതു് ആൎയ്യന്മാരിൽനിന്നും തമിഴരിൽനിന്നും നമുക്കുകിട്ടിയ നാഗരികത്തിന്നു പുറമെ കേരളീയൎക്കു പ്രത്യേകമായി ചിലതെല്ലാം ഉണ്ടായിരുന്നു എന്നാണല്ലൊ. ഇങ്ങിനെയുള്ള വിശേഷവിധികൾ നല്ലവണ്ണം പരിശോധിച്ചു അവയിൽക്കൂടെ കേരളചരിത്രഭണ്ഡാകാരം തുറന്നുവെങ്കിലല്ലാതെ യഥാൎത്ഥമറിയാനും ഞെരുക്കമാണ്.

ഇനി ചരിത്രലക്ഷ്യങ്ങൾ നോക്കുന്നതായാലും കേരളത്തിന്നു അതിപ്രാചീനകാലം മുതല്ക്കുതന്നെ ഒരു നല്ല നില കിട്ടീട്ടുണ്ടെന്നു കാണാവുന്നതാണ്. സൊളൊമൻ രാജാവിന്റെ കാലത്തു് അതായത്— ഏകദേശം മൂവ്വായിരം കൊല്ലം മുമ്പ് കേരളത്തിൽ മാത്രം ഉണ്ടായിരുന്ന ചില സസ്യങ്ങളെപ്പറ്റിയും ചില ജന്തുക്കളെപ്പറ്റിയും പാശ്ചാത്യൎക്കു വിവരമുണ്ടായിരുന്നുവെന്നതിലേക്കു് അവരുടെ ഗ്രന്ഥങ്ങൾതന്നെ സാക്ഷ്യം വഹിക്കുന്നുണ്ടു്. അക്കാലത്തു ആ രാജാവിന്റെ കീഴിലുണ്ടായിരുന്ന നാവികന്മാർ മൂന്നുകൊല്ലത്തിലൊരിക്കൽ സ്വൎണ്ണം, വെള്ളി, ആനക്കൊമ്പു്, കുരങ്ങന്മാർ, മയിലുകൾ മുതലായവ ആ രാജാവിന്നു "ബേപ്പൂർ" എന്ന സ്ഥലത്തുനിന്നു കൊണ്ടുപോയി കൊടുത്തിരുന്നുവെന്നും അവരുടെ ഗ്രന്ഥങ്ങളിൽ കാണുന്നു. കാൎത്തേജ്പട്ടണത്തിന്റെ ഗോപുരവാതിലുകൾ മലയാളത്തിൽനിന്നു കൊണ്ടുവന്ന ചന്ദനമരംകൊണ്ടുണ്ടാക്കിയതായിരുന്നുവെന്നു മിസ്റ്റർ. ബോസ് വെൎത്ത്സ്മിത്ത് എന്ന ചരിത്രകാരൻ പ്രസ്താവിക്കുന്നുണ്ടു്. സോളൊമന്റെ കാലത്തിന്നു വളരെ മുമ്പുതന്നെ ഫിനീഷ്യന്മാർ എന്നു പ്രസിദ്ധന്മാരായ

വ്യാപാരികം കേരളത്തിലെ തുറമുഖങ്ങളിൽവന്നു കച്ചവടം നടത്തിയിരുന്നുവെന്നുള്ളതിലേക്കും തെളിവുകൾ ഉണ്ട്. അവരെ തുടൎന്നു ജൂതന്മാർ, അറബികൾ എന്നിവരും, കേരളവുമായി വ്യാപാരം നടത്തിയിരുന്നവരാണെന്നുള്ളതിലേക്ക് നാം സാധാരണ ഉപയോഗിക്കുന്ന "കത്ത്", 'കരാറ്', 'തകരാറ്' 'ഇനാം', 'അസ്സൽ' എന്നീ അറബിഭാഷാപദങ്ങൾ തന്നെ സാക്ഷികളാണ്, മഹാഭാരതത്തിൽ രാജസൂയത്തിന്നു മുമ്പ് ദിഗ്വിജയം വേണ്ടിവന്നപ്പോൾ യുദ്ധംചെയ്യാതെ ദൂതന്മാരെ അയച്ചു സ്വാധീനമാക്കിയ രാജ്യങ്ങളുടെ കൂട്ടത്തിൽ കേരളത്തിന്നും ഒരു സ്ഥാനം കാണുന്നുണ്ട്. ഇത്തരത്തിൽ അകലയുള്ളവരെ ആകർഷിക്കത്തക്ക ഐശ്വൎയ്യസമൃദ്ധിയും അവരുമായി ഇടപഴകി കച്ചവടം നടത്തുവാനുള്ള സാമൎത്ഥ്യവും ഉണ്ടായിരുന്ന കേരളീയൎക്ക് സ്വന്തമായ ഒരു ഭാഷയൊ നാഗരീകമൊ ഉണ്ടായിരുന്നില്ലെന്നുള്ള അഭിപ്രായം കാൎയ്യങ്ങളുടെ സൂക്ഷ്മം അറിഞ്ഞു് പുറപ്പെടുവിച്ചതല്ലെന്നു ഇനി പ്രത്യേകം പറയേണ്ടതായിട്ടില്ല.

അടുത്തുള്ള തമിഴർ നമ്മെപ്പററിയുള്ള തെററിദ്ധാരണകൾ വിചാരിച്ചുനോക്കുമ്പോൾ അകലെയുള്ളവർ എത്രയോ ഭേദമാണ്. തമിഴരുമായിട്ടുള്ള സമ്പൎക്കം, അവരുടെ അഭിപ്രായപ്രകാരംതന്നെ ക്രിസ്തുവൎഷം 2-ാം നൂററാണ്ടിനുശേഷമെ തുടങ്ങീട്ടുള്ളു. അതിനുമുമ്പുതന്നെ കേരളീയർ മനുഷ്യപരിണാമപദ്ധതിയിൽ ഒരു ഭേദപ്പെട്ട സ്ഥിതിയിലെത്തീട്ടുണ്ടെന്നുള്ളതിലേക്ക് മേല്പറഞ്ഞ ലക്ഷ്യങ്ങൾക്കുപുറമെ നമ്മുടെ ഐതിഹ്യങ്ങളും സാക്ഷികളാണ്. പെരുമാക്കന്മാർ കേരളത്തിലേക്കു വരുന്നതിന്നുമുമ്പായി ഒരുതരം "കക്ഷിഭരണം" കേരളത്തിൽ നടപ്പുണ്ടായിരുന്നുവെന്നും, കക്ഷിമത്സരം കലശലായപ്പോൾ പുറമെനിന്നു ഒരാളെ കൊണ്ടുവന്നു രാജ്യകാൎയ്യങ്ങൾ ഭരമേല്പിക്കുവാൻ തിരുനാവായവെച്ചു മാമാങ്കത്തിൽ കൂട്ടംകൂടി തീൎച്ചപ്പെടുത്തിയെന്നും, പ്രബലമായ ഒരൈതിഹ്യം ഇന്നും നിലനിന്നുവരുന്നുണ്ട്. ചരിത്രസംബന്ധമായ അന്വേഷണങ്ങൾകൊണ്ടു ഈ ഐതിഹ്യത്തിന്നു അനുകൂലമായ സംഗതികളാണ് ഇതുവരെ കണ്ടെത്തീട്ടുള്ളതും. എനിക്കു അനുവദിച്ചിട്ടുള്ള സമയം അതിക്രമിക്കുമൊ എന്നു ശങ്കിക്കുകയാൽ ഈ ഭാഗം ഇതിലധികം വിസ്തരിക്കുന്നില്ല. ചുരുക്കിപ്പറയുന്നതായാൽ ദക്ഷിണേന്ത്യയിൽ ചരിത്രപ്രസിദ്ധങ്ങളായ രാജവംശങ്ങൾ അവരുടെ ജയഭേരി അടിക്കാൻതുടങ്ങിയതിന്നു വളരെ മുമ്പുതന്നെ കേരളത്തിന്നു ഒരു പ്രാധാന്യം സിദ്ധിച്ചിട്ടുണ്ടെന്നും,കേരളീയർ ഒരുപരിഷ്കൃതസമുദായത്തിന്നുണ്ടാകേണ്ടുന്ന സംസ്കാരം പ്രാപിച്ചിട്ടുള്ളവരാണെന്നും ഊഹിക്കുവാൻ ധാരാളം മാൎഗ്ഗമുണ്ടെന്നുള്ളതിലേക്കു സംശയമില്ല.

(തുടരും)